

# PNEUMATOLOGY
# പരിശുദ്ധാത്മശാസ്ത്രം
## PART 1

LEADING CHRISTIAN MAGAZINE

# ആത്മാഭിഷേകം

2016 ഒക്ടോബർ വാല്യം 1 ലക്കം 10




## പരിശുദ്ധാത്മശാസ്ത്രം

പരിശുദ്ധാത്മശാസ്ത്രത്തെയും പരിശുദ്ധാത്മനിറവിനെയും, പരിശുദ്ധാത്മാഭിഷേകത്തെയും ഒക്കെ കടലാസ്സിലേക്ക്, പകർത്തുവാനും, ഇത് വായിക്കുന്നവരുടെ ഹൃദയത്തിൽ വായിക്കുമ്പോൾ തന്നെ, ''അഭിഷേകം'' ഉണ്ടാകുവാനും ഇടവരണമെ എന്ന് പ്രാർത്ഥിച്ചുകൊണ്ടാരംഭിക്കുന്നു. "ഞാൻ പിതാവിന്റെ അടുക്കൽനിന്ന് നിങ്ങൾക്ക് അയപ്പാനുള്ള കാര്യസ്ഥനായി, പിതാവിന്റെ അടുക്കൽ നിന്ന് പുറപ്പെടുന്ന "സത്യാത്മാവ്" വരുമ്പോൾ അവൻ എന്നെക്കുറിച്ച് സാക്ഷ്യം പറയും" (യോഹ.15:26). "അവൻ ( പരിശുദ്ധാത്മാവ് ) വന്ന്, പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തിന് ബോധ്യം വരുത്തും" (യോഹ.16:8). "സത്യത്തിന്റെ ആത്മാവു വരുമ്പോൾ അവൻ നിങ്ങളെ സകല സത്യത്തിലും വഴി നടത്തും; അവൻ സ്വയമായി സംസാരിക്കാതെ താൻ കേൾക്കുന്നത് സംസാരിക്കുകയും വരുവാനുള്ളത് നിങ്ങൾക്ക് അറിയിച്ചുതരികയും ചെയ്യും. അവൻ എനിക്കുള്ളതിൽനിന്ന് എടുത്ത് നിങ്ങൾക്ക് അറിയിച്ചുതരുന്നതുകൊണ്ട് എന്നെ മഹത്വപ്പെടുത്തും. പിതാവിനുള്ളതൊക്കെയും എനിക്കുള്ളത്; അതുകൊണ്ടാണ് അവൻ എനിക്കുള്ളതിൽ നിന്നെടുത്ത് നിങ്ങൾക്ക് അറിയിച്ചുതരും എന്ന് ഞാൻ പറഞ്ഞത്'' (യോഹ.16:13,14,15).

ചീഫ് എഡിറ്റർ: ദേവസ്യാ മുല്ലക്കരസാർ
എഡിറ്റർ: പാ:ടോമിച്ചൻ വട്ടപ്പാറയിൽ
സർക്കുലേഷൻ മാനേജർ:
പാ: ജോയിച്ചൻ
പാ: അബ്രാഹം, പാ: ജോർജ്ജ്,
പാ:സോജൻ പാ: യേശുദാസ്,
പാ: മാത്യു, പാ: ജോണി
ആർട്ടിസ്റ്റ്: ജോസഫ് ഫ്രാൻസിസ്,
ഡി.റ്റി.പി: സ്നേഹ ജോയിച്ചൻ,
ഇംഗ്ലീഷ് പരിഭാഷ: സംഗീത ചെന്നൈ,
സ്റ്റിൽസ്: പ്രിൻസ് കമ്പല്ലൂർ,
ലേഔട്ട് & ഡിസൈൻ : ജസ്റ്റിൻ

പഴയ - പുതിയ നിയമങ്ങളിലെ ദൈവസ്നേഹത്തിന്റെ വ്യവസ്ഥ, വ്യത്യസ്തങ്ങളാണ്. ആ വ്യത്യാസം വൈദികരും, പാസ്റ്റർമാരും, ബ്രദേഴ്സും, സിസ്റ്റേഴ്സും, ലീഡേഴ്സും തിരിച്ചറിയണം. ഇല്ലെങ്കിൽ അവരുടെ ശുശ്രൂഷകളിൽ ദുരുപദേശം കടന്നുകൂടും. പഴയനിയമത്തിൽ ലേവ്യാപുസ്തകം 20:10-ൽ വ്യഭിചാരികൾക്ക് മരണശിക്ഷയാണ് വിധിച്ചിരിക്കുന്നത്. വേശ്യാവൃത്തി ചെയ്യുന്ന പുരുഷനും സ്ത്രീയും, ഇരുവരും മരണശിക്ഷ അനുഭവിക്കണം എന്നാണ് ആവർത്തനപുസ്തകവും (22:22) പഠിപ്പിക്കുന്നത്. അതാണ് പഴയനിയമവ്യവസ്ഥ. അത് തെറ്റാണെന്നല്ല പറയുന്നത്. ക്രിസ്തുവിന് മുമ്പ് (B.C) അങ്ങനെയായിരുന്നു. എന്നാൽ A.D യിലങ്ങനെയല്ല. വ്യവസ്ഥ മാറി. ഇപ്പോൾ പുതിയനിയമവ്യവസ്ഥയാണ്.

പുതിയനിയമവ്യവസ്ഥയനുസരിച്ച് യോഹ.8-ൽ 1 മുതൽ 11 വരെയുള്ള വചനങ്ങളിൽ ശാസ്ത്രിമാരും പരീശന്മാരും വ്യഭിചാരത്തിൽ പിടിച്ചിരുന്ന ഒരു സ്ത്രീയെ കൊണ്ടുവന്ന് കല്ലെറിഞ്ഞ് കൊല്ലുന്നതിനെപ്പറ്റി യേശുവിന്റെ അഭിപ്രായം ചോദിച്ച, സുവിശേഷ സംഭവം ഉണ്ടല്ലോ. നിങ്ങളിൽ പാപമില്ലാത്തവൻ അവളെ ഒന്നാമത് കല്ലെറിയട്ടെ എന്നാണല്ലോ വൻ കൃപാമൂർത്തിയായ യേശുക്രിസ്തു മറുപടി പറഞ്ഞത്. മന:സാക്ഷിയുടെ ആക്ഷേപം ഹേതുവായി അവർ

Fundamental Knowledge of True Theology - Chapter :16

# PNEUMATOLOGY PART 1

# പരിശുദ്ധാത്മശാസ്ത്രം

കല്ലെറിയാതെ പോയപ്പോൾ ആരും നിന്നെ ശിക്ഷിച്ചില്ലേ എന്ന ചോദ്യത്തിന് അവൾ ഇല്ല കർത്താവെ എന്ന് മറുപടി പറഞ്ഞപ്പോൾ "ഞാനും നിനക്ക് ശിക്ഷ വിധിക്കുന്നില്ല; പോക, ഇനി പാപം ചെയ്യരുത്'' എന്നാണ് കർത്താവായ യേശുക്രിസ്തു പറഞ്ഞത്. ഇതാണ് പുതിയനിയമവ്യവസ്ഥ.

ലൂക്കോ.23-ൽ നാം അനുതപിച്ച കള്ളന് ലഭിച്ച ആനുകൂല്യം കാണുന്നു. "നീ രാജത്വം പ്രാപിച്ച് വരുമ്പോൾ എന്നെ ഓർത്തുകൊള്ളണമെ" (23:42). അനുതപിച്ച കള്ളന്റെ ആത്മനൊമ്പരം ദൈവം മനസ്സിലാക്കി. പുതിയനിയമവ്യവസ്ഥ എന്നത് അകം അനുതാപപൂർണ്ണമായി വിശ്വാസത്തിലേക്കും, ആരാധനയിലേക്കും വരുന്നുണ്ടോ, അഥവാ, മാനസാന്തരപ്പെട്ട് അതിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുന്നുണ്ടോ എന്നുള്ളതാണ്. അല്ലാതെ പുറമെ പത്ത് നൂറ് അടികൊള്ളുന്നുണ്ടോ എന്നതും പുറമെ ആഭരണാദികൾ ധരിക്കാതിരിക്കുന്നുണ്ടോ എന്നതും ഉപവാസശൈലിയിൽ വലിയ ആത്മീയനാണെന്ന് ഭാവിക്കുന്നുണ്ടോ എന്നതും ഒന്നുമല്ല. പഴയനിയമ-പുതിയനിയമവ്യവസ്ഥകൾ തമ്മിലുള്ള ആടും ആനയും പോലെയുള്ള ഈ വ്യത്യാസം (അജഗജാന്തരം) നാം തിരിച്ചറിയുന്നില്ലെങ്കിൽ ഒരാൾക്കും ആത്മാവിലും സത്യത്തിലും ദൈവത്തെ (യോഹ.4:24) ആരാധിക്കുവാൻ കഴിയുകയില്ല.

ദൈവം ആ അനുതപിച്ച കള്ളന് നൽകിയ സുവർണ്ണസർട്ടിഫിക്കറ്റ് "ഇന്ന് നീ എന്നോടുകൂടെ പറുദീസയിൽ ഇരിക്കും" (43) എന്നാണ്. എന്ന് പറഞ്ഞാൽ, നാടൻഭാഷയിൽ "രൊക്കം സ്വർഗ്ഗം" എന്നാണ്. ഇതാണ് പുതിയനിയമവ്യവസ്ഥ. പുതിയനിയമത്തിലെ ദൈവം കർത്താവായ യേശുക്രിസ്തുവാണ്. യേശുവത്രെ നമ്മുടെ പാപവിമോചകനും അന്തിമ വിധിയാളനും. അവനും യഹോവയും ഒന്നുതന്നെയാണ് (യോഹ.10:30). ജഡം ധരിച്ച യഹോവയത്രെ യേശു. ഈ രക്ഷകനായ ക്രിസ്തുവിന്റെ കൃപാസ്വഭാവം, രണ്ടു സുവിശേഷ ഉദാഹരണങ്ങളിലൂടെ പറയുകയായിരുന്നു. പരിശുദ്ധാത്മാവിനെപ്പറ്റി നേരത്തെ പറഞ്ഞതെന്താണ്? "അവൻ സ്വയമായി സംസാരിക്കാതെ താൻ കേൾക്കുന്നത് സംസാരിക്കുകയും വരുവാനുള്ളത് നിങ്ങൾക്ക് അറിയിച്ചുതരികയും ചെയ്യും. അവൻ എനിക്കുള്ളതിൽ നിന്നെടുത്ത് നിങ്ങൾക്കറിയിച്ചുതരും'' (യോഹ.16:14) എന്നല്ലോ. "സത്യാത്മാവു വരുമ്പോൾ അവൻ എന്നെക്കുറിച്ച് സാക്ഷ്യം പറയും" (യോഹ.15:26).

അതായത് പഴയനിയമവ്യവസ്ഥക്ക് ഘടകവിരുദ്ധമായി, പുതിയനിയമവ്യവസ്ഥയിലെ ദൈവകൃപാമഹത്വത്തിനനുസരിച്ച് മാത്രമെ പരിശുദ്ധാത്മാവു വെളിപ്പെടുത്തിക്കൊടുക്കുകയുള്ളു. പരിശുദ്ധാത്മാവ് കാണിക്കുന്നു എന്നും പറഞ്ഞ് അവർക്കൊക്കെ ദർശനത്തിൽ കിട്ടുന്ന ഒട്ടനവധി കാര്യങ്ങൾ ദൈവജനത്തോടു പറഞ്ഞ്

## CONTENTS


പരിശുദ്ധാത്മ ശാസ്ത്രം........2-15
പ്രവചനം നിവൃത്തിയായി........06
കുഞ്ഞുങ്ങളെ അനുഗ്രഹിക്കുന്ന യേശു........11
യേശു സൗഖ്യമാക്കി........15
ആരാധനാ കേന്ദ്രങ്ങളും ശുശ്രൂഷകരും........16-20
പരിശുദ്ധാത്മ ശാസ്ത്രം........22-33
വാർത്തകൾ........34
പ്രോഗ്രാം കലണ്ടർ........35

## Fundamental Knowledge of True Theology - Chapter :16

# PNEUMATOLOGY PART 1

# പരിശുദ്ധാത്മശാസ്ത്രം

കൺഫ്യൂഷനാക്കുന്നവരുള്ളതിനാലാണ് ഇക്കാര്യം വിശദീകരിക്കുന്നത്. “ശമര്യയിലെ പ്രവാചകന്മാരിൽ ഞാൻ ഭോഷത്തം കണ്ടിരിക്കുന്നു. അവർ ബാലിന്റെ നാമത്തിൽ പ്രവചിച്ച് എന്റെ ജനമായ യിസ്രയേലിനെ തെറ്റിച്ചു കളഞ്ഞു. യെരുശലേമിലെ പ്രവാചകന്മാരിലൊ ഞാനധിഭയങ്കരമായുള്ളത് കണ്ടിരിക്കുന്നു. അവർ വ്യഭിചാരം ചെയ്ത് വ്യാജത്തിൽ നടക്കുന്നു. ആരും തന്റെ ദുഷ്ടത വിട്ട് തിരിയാത വണ്ണം അവർ ദുഷ്പ്രവൃത്തിക്കാരെ ധൈര്യപ്പെടുത്തുന്നു. അവരെല്ലാവരും എനിക്ക് സോദോം പോലെയും അതിലെ നിവാസികൾ ഗൊമോറ പോലെയും ഇരിക്കുന്നു............ഞാനവരെ കാഞ്ഞിരം തീറ്റിച്ച് നഞ്ചുവെള്ളം കുടിപ്പിക്കും..........നിങ്ങളോട് പ്രവചിക്കുന്ന പ്രവാചകന്മാരുടെ വാക്കുകൾ കേൾക്കരുത്; അവർ നിങ്ങളെ വ്യാജം ഉപദേശിക്കുന്നു...............സ്വന്തഹൃദയത്തിലെ ദർശനമത്രെ അവർ പ്രവചിക്കുന്നത്...........എന്റെ വചനങ്ങളെ മോഷ്ടിക്കുന്ന പ്രവാചകന്മാർക്ക് ഞാൻ വിരോധമാകുന്നു...........തങ്ങളുടെ നാവ് എടുത്ത് അരുളപ്പാട് എന്ന് പറയുന്ന പ്രവാകന്മാർക്ക് ഞാൻ വിരോധമാകുന്നു. വ്യാജസ്വപ്നങ്ങളെ പ്രവചിച്ച് വിവരിച്ച് ഭോഷ്ക്കുകൊണ്ടും വ്യാജപ്രശംസകൊണ്ടും എന്റെ ജനത്തെ തെറ്റിച്ച് കളയുന്നവർക്ക് ഞാൻ വിരോധമാകുന്നു” (യിര.23:13-32).

പുതിയനിയമവും പുതിയനിയമസഭയും ദൈവകൃപയുടെ പ്രദർശനശാലയാണ്. ദൈവം തന്റെ പച്ചയായ കണ്ണുകൊണ്ട് ആയിരിക്കുയില്ല, കാര്യങ്ങൾ നോക്കിക്കണ്ട് വിലയിരുത്തുന്നത്, ക്രൂശിന്റെ മാർഗ്ഗത്തിലൂടെയാണ്. മനുഷ്യനോ മുഖം നോക്കുന്നു; ദൈവമാകട്ടെ ഹൃദയവും അതാണ് പച്ചയായ കണ്ണ് എന്ന് പറഞ്ഞത്. കൃപയുടെ പ്രദർശന മാദ്ധ്യമം ക്രൂശിതസംഭവമാണ്. ക്രൂശിക്കപ്പട്ടത് ക്രിസ്തുവാണ്. പക്ഷെ നമ്മുടെ പകരക്കാരനായിട്ടാണ്. അപ്പോൾ നമ്മൾക്കാണ് സംഭവിക്കേണ്ടത്. എന്നാൽ നമുക്കൊരു കുഴപ്പവും വന്നില്ല, ക്രിസ്തു അതിനീചമായി ക്രൂശിക്കപ്പെടുകയും ചെയ്തു. നമുക്ക് ശിക്ഷയേൽക്കാതിരിക്കാൻ വേണ്ടിയാണ് ക്രിസ്തു ശിക്ഷയേറ്റത്. ഇതാണ് ദൈവസ്നേഹം. ഇത് വർണ്ണിക്കുവാൻ വാക്കുകൾ പോരാ.

ഇനി നമ്മൾ എന്തു വേണം? ഈ അത്ഭുതസഹനം നമുക്കുവേണ്ടി പ്ലാൻ ചെയ്യിപ്പിച്ച പിതാവിനെയും, സഹിച്ച പുത്രനെയും, ഇത് നമുക്ക് മനസ്സിലാക്കിച്ചുതന്ന പരിശുദ്ധാത്മാവിനെയും സ്തുതിച്ച് നന്ദി പറഞ്ഞാൽ മതി. അങ്ങനെ നമ്മുടെ എല്ലാ ശാപങ്ങളും അവൻ ഏറ്റെടുത്തു എന്ന് വിശ്വസിച്ചാൽ മതി. ആ വിശ്വാസം, പരീക്ഷ എഴുതാൻ പോകുന്ന പഠിക്കാത്ത വിദ്യാർത്ഥിയുടെ വിശ്വാസം പോലത്തെ വിശ്വാസം അല്ല. ജയിച്ചാൽ ജയത്തിന്റെ ക്രെഡിറ്റ് മുഴുവൻ പരീക്ഷാർത്ഥിക്കും, തോറ്റാൽ ദൈവത്തോട് പരിഭവവും. അങ്ങനെയല്ല, വിശ്വാസം. യേശുക്രിസ്തുവിന്റെ ക്രൂശിതമരണം വഴി വിശ്വസിക്കുന്നവർക്ക് ആദ്യം ലഭിക്കുന്നത് പാപവിമോചനവും രക്ഷയും. ഏറ്റവും ഒടുവിൽ നിത്യജീവനും. ഇവയെല്ലാം നമുക്ക് തരുന്നവനെ (ത്രിത്വത്തെ) പരിചയപ്പെടുത്തുന്നത് പുതിയനിയമമാണ്-പുതിയനിയമസഭയാണ്. നമുക്ക് പരിശുദ്ധാത്മ സ്നാനം ലഭിച്ചുവെങ്കിൽ, പരിശുദ്ധാത്മ മുദ്ര ലഭിച്ചുവെങ്കിൽ, പരിശുദ്ധാത്മനിറവ് നമുക്കുണ്ടെന്ന ഉറപ്പുണ്ടെങ്കിൽ ഞാനീ പറഞ്ഞതെല്ലാം സത്യമാണെന്ന് മനസ്സിലാകും. ഈ പ്രവർത്തനം പരിശുദ്ധാത്മാവിന്റേതാണ്. പരിശുദ്ധാത്മാവിന്റെ പ്രവർത്തനം മാത്രമെ പുതിയനിയമയുഗത്തിലും, പുതിയനിയമസഭയിലും, പുതിയനിയമ കുടുംബത്തിലും, പുതിയനിയമവ്യക്തിയിലും ഉണ്ടാകൂ എന്നാണ്.

നിങ്ങൾ കേരളത്തിലൊ കേരളത്തിന് പുറത്ത് എവിടെയെങ്കിലുമോ, ശുശ്രൂഷ ചെയ്യുന്ന വ്യക്തിയോ സഭാംഗമോ, ലീഡേഴ്സിനെ വാർത്തെടുക്കുന്ന വ്യക്തിയോ ആരു തന്നെയായാലും പരിശുദ്ധാത്മ പൂർണനാകേണ്ടിയിരിക്കുന്നു. പരിശുദ്ധാത്മാവിന്റെ സ്വഭാവം ക്രിസ്തുവിനെ ഉയർത്തുകയും, ക്രിസ്തുവിനെ ഉയർത്തുന്നതു കണ്ട്, നിങ്ങളെ ക്രിസ്തുവിലേക്ക് മാനസാന്തരപ്പെടുത്തി, പിതാവിനെ (ത്രിത്വത്തെത്തന്നെ) ആരാധിച്ച് അതിലൂടെ നിങ്ങളെയും ഉയർത്തുക എന്നതാണ്. നിങ്ങളെ മറ്റൊരു ക്രിസ്തുവാക്കാതെ പരമ പരിശുദ്ധനായ പിതാവിന്റെ




ഇരിപ്പിടമായ സ്വർഗ്ഗത്തിൽ എങ്ങനെ കൊണ്ടുപോകാനാണ് ?

അപ്പോൾ വീണ്ടും എഴുതട്ടെ, ഇതൊക്കെയാണ് പരിശുദ്ധാത്മാവു ചെയ്യുന്നത്. ബാക്കിയൊക്കെ ജഡികമനുഷ്യനും ബുദ്ധിമാനും, വിശ്വാസത്തിലേക്ക് വേണ്ടത്ര വളരാത്തവനുമായ ലോകമനുഷ്യന്റെ കാര്യങ്ങളാണ്. നമ്മുടെ തറവാട്ടിലെ കാരണവന്മാരുടെ കാര്യങ്ങൾ വല്ലപ്പോഴും നാം പറയാറുള്ളതുപോലെ, മരിച്ചുപോയ മൂത്ത സഹോദരന്മാരുടെ കാര്യം നാം പറഞ്ഞ് കരയുകയോ ചിരിക്കുകയോ ചെയ്യുന്നതുപോലെ, മാത്രമാണ്. പഴയനിയമത്തിലെ നെഹമ്യാവ് മതിൽ പണിഞ്ഞ കാര്യം പറയണ്ടേ; ദാവീദ് തെറ്റാലി ഉപയോഗിച്ച കാര്യം പറയണ്ടേ. കരുതണ്ടേ. അവരുടെ കാര്യങ്ങളെ Sound Doctrine ആയി പഠിക്കുന്നവരുണ്ട്. കാൽക്കുലേറ്ററും, മൊബൈൽ ഫോണിലെ കണക്ക് ചെയ്യാനുള്ള പ്ലാനുകളുമുള്ളപ്പോൾ കൈവിരലുകൾ മടക്കി എണ്ണുകയും കല്ലുകൾ പെറുക്കി എണ്ണുകയും ഒക്കെ ചെയ്യേണ്ടി വരുന്നതുപോലെയാണ് ഒത്തിരി പഴയനിയമസംഭവങ്ങളെ പലരും ഉപയോഗിക്കുന്നത്. അപ്പോഴുള്ള കുഴപ്പം എന്താണെന്നു വച്ചാൽ ഹൈന്ദവ - കത്തോലിക്കാ മതസംവിധാനങ്ങളിൽ നിന്ന് പുതിയനിയമസഭയിലേക്ക് വന്ന വ്യക്തിക്ക് ''ദൈവരാജ്യ''മെന്നത് എന്താണെന്ന് മനസ്സിലാകാതെ ഇരുട്ടിൽ തപ്പേണ്ടി വരും എന്നതാണ്. അഥവാ പഴയനിയമഗ്രന്ഥ സംഭവങ്ങളും ദൈവരാജ്യം തന്നെയാണെന്ന് അവർ വിചാരിച്ച് സത്യത്തെ തെറ്റിദ്ധരിച്ചുപോകും. ഇത്തരം സഭാശുശ്രൂഷകരെയും ''ദൈവജനത്തെ''യും സാത്താൻ പാറ്റിയെന്നിരിക്കും.. പരിശുദ്ധാത്മാവ് എങ്ങനെയുള്ളതാണെന്നും അശുദ്ധാത്മാവ് എങ്ങനെയുള്ളതാണെന്നുമുള്ള പഠനം ഇവിടെയാണ് ആരംഭിക്കുക.

## പരിശുദ്ധാത്മശാസ്ത്രത്തിന്റെ പ്രാധാന്യം

ബൈബിൾ ആരംഭിക്കുന്നത് എങ്ങനെയെന്ന് നോക്കാം. "ആദിയിൽ ദൈം ആകാശവും ഭൂമിയും സൃഷ്ടിച്ചു. ഭൂമി പാഴായും ശൂന്യമായും ഇരുന്നു. ആഴത്തിൻ മീതെ ഇരുൾ ഉണ്ടായിരുന്നു. ദൈവത്തിന്റെ ആത്മാവ് വെള്ളത്തിൻമീതെ പരിവർത്തിച്ചുകൊണ്ടിരുന്നു''. പിതാവായ ദൈവത്തെ പരാമർശിച്ചുകഴിഞ്ഞ് തൊട്ടടുത്ത വരിയിൽ ആ ദൈവത്തിന്റെ ആത്മാവിനെയും പരാമർശിച്ചു കണ്ടല്ലോ. പിതാവിൽ തന്നെ പുത്രനും പുത്രനിൽ തന്നെ പിതാവും ആത്മാവായി വസിക്കുന്നുവെന്നത് ഇതിനുമുമ്പുള്ള അദ്ധ്യായങ്ങളിൽ വിവരിച്ചിട്ടുമുണ്ട്. ബൈബിളിലുടനീളം ദൈവാത്മാവിനെക്കുറിച്ച് പരാമർശിക്കുന്നുണ്ട്.

പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളെ വേണ്ടത്ര അംഗീകരിക്കാത്തവരുണ്ട്. പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾ എന്നാൽ അന്യഭാഷാഭാഷണം മാത്രമാണെന്ന് പറയുന്ന സംഘടനകളുണ്ട്. ഇത് രണ്ടും തെറ്റാണ്. പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളെ നാം അംഗീകരിക്കണം. അന്യഭാഷ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം തന്നെ. പക്ഷെ അത് മാത്രമല്ല. പിതാവും പുത്രനും നമ്മുടെയുള്ളിൽ വസിക്കുന്നത് പരിശുദ്ധാത്മാവിലൂടെയാണ്. ദൈവം നമുക്ക് ഏറ്റവും സമീപസ്ഥമാകുന്നത് പരിശുദ്ധാത്മാവിലൂടെയാണ്. പരിശുദ്ധാത്മാവാണ്, പിതാവിന്റെയും ക്രിസ്തുവിന്റെയും പ്രവൃത്തികൾ നമ്മിൽ യാഥാർത്ഥ്യമാക്കുന്നത്. അപ്പോൾ ദൈവപ്രവൃത്തി അഥവാ വെളിപ്പാടുകൾ വെളിപ്പാടുകളാകുന്നത് പരിശുദ്ധാത്മാവിലൂടെയാണ്. പാപബോധവും പശ്ചാത്താപവും, പരിശുദ്ധാത്മാവ് സഹായിച്ചില്ലെങ്കിൽ നമുക്കുണ്ടാവുകയില്ല. അവ രണ്ടും ഉണ്ടായില്ലെങ്കിൽ നാം കഠിനഹൃദയരായിരിക്കുകയല്ലേയുള്ളു. അങ്ങനെ വന്നാൽ നമ്മുടെ നിത്യത ഒരു മിഥ്യ മാത്രമേ ആകൂ. അതാണ് പരിശുദ്ധാത്മാവിന്റെ പ്രാധാന്യവും പരിശുദ്ധാത്മശാസ്ത്രശാഖയുടെ പ്രാധാന്യവും. രോഗസൗഖ്യങ്ങളും വചന പരിജ്ഞാനവും സമാധാന ചിന്തയുമൊക്കെ നൽകുന്നത് പരിശുദ്ധാത്മാവു തന്നെയാണ്.

## പരിശുദ്ധാത്മാവിന്റെ ഏറ്റവും വലിയ പ്രവൃത്തി

2 തിമോ.3:16-ഉം 2 പത്രോ.1:20,21-ഉം ചേർത്ത് നാം വായിച്ചു പഠിക്കേണ്ടത് അത്യാവശ്യമാണ്. ''എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവൃത്തിക്കും വക പ്രാപിച്ച്

# Fundamental Knowledge of True Theology - Chapter :16

# PNEUMATOLOGY PART 1

# പരിശുദ്ധാത്മശാസ്ത്രം

തികഞ്ഞവനാകേണ്ടതിന് ഉപദേശത്തിനും ശാസനത്തിനും ഗുണീകരണത്തിനും നീതിയിലെ അഭ്യാസത്തിനും പ്രയോജനമുള്ളതാകുന്നു''. അതാണ് 2 തിമോ.3:16. ''തിരുവെഴുത്തിലെ പ്രവചനമൊന്നും സ്വയമായ വ്യാഖ്യാനത്താൽ ഉളവാകുന്നതല്ല എന്ന് ആദ്യം തന്നെ അറിഞ്ഞുകൊള്ളണം. പ്രവചനമൊരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ വന്നതല്ല. ദൈവകല്പനയാൽ മനുഷ്യർ പരിശുദ്ധാത്മനിയോഗം പ്രാപിച്ചിട്ട് സംസാരിച്ചതത്രെ" (1 പത്രോ.2:20,21). എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാണെന്നും അത് സ്വന്തമായ വ്യാഖ്യാനത്തിനുള്ളതല്ലെന്നും തറപ്പിച്ച് പറഞ്ഞ അപ്പൊസ്തലന്മാർ പറയാൻ ശ്രമിച്ചത് പരിശുദ്ധാത്മാവാണ് ബൈബിളിന്റെ യഥാർത്ഥ എഴുത്തുകാരൻ എന്നാണ്; മനുഷ്യരിലൂടെയാണെന്നു മാത്രം. പരിശുദ്ധാത്മാവ് ഉപയോഗിച്ച മനുഷ്യരിൽ ചിലർ അപ്പൊസ്തലന്മാർ, വേറെ ചിലർ രാജാക്കന്മാർ, ഇനിയും ചിലർ പ്രവാചകന്മാർ. വചനം മുഴുവനും ദൈവം കൂടിയായ (ത്രീയേകദൈവമാണ് യഥാർത്ഥ ദൈവം) പരിശുദ്ധാത്മാവ് എഴുതിച്ചതാകയാലാണ് യെശ.34:16-ൽ "യഹോവയുടെ പുസ്തകത്തിൽ അന്വേഷിച്ച് വായിച്ചുനോക്കുവിൻ എന്നും അവയിലൊന്നും കാണാതെയിരിക്കില്ല എന്നും പറയുന്നത്.........അവന്റെ ആത്മാവത്രെ അവയെ കൂട്ടി വരുത്തിയത്'' എന്ന് ആ വചനത്തിന്റെ ഒടുവിലും പറഞ്ഞിരിക്കുന്നു. ദൈവാത്മാവാണ് ഓരോ അക്ഷരവും വാക്കും വാക്യവും എഴുതിച്ചത്. അതുകൊണ്ടാണ്, പറയുന്നവർക്കും കേൾക്കുന്നവർക്കും എഴുതുന്നവർക്കും പ്രാർത്ഥിക്കുന്നവർക്കും അത് മാനസാന്തരത്തിനും വീണ്ടുജനനത്തിനും കാരണമാകുന്നത്. മനുഷ്യർ പറഞ്ഞ വചനമായിരുന്നുവെങ്കിൽ വീണ്ടുംജനനത്തിന് കാരണമാകുകയില്ലായിരുന്നു. ബൈബിൾ വായിക്കുമ്പോൾ ചില കാര്യങ്ങൾ മനസ്സിലാകാതെ പോകുന്നുവെങ്കിൽ, അങ്ങനെ സംഭവിക്കുന്നത് പരിശുദ്ധാത്മാവിന്റെ സഹകരണം വാങ്ങാതെ വായിക്കുന്നതുകൊണ്ടാണ്. ബൈബിളിലൂടെ ദൈവത്തെ നമുക്ക് തന്നു, പുത്രനായ ക്രിസ്തുവിനെ നമുക്ക് തന്നു, പരിശുദ്ധാത്മാവിനെ നമുക്ക് തന്നു. ഈ പരിശുദ്ധാത്മാവ് വന്ന് നമുക്ക് പാപബോധം തരുന്നു, പശ്ചാത്താപം തരുന്നു, മാനസാന്തരവും വീണ്ടുംജനനവും - എല്ലാം തരുന്നു. രക്ഷയും സ്വർഗ്ഗവും എല്ലാം തരുന്നത് പരിശുദ്ധാത്മാവാണ്.

## പരിശുദ്ധാത്മാവിന്റെ പേരുകൾ

1. പരിശുദ്ധാത്മാവ്: യഥാർത്ഥ മലയാളികൾ 'പരിശുദ്ധാത്മാവ്' എന്നേ പറയാവൂ. 'പരിശുദ്ധ ആത്മാവ്' എന്ന ഒരു പ്രയോഗം മലയാളത്തിലില്ല. ലൂക്കോ.3:22-ൽ ''പരിശുദ്ധാത്മാവ് ദേഹരൂപത്തിൽ പ്രാവെന്നപോലെ അവന്റെ മേൽ ഇറങ്ങി വന്നു" എന്നു നാം വായിക്കുന്നു. ലൂക്കോ.4:1-ലും "യേശു പരിശുദ്ധാത്മാവ് നിറഞ്ഞവനായി യോർദ്ദാൻ വിട്ട് മടങ്ങി" എന്നും നാം പഠിക്കുന്നു.



### പ്രവചനം നിവൃത്തിയായി

ഇന്നും ജീവിക്കുന്ന യേശുവിന്റെ കരങ്ങളാൽ എനിക്ക് ലഭിച്ച നന്മകളെ സാക്ഷ്യപ്പെടുത്തട്ടെ. ഖത്തറിൽ ഒരു ജോലിക്കായി ഞാൻ ഏറെ നാളായി പ്രാർത്ഥനയിലായിരുന്നു. 2016 ജൂൺ 10-ന് തിരുവല്ലായിൽ വച്ച് ദേവസ്യാസാർ നടത്തിയ കൺവൻഷനിൽ സാർ എന്നോടു പ്രവചിച്ചു പറഞ്ഞു ഖത്തറിൽ വൈസ്പ്രിൻസിപ്പലായി ജോലി ലഭിക്കുമെന്ന്. സാർ പറഞ്ഞ പ്രകാരം തന്നെ വൈസ്പ്രിൻസിപ്പൽ പോസറ്റിൽ ജോലി ലഭിക്കുവാനാവശ്യമായ ഇൻർവ്യൂ പാസ്സാകുവാൻ ദൈവം ഇടവരുത്തി. ഏറെത്താമസിയാതെ ആ പോസ്റ്റിൽ ഞാൻ നിയമിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. എന്നെ അനുഗ്രഹിച്ച എന്റെ ദൈവത്തെ ഞാൻ മഹത്വപ്പെടുത്തുന്നു.

**ആനി ടീച്ചർ. കുവൈറ്റ് Ph: 9495607008**




2. ദൈവാത്മാവ്: മത്താ.3:16-ൽ "യേശു സ്നാനം ഏറ്റ ഉടനെ വെള്ളത്തിൽ നിന്നു കയറി; അപ്പോൾ സ്വർഗ്ഗം തുറന്നു. ദൈവാത്മാവ് പ്രാവെന്നപോലെ ഇറങ്ങി തന്റെമേൽ വരുന്നത് അവൻ കണ്ടു." റോമ.8:14-ൽ "ദൈവാത്മാവ് നടത്തുന്നവർ ഏവരും ദൈവത്തിന്റെ മക്കൾ ആകുന്നു." 1 കൊരി.3:16-ൽ ''നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നുവെന്നും അറിയുന്നില്ലയോ? ദൈവത്തിന്റെ മന്ദിരം നശിപ്പിക്കുന്നവനെ ദൈവം നശിപ്പിക്കും. ദൈവത്തിന്റെ മന്ദിരം വിശുദ്ധമല്ലോ; നിങ്ങളും അങ്ങനെ തന്നെ.'' യഹോവയുടെ ആത്മാവെന്ന് ന്യായാ. 11: 25-ലും യെശ.11:2-ലും പറഞ്ഞിട്ടുണ്ട്. ദൈവത്തിന്റെ ആത്മാവും യഹോവയുടെ ആത്മാവും ഒന്നുതന്നെയാണ്.

3. ക്രിസ്തുവിന്റെ ആത്മാവ്: റോമ.8:9-ൽ "ക്രിസ്തുവിന്റെ ആത്മാവില്ലാത്തവൻ അവനുള്ളവനല്ല."

4. സത്യത്തിന്റെ ആത്മാവ്: "അവൻ സത്യത്തിന്റെ ആത്മാവ് എന്ന മറ്റൊരു കാര്യസ്ഥനെ എന്നേക്കും നിങ്ങളോട് കൂടെ ഇരിക്കേണ്ടതിന് നിങ്ങൾക്ക് തരും" (യോഹ.14:16). "ഞാൻ പിതാവിന്റെ അടുക്കൽ നിന്ന് നിങ്ങൾക്ക് അയപ്പാനുള്ള കാര്യസ്ഥനായി, പിതാവിന്റെ അടുക്കൽ നിന്ന് പുറപ്പെടുന്ന സത്യാത്മാവു വരുമ്പോൾ അവൻ എന്നെക്കുറിച്ച് സാക്ഷ്യം പറയും" (യോഹ.15:26).

5. വിശുദ്ധിയുടെ ആത്മാവ് "ജഡം സംബന്ധിച്ച് ദാവീദിന്റെ സന്തതിയിൽ നിന്ന് ജനിക്കയും മരിച്ചിട്ട് ഉയിർത്തെഴുന്നേൽക്കയാൽ വിശുദ്ധിയുടെ ആത്മാവ് സംബന്ധിച്ച് ദൈവപുത്രൻ എന്ന് ശക്തിയോടെ നിർണ്ണയിക്കപ്പെടുകയും ചെയ്തിരിക്കുന്നവനാലല്ലോ'' (റോമ.1:5).

6. ജീവന്റെ ആത്മാവ് - "ജീവന്റെ ആത്മാവിന്റെ പ്രമാണം എനിക്ക് പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽ നിന്ന് ക്രിസ്തുയേശുവിൽ സ്വാതന്ത്ര്യം വരുത്തിയിരിക്കുന്നു" (റോമ.8:2).

7. നിത്യാത്മാവ് - "എങ്കിൽ നിത്യാത്മാവിനാൽ ദൈവത്തിന് തന്നെത്താൻ നിഷ്ക്കളങ്കനായി അർപ്പിച്ച ക്രിസ്തുവിന്റെ രക്തം ജീവനുള്ള ദൈവത്തെ ആരാധിപ്പാൻ നിങ്ങളുടെ മന:സ്സാക്ഷിയെ നിർജ്ജീവപ്രവൃത്തികളെ പോക്കി എത്രയധികം വിശുദ്ധീകരിക്കും" (എബ്രാ.9:14).

8. ക്രിസ്തുവിന്റെ ആത്മാവെന്ന അർത്ഥത്തിൽ സ്വപുത്രന്റെ ആത്മാവെന്നും (ഗലാ.4:6) യേശുവിന്റെ ആത്മാവെന്നും (അപ്പൊ.16:6,7) യേശുക്രിസ്തുവിന്റെ ആത്മാവെന്നും (ഫിലി.1:19) ബൈബിൾ മാറി മാറി വിളിച്ചിട്ടുണ്ട്.

9. കൃപയുടെ ആത്മാവാണെന്ന് സഖ്യ.12:10-ലും വാഗ്ദത്തത്തിൻ പരിശുദ്ധാത്മാവെന്ന് എഫേ.1:14-ലും ന്യായവിധിയുടെ ആത്മാവെന്ന് യെശ.4:4-ലും പരിശുദ്ധാത്മാവിനെ വിളിച്ചിരിക്കുന്നു. മഹത്വത്തിന്റെ ആത്മാവെന്ന് 1 പത്രൊ.4:14-ലും കാണുന്നു.

10.യെശ.11-ൽ 2 മുതലുള്ള വാക്യങ്ങളിലും പരിശുദ്ധാത്മാവിനെ പല പേരുകളിൽ വിളിച്ചിരിക്കുന്നു.

1.അവന്റെമേൽ യഹോവയുടെ ആത്മാവ് ആവസിക്കും,

2. ജ്ഞാനത്തിന്റെയും വിവേകത്തിന്റെയും ആത്മാവ്

3. ആലോചനയുടെയും ബലത്തിന്റെയും ആത്മാവ്,

4. പരിജ്ഞാനത്തിന്റെയും യഹോവഭക്തിയുടെയും ആത്മാവു തന്നെ.

### പരിശുദ്ധാത്മാവിന്റെ സാദൃശ്യങ്ങൾ

1. കാറ്റ്: യോഹന്നാന്റെ സുവിശേഷത്തിൽ 3-ാം അദ്ധ്യായത്തിൽ 5-ാം വാക്യത്തിൽ വീണ്ടുംജനനം സംഭവിക്കുന്നതിനെക്കുറിച്ച് പറയുമ്പോൾ യേശുക്രിസ്തു ഇപ്രകാരം പഠിപ്പിക്കുന്നു. "കാറ്റ് ഇഷ്ടമുള്ളേടത്ത് ഊതുന്നു. അതിന്റെ ശബ്ദം നീ കേൾക്കുന്നു. എങ്കിലും അത് എവിടെ നിന്ന് വരുന്നു എന്നും എവിടേക്ക് പോകുന്നു എന്നും അറിയുന്നില്ല; ആത്മാവിനാൽ ജനിച്ചവൻ എല്ലാം അതുപോലെയാകുന്നു".

കാറ്റ് അദൃശ്യമാണ്. പരിശുദ്ധാത്മാവും അദൃശ്യമാണ്. കാറ്റിന്റെ പ്രവൃത്തികളെ കാണാൻ പറ്റും. പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളും കണ്ടറിഞ്ഞ് അനുഭവിക്കാൻ പറ്റും. കാറ്റ് ആകാശത്തിലൂടെ വരുന്നു. ആത്മാവിന്റെ പ്രവർത്തനങ്ങളും സ്വർഗ്ഗത്തിൽ നിന്ന് വരുന്നു. കാറ്റ് ഇഷ്ടമുള്ളടത്ത് വീശുന്നതുപോലെ പരിശുദ്ധാത്മാവ് ഇഷ്ടപ്പെടുന്ന വ്യക്തിയിൽ പ്രവർത്തിക്കുന്നു. കാറ്റിന്റെ ശക്തി ചിലപ്പോൾ

Fundamental Knowledge of True Theology - Chapter :16

# PNEUMATOLOGY PART 1

# പരിശുദ്ധാത്മശാസ്ത്രം

അതിഭയങ്കരമാണ്. ആത്മാവിന്റെ പ്രവർത്തനങ്ങളും ഭയങ്കരം തന്നെ.

2. വെള്ളം: യോഹ.7–ൽ 37 മുതലുള്ള തിരുവെഴുത്തുകളിൽ ഉത്സവത്തിന്റെ മഹാദിനമായ ഒടുക്കത്തെ നാളിൽ യേശു നിന്നുകൊണ്ട് "ദാഹിക്കുന്നവൻ എല്ലാം എന്റെ അടുക്കൽ വന്നു കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവരുടെ ഉള്ളിൽ നിന്ന് തിരുവെഴുത്ത് പറയുംപോലെ ജീവജലത്തിന്റെ നദികൾ ഒഴുകും എന്ന് വിളിച്ചു പറഞ്ഞു'' (യോഹ.7:37). (ഈ പ്രസിദ്ധീകരണത്തിന്റെ ഫ്രണ്ട് കവർ പേജിൽ നയാഗ്രാ വെള്ളച്ചാട്ടത്തിന്റെ ഫോട്ടോ പ്രിദ്ധീകരിച്ചിട്ടുണ്ട്. ഞാൻ പോയി കണ്ട് മനസ്സിലാക്കി അനുഭവിച്ച് വിസ്മയിച്ച് എടുത്തതാണ് അനേകം ഫോട്ടോകൾ. ക്രിസ്തുവിനെ അറിയുന്നതിനു മുമ്പ് ഒരു സഞ്ചാരപ്രിയനായിരുന്നു ഞാൻ. ഒരു ഹൈസ്കൂളിൽ പഠിപ്പിക്കുന്ന കാലത്ത് കുട്ടികളെയും കൊണ്ട് എസ്കർഷന് പോയിട്ടുണ്ട്. ഞാൻ കൂടുതലും ജോലി ചെയ്തിരുന്നത് കാസർഗോഡ് ജില്ലയിലായതുകൊണ്ട് യാത്ര കൂടുതലും, കൊഡൈക്കനാൽ, തിരുവനന്തപുരം, കൊച്ചിൻ ഷിപ്പ്‌യാർഡ് തുടങ്ങിയവ കേന്ദ്രീകരിച്ചായിരുന്നു. സ്കൂൾ കുട്ടികളുമായി തടാകങ്ങളെയും വേമ്പനാട് കായൽ പോലെയുള്ള കായലോരങ്ങളെയും (വൈക്കം) കുന്നിൻ ചരിവുകളെയും ഒക്കെ കാണാനും കാണിക്കാനും വലിയ കൗതുകമായിരുന്നു. ക്രിസ്തുവിനെ അറിഞ്ഞു കഴിഞ്ഞപ്പോൾ ആ ജീവജലനദി ഒഴുകുന്നതുകണ്ട് സത്യമായ അനുഭവം ഉണ്ടായിക്കഴിഞ്ഞപ്പോൾ ബാക്കിയെല്ലാം നിസ്സാരങ്ങളായി. എങ്കിലും വചനം പങ്കുവെയ്ക്കാൻ കാനഡയിൽ പോയി അമേരിക്കയിലേക്ക് പോരുമ്പോൾ (റോഡുവഴി) ആണ് നയാഗ്രാ വെള്ളച്ചാട്ടം കാണുന്നത്. ഒരിക്കലും അവസാനിക്കാത്ത ആ ജലപ്രവാഹം ഞാൻ കണ്ടിട്ടുള്ള ലോകത്തിലെ ഏറ്റവും വലിയ അത്ഭുതമാണ്. പക്ഷേ, അത് ആരെയും മാനസാന്തരപ്പെടുത്തുന്നില്ല, ആരെയും വീണ്ടും ജനിപ്പിക്കുന്നില്ല, ആരെയും അഭിഷേകത്തിലേക്ക് നയിക്കുന്നുമില്ല. എന്നാൽ ക്രിസ്തു ആത്മാവായി നമ്മുടെ ഉള്ളിൽ വരുമ്പോൾ നമ്മിൽ നിന്ന് ജീവജലനദി കവിഞ്ഞൊഴുകും എന്ന് യേശു പറയുകയാണ്. ആ കവിഞ്ഞൊഴുക്കാണ് എന്റെ എഴുത്തുകളും പ്രസംഗങ്ങളും പ്രാർത്ഥനകളുമെന്ന് ഞാൻ തന്നെ പറയുന്നതിൽ അപാകതകൾ ഉണ്ടെങ്കിലും, എന്നിൽ നിന്നുള്ളതിനേക്കാൾ കവിഞ്ഞൊഴുക്കുള്ള വിശ്വാസവിശുദ്ധവീരന്മാരെ കൂടുതൽ അംഗീകരിച്ച് ആദരിച്ച് അവരെ സ്വീകരിക്കാനുള്ള ഒരു മനസ്സ് കർത്താവ് തന്നിട്ടുള്ളതിനാൽ ഞാൻ കർത്താവിനെ സ്തുതിക്കുന്നു. എന്റെ വിശ്വാസജലം കൗൺസിലിംഗിലൂടെ പലരിലേക്ക് ഒഴുകി, അവർ മാനസാന്തരപ്പെട്ട് വീണ്ടുംജനനം പ്രാപിച്ചപ്പോൾ സുവിശേഷ പ്രസംഗങ്ങളിലൂടെ പതിനായിരങ്ങളിലേക്ക് ഒഴുകി (Youtube വഴിയും മറ്റും). അവർ ക്രിസ്തുവിലായപ്പോൾ, പ്രാർത്ഥനയിലൂടെ ഒരു 'ഹീലിംഗ് ടച്ച്' കിട്ടിയും ഒരു ഡെലിവറൻസ് ടച്ചിലൂടെ അനുഗ്രഹം കിട്ടിയും സാത്താന്യ ബന്ധനങ്ങളിൽ നിന്നും ബഹുസഹസ്രം ആളുകൾ വിടുതൽ പ്രാപിച്ചപ്പോൾ ഒരു ലക്ഷത്തിലധികം പേർ അടിയന്റെ കൈക്കീഴിൽ പല നദികളിലും കടലിടുക്കിലും പുളിങ്ങോത്തെ സ്നാനക്കുളത്തിലുമായി യഥാർത്ഥ സ്നാനം ഏറ്റപ്പോൾ ഞാൻ ചിന്തിക്കുകയാണ് എന്നെക്കാൾ ശ്രേഷ്ഠരായ ആയിരക്കണക്കിന് കർത്തൃദാസന്മാർ മുഖാന്തരം ഈ ദൈവം എത്രയെത്ര കോടികളെ ആത്മാവിൽ നിറച്ച് നിത്യജീവനിലേക്ക് കൊണ്ടുപോയി കാണും എന്ന്! എന്നോടൊപ്പം തന്നെ നൂറോളം കർത്തൃദാസന്മാർ ഉണ്ട്. അവർ കേരളത്തിലെ എല്ലാ ജില്ലകളിലും താലൂക്കുകളിലും പ്രശസ്തമായ വിധത്തിൽ കർത്തൃസേവ ചെയ്തുകൊണ്ടിരിക്കുന്നു. ചെന്നൈയിലും പനവേലിലും ഡൽഹിയിൽ വളരെ ശ്രദ്ധേയമായ ലെവലിലും, കുവൈറ്റിൽ വളരെ വളരെ ശ്രദ്ധേയമായ വിധത്തിലും യുഎഇയിലും അമേരിക്കയിലും കാനഡയിലും എന്നുവേണ്ട ഏറ്റവും ഒടുവിൽ യിസ്രയേലിൽ ഗലീലാ കടലോരത്തിനരികെ തിബേരിയോസിലുള്ള 'കിംഗ് സോളമൻ' ഹോട്ടലിനോടനുബന്ധിച്ചുള്ള പ്രാർത്ഥനാ മാളികയിലും ഒക്കെ ഈ ജീവജലനദി 'നാഥന്റെ ഇഷ്ടം' അനുസരിച്ച് ഒഴുകിയെത്തിക്കൊണ്ടിരിക്കുകയാണ്. എന്നാലും ഇനിയും എത്രയോ പട്ടണങ്ങളിൽ നിന്നും പഞ്ചായത്തു ലെവലിലേക്കും ഗ്രാമഗ്രാമാന്തരങ്ങളിലേക്കും ഈ ജീവജലനദിയായ ചർച്ച്

## Fundamental Knowledge of True Theology - Chapter :16

# PNEUMATOLOGY PART 1

# പരിശുദ്ധാത്മശാസ്ത്രം

ഓഫ് ഇറ്റേണിറ്റി വളരേണ്ടതായിട്ടുണ്ട്, കർത്താവെ വളർത്തേണമെ).

യോഹ.7:39,40,41 – "അവൻ ഇത് തന്നിൽ വിശ്വസിക്കുന്നവർക്ക് ലഭിപ്പാനുള്ള ആത്മാവിനെക്കുറിച്ചാണ് പറഞ്ഞത്. യേശു അതുവരെ തേജസ്ക്കരിക്കപ്പെട്ടിട്ടില്ലാതിരിക്കയാൽ ആത്മാവ് വന്നിട്ടില്ലായിരുന്നു. പുരുഷാരത്തിൽ പലരും ആ വാക്കു കേട്ടിട്ട്: ഇവൻ സാക്ഷാൽ ആ പ്രവാചകൻ ആകുന്നു എന്നു പറഞ്ഞു. വേറെ ചിലർ, ഇവൻ ക്രിസ്തു തന്നെ എന്നും".

ഈ വചനങ്ങളിലൂടെ നദി (വെള്ളം) പരിശുദ്ധാത്മാവിന്റെ സദൃശമാണെന്ന് യേശുക്രിസ്തു വ്യക്തമാക്കുകയാണ്. യഥാർത്ഥ വിശ്വാസിയുടെ ഉള്ളിൽ നിന്നും ഈ ജലപ്രവാഹം ഉയരും. ആ ജലം കിട്ടുന്നവരെല്ലാം നിത്യജീവന് അവകാശികളാകും. നമുക്കറിയാവുന്ന കാര്യമാണ് ജഡത്തിന്റെ അശുദ്ധി മാറ്റാൻ വെള്ളം പ്രയോജനപ്പെടുന്നു എന്നത്. യേശുവിന്റെ രക്തത്താലുള്ള കഴുകലിനോടൊപ്പം പരിശുദ്ധാത്മാവിന്റെ കഴുകൽകൂടി കിട്ടുമ്പോൾ രക്ഷ ഉറപ്പാകുകയത്രേ ചെയ്യുന്നത്. വീണ്ടുംജനന സമയത്ത് ആത്മാവിനാലും വെള്ളത്താലും ഒരു കഴുകൽ ഉണ്ടെന്ന് യേശു യോഹ.3:5–ൽ പറയുന്നല്ലോ. യെശ.44:34–ൽ "ദാഹിച്ചിരിക്കുന്നേടത്ത് ഞാൻ വെള്ളവും വരണ്ട നിലത്ത് നീരൊഴുക്കുകളും പകരും. നിന്റെ സന്തതിമേൽ എന്റെ ആത്മാവിനെയും നിന്റെ സന്താനത്തിന്റെമേൽ എന്റെ അനുഗ്രഹത്തെയും പകരും. അവർ പുല്ലിന്റെ ഇടയിൽ നീർത്തോടുകൾക്കരികെയുള്ള അലരുകൾ പോലെ മുളച്ചുവരും" എന്നു നാം വായിക്കുന്നു. യെഹ.47:1 മുതലുള്ള തിരുവെഴുത്തുകളെയും നാം വായിച്ചുപഠിക്കണം. യെഹ.36:25,26,27 "ഞാൻ നിങ്ങളുടെ മേൽ നിർമ്മല ജലം തളിക്കും; നിങ്ങൾ നിർമ്മലരായിത്തീരും, ഞാൻ നിങ്ങളുടെ സകല മലിനതയെയും സകല വിഗ്രഹങ്ങളെയും നീക്കി നിങ്ങളെ നിർമ്മലീകരിക്കും. ഞാൻ നിങ്ങൾക്ക് പുതിയ ഒരു ഹൃദയം തരും. പുതിയ ഒരു ആത്മാവിനെ ഞാൻ നിങ്ങളുടെയുള്ളിൽ ആക്കും. കല്ലായുള്ള ഹൃദയം ഞാൻ നിങ്ങളുടെ ജഡത്തിൽ നിന്നു നീക്കി മാംസമായുള്ള ഹൃദയം തരും. ഞാൻ എന്റെ ആത്മാവിനെ നിങ്ങളുടെയുള്ളിലാക്കി നിങ്ങളെ എന്റെ ചട്ടങ്ങളിൽ നടക്കുമാറാക്കും."

യെഹ.47–ൽ "വെള്ളം വലതുഭാഗത്തുകൂടി ഒഴുകുന്നു (2) വെള്ളത്തിൽകൂടി എന്നെ നടക്കുമാറാക്കി. 3. വെള്ളം നരിയാണിയോളം ആയി........ എന്നെ വെള്ളത്തിൽക്കൂടി നടത്തുമാറാക്കി. വെള്ളം മുട്ടോളമായി.............വെള്ളം അരയോളം ആയി...........വെള്ളം പൊങ്ങി. നീന്തിയട്ടല്ലാതെ കടപ്പാൻ കഴിയാത്ത ഒരു നദിയായിത്തീർന്നു" എന്നു നാം കാണുന്നു. പരിശുദ്ധാത്മാവിന്റെ പ്രതിരൂപമാണ് വെള്ളം. "വീഥിയുടെ നടുവിൽ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽ നിന്ന് പുറപ്പെടുന്നതായി പളുങ്കുപോലെ ശുഭ്രമായ ജീവജലനദിയും അവൻ എന്നെ കാണിച്ചു. നദിക്ക് ഇക്കരെയും അക്കരെയും ജീവവൃക്ഷമുണ്ട്. അത് പന്ത്രണ്ട് വീതം ഫലം കായ്ച്ച് മാസംതോറും അത് ഫലം കൊടുക്കുന്നു. വൃക്ഷത്തിന്റെ ഇല ജാതികളുടെ രോഗശാന്തിക്ക് ഉതകുന്നു" (വെളി.22:1,2)

3.അഗ്നി: സ്വർഗ്ഗീയ അഗ്നിയാണ് പരിശുദ്ധാത്മാവ്. ദൈവത്തിനാവശ്യം കരിക്കട്ടകളല്ല. കനൽക്കട്ടകളാണ്. അപ്പൊ.പ്രവർത്തനങ്ങളിൽ അദ്ധ്യായം 2: "പെന്തക്കോസ്ത് നാൾ വന്നപ്പോൾ എല്ലാവരും ഒരു സ്ഥലത്ത് ഒന്നിച്ചുകൂടിയിരുന്നു. പെട്ടെന്ന് കൊടിയ കാറ്റടിക്കുന്നതുപോലെ ആകാശത്തുനിന്ന് ഒരു മുഴക്കമുണ്ടായി. അവർ ഇരുന്നിരുന്ന വീട് മുഴുവൻ നിറച്ചു. അഗ്നിജ്വാലപോലെ പിളർന്നിരിക്കുന്ന നാവുകൾ അർക്ക് പ്രത്യക്ഷമായി, അവരിൽ ഓരോരുത്തരുടെയും മേൽ പതിഞ്ഞു. എല്ലാവരും പരിശുദ്ധാത്മാവിനാൽ നിറഞ്ഞവരായി. ആത്മാവ് അവർക്ക് ഉച്ചരിപ്പാൻ നൽകിയതുപോലെ അന്യഭാഷകളിൽ സംസാരിച്ചുതുടങ്ങി" (1–4). അഗ്നി പോലെ പിളർന്നിരിക്കുന്ന നാവുകളാണ്, അഗ്നിയല്ല, ആ നാവുകൾ അഗ്നിപോലെ കാണപ്പെടുകയാണ് ചെയ്തത്. എന്നിരുന്നാലും ആ സംഭവത്തെ തീനാക്കുകൾ എന്നാണ് നാം പറയുക.

They so what seemed to be tongues of Fire that seperated and came to rest on each of Them എന്നാണ് NJV എഴുതിയിരിക്കുന്നത്.




Then there appeared to them divided tongues, as of fire, and one sat upon each of them and they were all filled with the HolySpirit and behind speak with other tongues, as the spirit gave them utterance (acts.2:3,4 (NKJV).

Then there appeared to them divided tongues, as of fire and one sat upon each of them and they are all filled wih the HolySpirit and behind speak with other togues as the spirit gave them utterance (new spirit filled life bible)

ശിഷ്യന്മാരുടെമേൽ പരിശുദ്ധാത്മാവു വന്നപ്പോൾ ആ പ്രത്യക്ഷത അഗ്നിക്ക് സദൃശമായിരുന്നു എന്നു ചിന്തിച്ചാൽ മതി. പുറ.3:2,3-ൽ "അവിടെ യഹോവയുടെ ദൂതൻ ഒരു മുൾപടർപ്പിന്റെ നടുവിൽ നിന്ന് അഗ്നിജ്വാലയിൽ അവന് പ്രത്യക്ഷനായി. അവൻ നോക്കിയാറെ മുൾപടർപ്പ് തീ പിടിച്ച് കത്തുന്നതും മുൾപടർപ്പ് വെന്തുപോകാതിരിക്കുന്നതും കണ്ടു. മുൾപടർപ്പ് വെന്തുപോകാതിരിക്കുന്ന ഈ വലിയ കാഴ്ച എന്തെന്ന് ഞാൻ ചെന്നു നോക്കട്ടെ എന്ന് മോശെ പറഞ്ഞു". There the angel of Lord appeared to him in flames of fire from with in a bush. Moses so that though the bush was on fire it didnot burn up. so Moses thought; I will go over and see this strange sight-why the bush does not burn up (NJV) and the angel of the Lord appeared to him in a flame of fire from the midst of a bush. So he looked, and, behold the bush was burning with fire but the bush was not consumed. Then Moses said " I will now turn aside and see this great sight, why the bush does not burn (NKJV).

മലയാളത്തിൽ അഗ്നിജ്വാലപോലെ പിളർന്നിരിക്കുന്ന നാവുകൾ എന്ന് പറഞ്ഞിരിക്കുന്നതിൽ നിന്നും അഗ്നി പരിശുദ്ധാത്മാവിന്റെ സാദൃശമായി എല്ലാവരും കാണുന്നു. ലേവ്യാ പുസ്തകം 10-ൽ 1,2 "അനന്തരം അഹറോന്റെ പുത്രന്മാരായ നാദാവും, അബിഹൂഹും ഓരോ ധൂപകലശം എടുത്ത് അതിൽ തീയിട്ട് അതിന്മേൽ ധൂപവർഗ്ഗവും ഇട്ടു, അങ്ങനെ തങ്ങളോട് കല്പിച്ചതല്ലാതെ അന്യാഗ്നി യഹോവയുടെ സന്നിധിയിൽ കൊണ്ടുവന്നു. ഉടനെ യഹോവയുടെ സന്നിധിയിൽ നിന്ന് തീ പുറപ്പെട്ട് അത് ദഹിപ്പിച്ചു കളഞ്ഞു. അവൻ യഹോവയുടെ സന്നിധിയിൽ മരിച്ചുപോയി".

അന്യാഗ്നിയും വന്യാഗ്നിയും സാത്താന്റെയും ദുരുപദേശക്കാരുടെയും ആണ്. വചനം നമ്മുടെയുള്ളിൽ പരിശുദ്ധാത്മാവ് തരും. അതാണ് ഉള്ളിൽ വരുന്ന തീ. പരിശുദ്ധാത്മാവ് നൽകുന്നതല്ലാതെ ഉണ്ടാക്കി ദർശനം പറുന്നത് അന്യാഗ്നിയാണ്. പരിശുദ്ധാത്മാവ് നൽകുന്നതല്ലാതെ ഉണ്ടാക്കിയും അനുകരിച്ചും സ്വപ്നം കാണുന്നു എന്നു പറഞ്ഞും ഒക്കെ അന്യാഗ്നി കത്തിക്കുന്നവരുണ്ട്. അഹറോന്റെ പുത്രന്മാരുടെ അനുഭവമാണ് അവർക്ക് വരാൻ പോകുന്നത്. ഒരു പാസ്റ്റർ ബൈബിൾ കോളേജിൽ നിന്ന് ഒരുതരം അന്യഭാഷയും സംഘടിപ്പിച്ചു വന്നിട്ട്, അദ്ദേഹത്തിന്റെ സഭയിലെ ജനങ്ങളെ ചൊല്ലിക്കേൾപ്പിച്ച് കുറെനാൾ കഴിയുമ്പോൾ അവർ അത് തന്നെ അനുകരിച്ച് അതു തന്നെ അന്യഭാഷയാണെന്ന് പറഞ്ഞു പരിശുദ്ധാത്മാവിനെ വില കുറച്ചു കാണിച്ചാൽ അത്തരം ആളുകളും സഭകളും വളരാതെ വരികയും ക്രമത്തിൽ കർത്താവിനാൽ ഉപേക്ഷിക്കപ്പെടുകയും ചെയ്യും. അത് അന്യാഗ്നിയാണ്, വന്യാഗ്നിയാണ്. പരിശുദ്ധാത്മാവിനാൽ നാം നിറയുമ്പോൾ നമ്മുടെ ഉള്ളിലെ വെളിച്ചം അനേകരിലേക്ക് മാനസാന്തരമായും രക്ഷാനുഭവമായും കടന്നുചെല്ലും. അഗ്നിക്ക് വെളിച്ചമുണ്ടല്ലോ. ഇനി അഗ്നിയുടെ മറ്റൊരു പ്രത്യേകതയാണ് അത് അഴുക്കൊക്കെയും കത്തിച്ച് കളഞ്ഞ് **ശുദ്ധീകരിക്കും** എന്നത്. പരിശുദ്ധാത്മാവാകുന്ന അഗ്നി നമ്മിലുള്ള മലിനതകളെ കത്തിച്ചു കളയുന്നു. യെശയ്യാപ്രവാചകൻ സ്വയം സമ്മതിക്കുകയുണ്ടായി തന്റെ അശുദ്ധിയുള്ള നാവിനെപ്പറ്റി. "സറാഫുകൾ അവന് ചുറ്റും നിന്നു. ഓരോരുത്തന് ആറാറ് ചിറകുകൾ ഉണ്ടായിരുന്നു. രണ്ടുകൊണ്ട് അവർ മുഖം മൂടി, രണ്ടുകൊണ്ട് കാൽ മൂടി, രണ്ടുകൊണ്ട് പറന്നു. ഒരുത്തനോട് ഒരുത്തൻ സൈന്യങ്ങളുടെ യഹോവ പരിശുദ്ധൻ പരിശുദ്ധൻ. സർവ്വഭൂമിയും അവന്റെ മഹത്വം കൊണ്ട് നിറഞ്ഞിരിക്കുന്നു എന്ന് ആർത്ത് പറഞ്ഞു. അവർ ആർക്കുന്ന ശബ്ദത്താൽ ഉമ്മറപ്പടികളുടെ

# Fundamental Knowledge of True Theology - Chapter :16

# PNEUMATOLOGY PART 1

# പരിശുദ്ധാത്മശാസ്ത്രം

അടിസ്ഥാനം കുലുങ്ങി, ആലയം പുകകൊണ്ട് നിറഞ്ഞു. അപ്പോൾ ഞാൻ: എനിക്ക് അയ്യോ കഷ്ടം; ഞാൻ നശിച്ചു; ഞാൻ ശുദ്ധിയില്ലാത്ത അധരങ്ങളുള്ള ഒരു മനുഷ്യൻ. ശുദ്ധിയില്ലാത്ത അധരങ്ങളുള്ള ജനത്തിന്റെ നടുവിൽ വസിക്കുന്നു. എന്റെ കണ്ണ് സൈന്യങ്ങളുടെ യഹോവയായ രാജാവിനെ കണ്ടുവല്ലോ എന്നു പറഞ്ഞു. അപ്പോൾ സറാഫുകളിൽ ഒരുത്തൻ യാഗപീഠത്തിൽ നിന്ന് **കൊടിൽകൊണ്ട് ഒരു തീക്കനൽ** എടുത്ത് കയ്യിൽ പിടിച്ചുകൊണ്ട് എന്റെ അടുക്കൽ പറന്നു വന്നു. അതെന്റെ വായ്ക്ക് തൊടുവിച്ചു. ഇതാ ഇത് നിന്റെ അധരങ്ങളെ തൊട്ടതിനാൽ നിന്റെ അകൃത്യം നീങ്ങി നിന്റെ പാപത്തിന് പരിഹാരം വന്നിരിക്കുന്നു എന്നു പറഞ്ഞു" (യെശ.6:2-7). തീക്കനലാലാണ് പാപമോചനവും ശുദ്ധീകരണവും നൽകിയത്. ആ തീ പരിശുദ്ധാത്മാവിന്റെ സാദൃശ്യമാണ്. തീ **ഊർജ്ജവും** ആണ്. ഇന്ധനം കത്തുമ്പോഴാണല്ലോ ചിലതരം ട്രെയിനുകളുൾപ്പെടെ അനേകതരം വാഹനങ്ങൾ സഞ്ചരിക്കുന്നത്.

പരിശുദ്ധാത്മാവാണ് തീ. നമ്മുടെയുള്ളിലുള്ള ഇന്ധനമാണ് വചനം. ആ തീ വന്ന് ഈ ഇന്ധനത്തെ കത്തിക്കുമ്പോൾ ലഭിക്കുന്ന ഊർജ്ജപ്രസരണത്താൽ പാപബോധവും പശ്ചാത്താപവും ഉണ്ടാവുകയും ആ ചാലകശക്തിയാൽ നാം ആത്മീയമായി വളരുകയും ചെയ്യും. കല്ലായുള്ള ഹൃദയങ്ങൾ ഇങ്ങനെയാണ് ഉരുകിയുരുകി വിശുദ്ധീകരിക്കപ്പെടുക. മത്താ.3:11-ൽ യോഹന്നാൻ സ്നാപകൻ പറഞ്ഞായിരുന്നു ക്രിസ്തു പരിശുദ്ധാത്മാവിനാലും അഗ്നിയാലും സ്നാനം കഴിപ്പിക്കുമെന്ന്. അഗ്നിസ്നാനമെന്നത് വേദപണ്ഡിതന്മാരുടെയിടയിൽ വ്യത്യസ്താഭിപ്രായങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. സഹസ്രാബ്ദയുഗത്തോടെ ക്രിസ്തുവും മണവാട്ടിയും ഒരുമിച്ചിരിക്കുമ്പോഴുണ്ടാകുന്ന അഭിഷേകോജ്ജ്വലമായ അഗ്നിജ്വാലയാകാം അഗ്നിസ്നാനം.

4. <u>പ്രാവ്</u> - സ്നാനത്തോടെ യേശുക്രിസ്തുവിന് സവിശേഷമായ അഭിഷേകം ഉണ്ടായ സത്യം മത്തായിയും (3:16) മർക്കോസും (1:9) ലൂക്കോസും (3:22) യോഹന്നാനും (1:32) എഴുതിയിരിക്കുന്നു. "പരിശുദ്ധാത്മാവ് പ്രാവെന്നപോലെ ഇറങ്ങി തന്റെമേൽ വരുന്നത് അവൻ കണ്ടു" (മത്താ.3:16). പ്രാവ് സമാധാനത്തിന്റെയും നിഷ്കപടതയുടെയും പ്രതീകമാണ്; പറന്നു പറന്ന് വിജയം വരിക്കുന്നതിന്റെയും സാദൃശ്യമാണ്. ശാന്തതയോടൊപ്പം കുറുകൽ എന്ന സവിശേഷതയും ഉണ്ട്. യാതൊരുവിധ അഭിനയവും ഇല്ലാത്ത ക്രൈസ്തവജീവിതം നമുക്കുണ്ടോ? ജീവിതം നമുക്കുണ്ടോ? ഉണ്ടെങ്കിൽ പരിശുദ്ധാത്മാവ് നമ്മെ അനുഗ്രഹിച്ചിട്ടുണ്ട്. ഉല്പ.8-ൽ 8 മുതലുള്ള വാക്യങ്ങളിൽ "ഭൂമിയിൽ വെള്ളം കുറഞ്ഞുവോ എന്നറിയേണ്ടതിന് അവൻ ഒരു പ്രാവിനെയും

## കുഞ്ഞുങ്ങളെ അനുഗ്രഹിക്കുന്ന യേശു



എന്റെ പേര് ഷൈനി അശ്വിൻ. ഞാൻ എറണാകുളം ജില്ലയിൽ താമസിക്കുന്നു. എന്റെ കുഞ്ഞിന് രണ്ട്, മൂന്നു മാസം പ്രായമുള്ളപ്പോൾ പാൽ കുടിച്ചതിനുശേഷം കിടത്തിയുറക്കിക്കഴിയുമ്പോൾ മൂക്കിൽ കൂടി പാൽ ഒലിച്ചിറങ്ങുന്ന ഒരവസ്ഥയുണ്ടായിരുന്നു. അങ്ങനെയിരിക്കെയാണ് ഞാൻ 2015 ആഗസ്റ്റിൽ എറണാകുളത്തുവെച്ച് ദേവസ്യാ സാറിന്റെ മീറ്റിംഗിൽ പങ്കെടുക്കുവാനിടയായത്. അതിനുശേഷം കുഞ്ഞിന്റെ ആ അവസ്ഥക്ക് മാറ്റം വന്നു. മാത്രമല്ല എന്റെ അപ്പച്ചന് ഷുഗറിന്റെ പ്രശ്നങ്ങളുണ്ടയിരുന്നു. പ്രാർത്ഥനയ്ക്കുശേഷം ഇപ്പോൾ അത് നോർമ്മൽ അവസ്ഥയിലായി. കുട്ടികൾക്ക് ഇടയ്ക്കിടയ്ക്ക് പനിയും മറ്റും വരാറുണ്ടായിരുന്നു. പ്രാർത്ഥനക്കുശേഷം അതിനും ഒത്തിരി ശമനമുണ്ടായി. ഇങ്ങനെ നിരവധിയായ അനുഗ്രഹങ്ങളാൽ എന്റെ കർത്താവ് ഞങ്ങളുടെ കുടുംബത്തെ പരിപാലിച്ചു വരുന്നു. ദൈവമെ നന്ദി,

**ഷൈനി അശ്വിൻ നെട്ടൂർ, എറണാകുളം Ph: 9846261850**

# Fundamental Knowledge of True Theology - Chapter :16
# PNEUMATOLOGY PART 1
# പരിശുദ്ധാത്മശാസ്ത്രം

തന്റെ അടുക്കൽനിന്ന് പുറത്തുവിട്ടു. എന്നാൽ സർവ്വഭൂമിയിലും വെള്ളം കിടക്കകൊണ്ട് പ്രാവ് കാൽവെയ്ക്കാൻ സ്ഥലം കാണാതെ അവന്റെ അടുക്കൽ പെട്ടകത്തിലേക്ക് മടങ്ങിവന്നു.............. 7 ദിവസം കഴിഞ്ഞ് അവൻ വീണ്ടും പ്രാവിനെ പുറത്തുവിട്ടു. ഒരു പച്ച ഒലിവിലയുമായി പ്രാവ് വൈകുന്നേരം തിരിച്ചെത്തി............7 ദിവസം കഴിഞ്ഞ് നോഹ വീണ്ടും പ്രാവിനെ അയച്ചു. അത് മടങ്ങിവന്നില്ല" (ഉല്പ.8:8-11).

ഒരു ഒലിവിലയുമായാണ് പ്രാവ് ഒരു പ്രാവശ്യം മടങ്ങിവന്നത്. വെള്ളം നിറഞ്ഞ് അഴുകിയ മണ്ണിൽ, വളർന്നു നിന്ന മരത്തിലെ ഒലിവിലയുടെ പച്ചപ്പും പാപാസ്വസ്ഥകൾ നിറഞ്ഞ ഹൃദയത്തിലേക്ക് വചനവും ആത്മാവും എത്തിനോക്കുമ്പോഴുള്ള സമാധാന അന്തരീക്ഷവും എല്ലാം ആലോചനാമൃതങ്ങളായ കാര്യങ്ങളാണ്. എല്ലാം പരിശുദ്ധാത്മാവിന്റെ പ്രതീകങ്ങൾ തന്നെ. യെശ.38:14-ൽ "മീവൽപക്ഷിയോ കൊക്കോ എന്നപോലെ ഞാൻ ചിലച്ചു; ഞാൻ പ്രാവുപോലെ കുറുകി. എന്റെ കണ്ണ് ഉയരത്തിലേക്ക് നോക്കി ക്ഷീണിച്ചിരിക്കുന്നു, യഹോവെ, ഞാൻ ഞെരുങ്ങിയിരിക്കുന്നു: നീ എനിക്ക് ഇട നിൽക്കണമെ". യാഗാഗ്നിയിൽ ഹോമിക്കുവാൻ പ്രാവിനെയും പഴയനിയമകാലത്ത് ഉപയോഗിച്ചിരുന്നു. പ്രാവിന്റെ കുറുകൽ കേൾക്കുവാൻ രസം തന്നെ. ''ആത്മാവു തന്നെ ഉച്ചരിച്ചുകൂടാത്ത ഞെരക്കങ്ങളാൽ നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നു'' (റോമ.8:26). ഉച്ചരിച്ചുകൂടാത്ത ഞരങ്ങലും പ്രാവിന്റെ കുറുകലും! ലേവ്യ.5-ാം അദ്ധ്യായത്തിൽ 7-ാം വാക്യത്തിൽ ആട്ടിൻകുട്ടിക്ക് അവന് വകയില്ലെങ്കിൽ താൻ ചെയ്ത പാപം നിമിത്തം അവൻ രണ്ട് കുറുപ്രാവിനെയൊ രണ്ട പ്രാവിൻ കുഞ്ഞിനെയൊ ഒന്നിനെ പാപയാഗമായും മറ്റതിനെ ഹോമയാഗമായും യഹോവയ്ക്ക് കൊണ്ടുവരണം. 11-ാം വാക്യത്തിൽ ''രണ്ട് കുറുപ്രാവിനൊ രണ്ട് പ്രാവിൻകുഞ്ഞിനെയൊ അവന് വകയില്ലെങ്കിൽ പാപം ചെയ്തവൻ പാപയാഗത്തിന് ഒരു ഇടങ്ങഴി നേരിയ മാവ് വഴിപാടായി കൊണ്ടുവരണം.'' പുതിയനിയമത്തിലും ഒരു യാഗസ്വഭാവം വെളിപ്പെടുത്തിയിട്ടുണ്ട്. അത് ക്രിസ്തുവിനെ സമർപ്പിച്ചപ്പോഴായിരുന്നു. ''മോശെയുടെ ന്യായപ്രമാണപ്രകാരം അവളുടെ ശുദ്ധീകരണകാലം തികഞ്ഞപ്പോൾ, കടിഞ്ഞൂലായ ആണൊക്കെയും കർത്താവിന് വിശുദ്ധമായിരിക്കണമെന്ന് കർത്താവിന്റെ ന്യായപ്രമാണത്തിലെഴുതിയിരിക്കുന്നതുപോലെ അവനെ കർത്താവിന് അർപ്പിക്കാനും ഒരു ഇണകുറുപ്രാവിനെയൊ രണ്ട് പ്രാവിൻകുഞ്ഞിനെയൊ കർത്താവിന്റെ ന്യായപ്രമാണത്തിൽ കല്പിച്ചതുപോലെ യാഗം കഴിപ്പാനും അവൻ അവനെ യെരുശലേമിലേക്ക് കൊണ്ടുപോയി" (ലൂക്കോ.2:22-24).

5. <u>എണ്ണ</u> - പഴയനിയമകാലത്ത് പ്രഗത്ഭമതികളെ അഭിഷേകം ചെയ്യാനുപയോഗിച്ചിരുന്നത് എണ്ണയാണ്. ലേവ്യ.8:30-ൽ മോശയെ അഭിഷേകതൈലവും യാഗപീഠത്തിൻമേലുള്ള രക്തവും കുറേശ്ശെയെടുത്ത് അഹരോന്റെമേലും അവന്റെ വസ്ത്രത്തിന്റെമേലും അവന്റെ പുത്രന്മാരുടെമേലും പുത്രന്മാരുടെ വസ്ത്രത്തിന്മേലും തെളിച്ചു എന്ന് നാം കാണുന്നു. പുരോഹിതന്മാർക്ക് സ്ഥാനാരോഹണം കൊടുത്തതാണ് അത്. യെശ.61:1,2-ൽ ''എളിയവരോട് സദ്വർത്തമാനം ഘോഷിപ്പാൻ യഹോവ എന്നെ അഭിഷേകം ചെയ്തിരിക്കകൊണ്ട്, യഹോവയായ കർത്താവിന്റെ ആത്മാവ് എന്റമേലിരിക്കുന്നു. ഹൃദയം തകർന്നവരെ മുറി കെട്ടുവാനും തടവുകാർക്ക് വിടുതലും ബദ്ധന്മാർക്ക് സ്വാതന്ത്ര്യവും അറിയിപ്പാനും യഹോവയുടെ പ്രസാദവർഷവും നമ്മുടെ ദൈവത്തിന്റെ പ്രതികാരദിവസവും പ്രസിദ്ധമാക്കുവാനും .............'' അപ്പോഴും എണ്ണയായിരിക്കണം ഉപയോഗിച്ചത്. ഇത് പ്രവാചകന്മാരെ അഭിഷേകം ചെയ്യുന്ന വിധമാണ്. ഇനി രാജാക്കന്മാർക്കുള്ള അഭിഷേകം: ശൗലിനെ അഭിഷേകം ചെയ്യുന്നു "അപ്പോൾ ശമുവേൽ തൈലപാത്രമെടുത്ത് അവന്റെ തലയിൽ ഒഴിച്ച് അവനെ ചുംബിച്ച് പറഞ്ഞത് : യഹോവ തന്റെ അവകാശത്തിന് പ്രഭുവായി നിന്നെ അഭിഷേകം ചെയ്തിരിക്കുന്നു" 1 ശമു.10:1 "പിന്നെ തൈലപാത്രമെടുത്ത് അവന്റെ തലയിൽ ഒഴിച്ച് : ഞാൻ നിന്നെ യിസ്രയേലിന് രാജാവായി അഭിഷേകം ചെയ്തിരിക്കുന്നു എന്നു പറഞ്ഞിട്ട് വാതിൽ തുറന്നു, താമസിയാതെ ഓടിപ്പോരുക" (2 രാജാ.9:3,6). പുരോഹിതന്മാരെ മാത്രമല്ല പ്രവാചകന്മാരെയും




രാജാക്കന്മാരെയുമൊക്കെ അഭിഷേകം ചെയ്യാൻ എണ്ണ ഉപയോഗിച്ചിരുന്നു. അഭിഷേകതൈലം എന്ന വാക്കാണ് എണ്ണയ്ക്കു പകരം ഉപയോഗിക്കുക. പുറ.30:22-30 കുറിയ്ക്കാം. "യഹോവ പിന്നെയും മോശയോട് കല്പിച്ചതെന്തെന്നാൽ; മേൽത്തരമായ സുഗന്ധവർഗ്ഗവുമായി വിശുദ്ധമന്ദിരത്തിലെ തൂക്കപ്രകാരം അഞ്ഞൂറ് ഷെക്കേൽ അയഞ്ഞ മൂരും അതിൽ പാതി ഇരുനൂറ്റമ്പത് ഷെക്കേൽ സുഗന്ധലവംഗവും അഞ്ഞൂറ് ഷെക്കേൽ വഴനത്തൊലിയും ഒരു ഹീൻ ഒലിവെണ്ണയും എടുത്തു തൈലക്കാരന്റെ വിദ്യപ്രകാരം ചേർത്തുണ്ടാക്കിയ വിശുദ്ധമായ അഭിഷേക തൈലം ആക്കേണം; അത് വിശുദ്ധമായ അഭിഷേകതൈലമായിരിക്കേണം. അതിനാൽ നീ സമാഗമനകൂടാരവും സാക്ഷ്യപെട്ടകവും മേശയും അതിന്റെ ഉപകരണങ്ങളൊക്കെയും നിലവിളക്കും അതിന്റെ ഉപകരണങ്ങളും ധൂപപീഠവും ഹോമയാഗപീഠവും അതിന്റെ ഉപകരണങ്ങളൊക്കെയും തൊട്ടിയും അതിന്റെ കാലും അഭിഷേകം ചെയ്യേണം. അവ അതിവിശുദ്ധമായിരിക്കേണ്ടതിന് അവയെ ശുദ്ധീകരിക്കേണം; അവയെ തൊടുന്നവനൊക്കെയും വിശുദ്ധനായിരിക്കേണം. അഹരോനെയും അവന്റെ പുത്രന്മാരെയും എനിക്ക് പുരോഹിതശുശ്രൂഷ ചെയ്യേണ്ടതിന് നീ അഭിഷേകം ചെയ്ത് ശുദ്ധീകരിക്കേണം.'' പഴയനിമയത്തിലെ എണ്ണ പുതിയനിയമത്തിലെ ആത്മാവിന്റെ സാദൃശ്യമാണ്. അച്ചാരം, മുദ്ര, വസ്ത്രധാരണം, ദാസൻ, നിക്ഷേപം, കാര്യസ്ഥൻ എന്നിങ്ങനെ പരിശുദ്ധാത്മാവിന്റെ സാദൃശ്യങ്ങൾ വേറെയുമുണ്ട്.

### പരിശുദ്ധാത്മാവിന്റെ ആളത്തവും ദൈവത്തവും

1. അവൻ എന്നും അവനെ എന്നും താൻ എന്നും ഒക്കെ പരിശുദ്ധാത്മാവിനെ വിശേഷിപ്പിച്ചിട്ടുണ്ട്. യോഹ.15:26-ൽ.........."സത്യാത്മാവു വരുമ്പോൾ 'അവൻ' എന്നെക്കുറിച്ച് സാക്ഷ്യം പറയും" യോഹ.16:13. "അവൻ സ്വയമായി സംസാരിക്കാതെ താൻ കേൾക്കുന്നത് സംസാരിക്കുകയും.........." യോഹ.16:17. "ഞാൻ പോയാൽ 'അവനെ' നിങ്ങളുടെ അടുക്കൽ അയയ്ക്കും".

ഒരു ആളത്തം അഥവാ വ്യക്തിത്വം ഉള്ളപ്പോഴാണ് നാം ഇത്തരം പദങ്ങൾ വിളിക്കുന്നത്. പരിശുദ്ധാത്മാവിന് അറിവുണ്ട് (1 കൊരി.2:10), ഇച്ഛയുണ്ട് (1 കൊറി.12:11), മനസ്സുണ്ട് (അപ്പൊ.16:6), സ്നേഹമുണ്ട് (റോമ.15:30), ബുദ്ധിശക്തിയുണ്ട്, ദു:ഖമുണ്ട് (എഫേ.4:30), പരിശുദ്ധാത്മാവ് പഠിപ്പിക്കുന്നു (യോഹ.14:26), നയിക്കുന്നു (റോമ.8:14), വിലക്കുന്നു (അപ്പൊ.16:6,7), പറഞ്ഞയക്കുന്നു (അപ്പൊ.13:1,2), ബോധവൽക്കരിക്കുന്നു (യോഹ.16:8).

1 കൊരി.2:10-ൽ "നമുക്കോ ദൈവം തന്റെ ആത്മാവിനാൽ വെളിപ്പെടുത്തിയിരിക്കുന്നു; ആത്മാവ് സകലത്തെയും ദൈവത്തിന്റെ ആഴങ്ങളെയും ആരായുന്നു.'' അപ്പോൾ ആഴങ്ങളെയും ആരായുക എന്ന ജോലി ചെയ്യുന്ന ഒരു വ്യക്തിക്കും ആളത്തം ഉണ്ടെന്ന് നമുക്ക് തെളിയുന്നു. വെളിപ്പാട് പുസ്തകത്തിൽ 2:7,11,17, 2:29, 3:6, 13, 22 എന്നിവിടങ്ങളിൽ പരിശുദ്ധാത്മാവ് സംസാരിക്കുന്നു എന്ന് "ആത്മാവ് സഭകളോട് പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ" എന്നും എഴുതിയിരിക്കുന്നു. പരിശുദ്ധാത്മാവ് അവരെ പറഞ്ഞയച്ചിട്ട് അവർ സെലൂക്യയിലേക്ക് ചെന്നു. അവിടെ നിന്ന് കപ്പൽ കയറി (അപ്പൊ.13:4). അപ്പൊ.8:29-ൽ "ആത്മാവ് പീലിപ്പോസിനോട് നീ അടുത്തുചെന്ന് തേരിനോട് ചേർന്നു നടക്ക എന്നു പറഞ്ഞു". അപ്പൊ.8:39-ൽ "അവൻ വെള്ളത്തിൽ നിന്ന് കയറിയപ്പോൾ കർത്താവിന്റെ ആത്മാവ് പീലിപ്പോസിനെ എടുത്തുകൊണ്ടുപോയി.'' ഇതൊരു അത്ഭുതം തന്നെയായിരുന്നു. ആളത്തവും വ്യക്തിത്വവും ഉണ്ടെന്നുള്ളതിന്റെ ഏറ്റവും വലിയ തെളിവാണ് പിതാവിനോടും പുത്രനോടുമുള്ള നേരിട്ടുള്ള ബന്ധം. അതുപോലെ തന്നെ പരിശുദ്ധാത്മാവിന് അപ്പൊസ്തലന്മാരുമായും നല്ല ബന്ധം ഉണ്ടായിരുന്നു.

ദൈവത്വം: അപ്പൊസ്തലപ്രവർത്തനങ്ങൾ 5-ാം അദ്ധ്യായത്തിലെ സംഭവം പരിശുദ്ധാത്മാവിന്റെ ദൈവത്വത്തിന് ഉത്തമോദാഹരണാണ്. "എന്നാൽ അനന്യാസ് എന്നു പേരുള്ള ഒരു പുരുഷൻ തന്റെ ഭാര്യയായ സഫീരയോടുകൂടെ നിലം വിറ്റു. ഭാര്യയുടെ അറിവോടെ വിലയിൽ കുറെ എടുത്തുവെച്ചു. അപ്പോൾ പത്രോസ്: അനന്യാസെ, പരിശുദ്ധാത്മാവിനോട് വ്യാജം കാണിപ്പാനും

## Fundamental Knowledge of True Theology - Chapter :16

# PNEUMATOLOGY PART 1

# പരിശുദ്ധാത്മശാസ്ത്രം

നിലത്തിന്റെ വിലയിൽ കുറെ എടുത്തുവെയ്ക്കുവാനും സാത്താൻ നിന്റെ ഹൃദയം കൈവശമാക്കിയത് എന്ത്? അത് വിൽക്കുംമുമ്പെ നിന്റേതായിരുന്നില്ലയോ? വിറ്റ ശേഷവും കൈവശമല്ലാഞ്ഞുവോ? ഈ കാര്യത്തിന് നീ മനസ്സുവെച്ചതെന്ത്? മനുഷ്യരോടല്ല, ദൈവത്തോടത്രെ നീ വ്യാജം കാണിച്ചത്. ഈ വാക്കു കേട്ടിട്ട് അനന്യസ് വീണ് പ്രാണനെ വിട്ടു" (1-5). സഫീരക്കും മരിക്കേണ്ടി വന്നുവെന്ന് അപ്പൊ.5:10-ലും നാം വായിക്കുന്നു.

ദൈവീകത്രീത്വത്തോട് വളരെയേറെ ബന്ധപ്പെട്ട ഒരു വിഷയമാണ് പരിശുദ്ധാത്മാവിന്റെ ദൈവത്വം എന്ന വിഷയം. ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നുവെന്ന് റോമാ ലേഖനം 8-ാം അദ്ധ്യായത്തിൽ പഠിപ്പിക്കുന്നു. ക്രിസ്തു നമ്മളിൽ വസിക്കുന്നുവെന്നും പഠിപ്പിക്കപ്പെടുന്നു. പിതാവ് വസിക്കുന്നുവെന്നും ഉയിർപ്പിച്ചവൻ എന്ന അർത്ഥത്തിൽ പറഞ്ഞിരിക്കുന്നു. കുറിയ്ക്കാം. "നിങ്ങളോ, ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നു വരികിൽ ജഡസ്വഭാവമുള്ളവരല്ല. ആത്മസ്വഭാവമുള്ളവരത്രെ. ക്രിസ്തുവിന്റെ ആത്മാവില്ലാത്തവൻ അവനുള്ളവനല്ല. ക്രിസ്തു നിങ്ങളിലുണ്ടെങ്കിലോ ശരീരം പാപം നിമിത്തം മൃതമെങ്കിലും ആത്മാവ് നീതി നിമിത്തം ജീവനാകുന്നു. യേശുവിനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിച്ചവന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നുവെങ്കിൽ ക്രിസ്തുയേശുവിനെ മരണത്തിൽ നിന്ന് ഉയിർപ്പിച്ചവൻ നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവിനെ കൊണ്ട് നിങ്ങളുടെ മർത്യശരീരങ്ങളെയും ജീവിപ്പിക്കും" (റോമ.8:9,10,11). കൃത്യമായും ഈ വാക്യത്തിന്റെ പൊരുൾ പറയാം. ആത്മാവായ ത്രീയേകദൈവം, മൂന്ന് ആളത്തങ്ങളിൽ സ്ഥിതി ചെയ്യുമ്പോൾ തന്നെ, നമ്മുടെ മാനസാന്തരവും വീണ്ടുംജനനവും അഭിഷേകം പ്രാപിക്കലും സത്യസന്ധവും വിശുദ്ധവുമാണെങ്കിൽ നമ്മുടെയുള്ളിലും വസിക്കുന്നു.

### പരിശുദ്ധാത്മാവിന്റെ ദൈവീക ലക്ഷണങ്ങൾ

ദൈവത്തിന്റെ സുപ്രധാനലക്ഷണങ്ങളായ 1. സർവ്വവ്യാപകത്വം, 2 സർവ്വശക്തി, 3. സർവ്വജ്ഞാനം, 4. നിത്യത്വം, 5. വിശുദ്ധി, 6. സ്നേഹം, 7. സത്യം എന്നിവയെല്ലാം പരിശുദ്ധാത്മാവിനും നല്ലവണ്ണം ഇണങ്ങിച്ചേരുന്നതായി ബൈബിൾ പഠിപ്പിക്കുന്നു.

1. <u>സർവ്വവ്യാപകത്വം</u> - ബൈബിൾ, സങ്കീർത്തനങ്ങളിലൂടെ ഇങ്ങനെ ചോദിക്കുന്നു. "നിന്റെ ആത്മാവിനെ ഒളിച്ച് ഞാൻ എങ്ങോട്ട് പോകും? തിരുസന്നിധി വിട്ട് ഞാൻ എവിടേയ്ക്ക് ഓടും? ഞാൻ സ്വർഗ്ഗത്തിൽ കയറിയാൽ നീ അവിടെയുണ്ട്. പാതാളത്തിൽ എന്റെ കിടക്ക വിരിച്ചാൽ നീ അവടെയുണ്ട്. ഞാൻ ഉഷസ്സിൽ ചിറകു ധരിച്ച് സമുദ്രത്തിന്റെ അറ്റത്ത് ചെന്ന് പാർത്താൽ അവിടെയും നിന്റെ കൈ എന്നെ നടത്തും, നിന്റെ വലംകൈ എന്നെ പിടിക്കും'' (7-10). യോഹന്നാന്റെ സുവിശേഷത്തിൽ 14-ാം അദ്ധ്യായത്തിൽ 16,17 വാക്യങ്ങളിൽ ''എന്നാൽ ഞാൻ പിതാവിനോട് ചോദിക്കും: അവൻ സത്യത്തിന്റെ ആത്മാവെന്ന മറ്റൊരു കാര്യസ്ഥനെ **<u>എന്നേക്കും നിങ്ങളോടുകൂടി ഇരിക്കേണ്ടതിന്</u>** നിങ്ങൾക്ക് തരും. ലോകം അവനെ കാണുകയോ അറിയുകയോ ചെയ്യായ്കയാൽ അതിന് അവനെ ലഭിപ്പാൻ കഴിയുകയില്ല. നിങ്ങളോ, അവൻ **<u>നിങ്ങളോടുകൂടെ വസിക്കുകയും നിങ്ങളിൽ ജീവിക്കുകയും</u>** ചെയ്യുന്നതുകൊണ്ട് അവനെ അറിയുന്നു". അവൻ എന്നേക്കും നിങ്ങളോടുകൂടെ ഇരിക്കും എന്നു പറഞ്ഞാൽ അതിന്റെ അർത്ഥമെന്താണ് ? ഒരു വിശ്വാസി എപ്പോൾ എങ്ങനെ ഇരിക്കുന്നുവോ അയാൾ വിശ്വാസത്തിലും, വിശുദ്ധിയിലും വചനാഭിഷേകത്തിലും, ആണെങ്കിൽ പരിശുദ്ധാത്മാവ് സർവ്വവ്യാപിയായതുകൊണ്ട് അയാളിൽ വസിക്കുക തന്നെ ചെയ്യും. പരിശുദ്ധാത്മാവ് സർവ്വവ്യാപിയാണ് എന്ന് ഇവിടെയും തെളിയുകയാണ്. ക്രിസ്തുശിഷ്യന്മാരായ അപ്പൊസ്തലന്മാർക്ക് സന്ദേശങ്ങൾ കൊടുക്കുന്നതും ഇന്ന് ക്രുസ്തുഭക്തന്മാരിലൂടെ അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിക്കുന്നതും എല്ലാം പരിശുദ്ധാത്മാവാണ്, പരിശുദ്ധാത്മാവിന്റെ സർവ്വവ്യാപകത്വം (Omnipresence) പിതാവിന്റെയും ക്രിസ്തുവിന്റെയും പോലെ വ്യക്തമായും തെളിയിക്കപ്പെടുന്നു.

2. <u>സർവ്വജ്ഞത</u> (Omniscience) - ദൈവത്തിലുള്ളതെല്ലാം പരിശുദ്ധാത്മാവ് അറിയുന്നുവെങ്കിൽ പരിശുദ്ധാത്മാവ് സർവ്വജ്ഞാനിയാണല്ലോ, അർത്ഥം? 1 കൊരി.2:10,11,12-ൽ




പറഞ്ഞിരിക്കുന്നു "ആത്മാവ് സകലത്തെയും ദൈവത്തിന്റെ ആഴങ്ങളെയും ആരായുന്നു. മനുഷ്യനിലുള്ളത് അവനിലെ മനുഷ്യാത്മാവ് അല്ലാതെ മനുഷ്യരിൽ ആരറിയും? അവ്വണ്ണം തന്നെ, ദൈവത്തിലുള്ളത് ദൈവാത്മാവല്ലാതെ ആരും ഗ്രഹിച്ചിട്ടില്ല."

3. സർവ്വശക്തി - ഈ പ്രപഞ്ചത്തെ സൃഷ്ടിക്കാൻ കഴിയുന്നതിനെക്കാൾ വലുത് എന്താണുള്ളത്? ഉല്പ.1:2-ൽ "ഭൂമി രൂപരഹിതമായും ശൂന്യമായും ഇരുന്നു; ആഴത്തിൻമീതെ ഇരുൾ ഉണ്ടായിരുന്നു. ദൈവത്തിന്റെ ആത്മാവ് വെള്ളത്തിൻമീതെ പരിവർത്തിച്ചുകൊണ്ടിരുന്നു" എന്ന തിരുവെഴുത്ത് ശ്രദ്ധവെച്ചു വായിച്ചാൽ ലോകസൃഷ്ടിയിൽ പരിശുദ്ധാത്മാവിനുള്ള പങ്കും നമുക്ക് മനസ്സിലാകും, അവന്റെ, സർവ്വശക്തിയും മനസ്സിലാകും. ഇയ്യോബ് ഇങ്ങനെ പറയുന്നു: "ദൈവത്തിന്റെ ആത്മാവ് എന്നെ സൃഷ്ടിച്ചു. സർവ്വശക്തന്റെ ശ്വാസം എനിക്ക് ജീവനെ തരുന്നു"(33:4). പുറ.35-ൽ 30 മുതലുള്ള തിരുവചനങ്ങൾ - "എന്നാൽ മോശെ യിസ്രായേൽ മക്കളോട് പറഞ്ഞത്: നോക്കുവിൻ; യഹോവ യഹൂദാഗോത്രത്തിൽ ഹൂറിന്റെ മകനായ ഊരിയുടെ മകൻ ബെസലേലിനെ പേർ ചൊല്ലി വിളിച്ചിരിക്കുന്നു. കൗശലപ്പണികളെ സങ്കല്പിച്ചുണ്ടാക്കുവാൻ പൊന്ന്, വെള്ളി, താമ്രം എന്നിവകൊണ്ട് പണി ചെയ്യുവാനും രത്നം വെട്ടി പതിപ്പാനും മരത്തിൽ കൊത്തുപണിയായ സകലവിധ കൗശലപ്പണിയും ചെയ്യുവാനും അവൻ ദിവ്യാത്മാവിനാൽ അവനെ ജ്ഞാനവും ബുദ്ധിയും അറിവും സകലവിധ സാമർത്ഥ്യവും കൊണ്ട് നിറച്ചിരിക്കുന്നു. അവന്റെ മനസ്സിലും ദാൻ ഗോത്രത്തിൽ അഹീസാമാക്കിന്റെ മകനായ ഒഹല്യാവിന്റെ മനസ്സിലും മറ്റുള്ളവരെ പഠിപ്പിക്കാൻ അവൻ തോന്നിച്ചിരിക്കുന്നു". ലൂക്കോ.1:35-ൽ: "പരിശുദ്ധാത്മാവ് നിന്റെമേൽ വരും: അത്യുന്നതന്റെ ശക്തി നിന്റെമേൽ നിഴലിടും: ആകയാൽ ഉത്ഭവിക്കാൻ പോകുന്ന വിശുദ്ധപ്രജ ദൈവപുത്രൻ എന്ന് വിളിക്കപ്പെടും." അത്യുന്നതന്റെ ശക്തി തന്നെയും സർവ്വശക്തിയാണല്ലോ.

4. നിത്യത്വം. എബ്രാ.9:14-ൽ "നിത്യാത്മാവിനാൽ ദൈവത്തിന് തന്നെത്താൻ നിഷ്ക്കളങ്കനായി അർപ്പിച്ച ക്രിസ്തുവിന്റെ രക്തം ജീവനുള്ള ദൈവത്തെ ആരാധിപ്പാൻ നിങ്ങളുടെ മനസ്സാക്ഷിയെ നിർജ്ജീവപ്രവൃത്തികളെപോക്കി എത്രയധികം ശുദ്ധീകരിക്കും!" വചനം തുടങ്ങിയതു തന്നെ നിത്യാത്മാവിനാൽ എന്നാണല്ലോ.

## പരിശുദ്ധാത്മാവ് പഴയനിയമത്തിലും പുതിയനിയമത്തിലും

പ്രപഞ്ചസൃഷ്ടിയിൽ ദൈവം ദൈവാത്മാവിന്റെ സഹായം സ്വീകരിച്ചു. ഉല്പത്തിപുസ്തകം ആദ്യ അദ്ധ്യായത്തിൽ ആദ്യ വചനങ്ങളിൽതന്നെ അക്കാര്യം രേഖപ്പെടുത്തിയിട്ടുണ്ട്. നോഹയുടെ കാലത്തെ ജനം വഷളത്തം പ്രാപിച്ച് തിന്മ നിറഞ്ഞ ജീവിതം നയിച്ചപ്പോഴാണ് പ്രളയമുണ്ടായത്. അന്ന് നോഹയുടെമേൽ ദൈവാത്മാവ്

(ശേഷം 21-ാം പേജിൽ)



## യേശു സൗഖ്യമാക്കി

ഞാൻ രാജൻ. കണ്ണൂർജില്ലയിൽ താമസിക്കുന്നു. ഇപ്പോൾ ഞാൻ ജോലി സംബന്ധമായി സൗദിയിലാണ്. ഏതാണ്ട് മൂന്നു മാസത്തോളമായി എനിക്ക് കൈക്കും കാലിനുമൊക്കെ നല്ല വേദനയായിരുന്നു. ചികിത്സകളൊക്കെ ചെയ്തുവെങ്കിലും കാര്യമായ പുരോഗതിയൊന്നുമുണ്ടായിരുന്നില്ല. എല്ലിന് തേയ്മാനമുണ്ടെന്നാണ് ഡോക്ടേഴ്സ് പറഞ്ഞത്. അങ്ങനെയിരിക്കെ ഞാൻ ലീവിന് നാട്ടിൽ വന്നപ്പോൾ എറണാകുളത്ത് പോയി ദേവസ്യാ മുല്ലക്കര സാറിനെ കാണുകയും സാർ എനിക്കുവേണ്ടി പ്രാർത്ഥിച്ചപ്പോൾ കർത്താവ് പ്രാർത്ഥന കേട്ട് എന്റെ രോഗത്തെ സൗഖ്യമാക്കുകയും ചെയ്തു. കർത്താവ് എനിക്കുവേണ്ടി ചെയ്ത അനുഗ്രഹത്തെ ഓർത്ത് ഞാനവിടുത്തെ സ്തുതിക്കുന്നു ആരാധിക്കുന്നു മഹത്വപ്പെടുത്തുന്നു...........

**രാജൻ കണ്ണൂർ Ph: 9846261850**

# ആരാധനാ കേന്ദ്രങ്ങളും ഇടദിവസങ്ങളിലെ കൂട്ടായ്മകളും



**പാ.തോമസ്**
Ph:9495787779
**മീനങ്ങാടി**
ഹൗസ് ഓഫ് ഹോപ്പ്
ബസ്സ് സ്റ്റാന്റിന് എതിർവശം

**കല്ലുപാടി**
സാജൻ ഭവനം വെള്ളി 6 pm to 9 pm
Ph: 9447263310



**പാ.ജോർജ്ജ്കുട്ടി മലയിക്കൽ**
Mob:9495326295
**മാനന്തവാടി**
കബനി ടൂറിസ്റ്റ്ഹോം
വള്ളിയൂർക്കാവ് റോഡ്
ഞായർ 9.30 am 12.30 pm (ആരാധന)



**പാ.വർഗീസ്**
Mob: 9526676084
8547963084
**പനമരം**
വ്യാപാരഭവൻ
ഞായർ 10.00 am to 1.00 pm (ആരാധന)



**പാ: മത്തായി പൊട്ടനാനിക്കൽ**
Mob:9747757609
**പുൽപ്പള്ളി**
CO.Operative college
ഞായർ 9.30 am to 12 noon (ആരാധന)
ഞായർ 2.30 pm to 5 pm കാവിങ്കൽ തങ്കമ്മ (ചെറുപള്ളി)
1-ാം തിങ്കൾ : പ്രാർത്ഥന-ഒഫള്ളി-കർണ്ണാടക
**പാടിച്ചിറ** വീനീഷ്ഭവനം
ചൊവ്വ 5.30 pm- 7.30 pm(പ്രാർത്ഥന)
**പുൽപ്പള്ളി 73** സിബിച്ചൻ ഭവനം
ബുധൻ 5 pm- 7 pm (പ്രാർത്ഥന)
**ഭൂദാനം** പാ.മത്തായി ഭവനം, വെള്ളി
10.00 am- 1.00 pm (ഉപവാസ പ്രാർത്ഥന)

Mrs.&Mr. ഡോ.ഫെർഡിനന്റ് ദാനം (പാസ്റ്റർ)




Mob:9446648411
**മേപ്പാടി**
രാജൻഭവനം
നെടുംപാല
ഞായർ 10.30 am- 1.00 pm (ആരാധന)
**കൽപറ്റ** ലൂഥറൻ ചർച്ച്(Opp.പഴയബസ്റ്റാന്റ്)
ഞായർ 2.30 pm- 5.00 pm (ആരാധന)

## കോഴിക്കോട് ജില്ല



**പാ: ജോണി പാറപ്പുറത്ത്**
Mob:9961854203
**കോഴിക്കോട്**
ആത്മാഭിഷേകം വർഷിപ്പ് സെന്റർ, പിടിഉഷാറോഡ്
(അമലാപുരി പള്ളിക്കെതിർവശത്തുള്ള കെട്ടിടത്തിന്റെ ഒന്നാംനിലയിൽ
ഞായർ 10.00 am to 1.00 pm (ആരാധന)
ശനി: 10.30 am 2.00 pm (ഉപവാസപ്രാർത്ഥന)

**തിരുവമ്പാടി,** ആത്മാഭിഷേകം പ്രയർ ഹാൾ, 2nd floor ലിറ്റിൽ ഫ്ളവർ ഓഡിറ്റോറിയം ചർച്ച് റോഡ്,
ഞായർ 3 pm- 5.30 pm (ആരാധന)



**പാ: ജോണി പാറപ്പുറത്ത്**
Mob:9961854203
**വടകര**
കോൺവന്റ് റോഡ്
വിജയ ഹോട്ടലിനു മുകളിൽ
ആരാധനയും,പ്രാർത്ഥനയും
വെള്ളിയാഴ്ച 10 am to 1 pm



**പാ.റോയ്**
Mob:9961259509
9645439869
**താമരശ്ശേരി**
വ്യാപാരഭവൻ
മിനികോൺഫ്രൻസ്ഹാൾ
ഞായർ 2 pm - 5 pm (ആരാധന)



**പാ.അബ്രഹാം കൈപ്പൻപ്ലാക്കൽ**
Mob:9947267701
**പേരാമ്പ്ര**
സാഗർ ഓഡിറ്റോറിയം,
സാഗർ ഹോട്ടലിന് മുകളിൽ
മീൻമാർക്കറ്റിന് സമീപം
ഞായർ 9.30 am to 1 pm (ആരാധന)

## പാലക്കാട് ജില്ല



**പാ:സജി ചെരുവുംകാലാ**
Mob:9447695624
**പാലക്കാട്**
തൃപ്തി ഹാൾ
ജില്ലാ ഹോസ്പിറ്റലിന് സമീപം
ഞായർ 10.00 am to 1.00 pm (ആരാധന)



**പാ.സ്കറിയ**
Mob:9995014257
**വളാഞ്ചേരി**
ജനത ടൂറിസ്റ്റ്ഹോം
ഞായർ 10 am to 1 pm (ആരാധന)

## തൃശൂർ ജില്ല



**പാ.ഷാജു സഖറിയാസ്**
Mob:9446988562
**തൃശ്ശൂർ**
ചേംബർ ഓഫ് കൊമേഴ്സ് ഹാൾ (A/C), പാലസ് റോഡ്,
സ്വപ്നാതീയേറ്ററിന് സമീപം
ഞായർ 10 am- 2 pm (ആരാധന)
**ചാലക്കുടി**
ഞായർ: 2.30 pm- 5 pm (ആരാധന)
**കുന്നംകുളം**
P.V.S പ്ലാസാ ഓഡിറ്റോറിയം
ഞായർ: 2.30 pm- 5 pm (ആരാധന)

## മലപ്പുറം ജില്ല



Pr.N.P Chackochan
Mob:9847866077
**പെരിന്തൽമണ്ണ**
Tee Tee Plaza
Tourist Home,
Near Moulana Hospital
ഞായർ 10 am- 1 pm (ആരാധന)



**പാ.ജോസ് കീച്ചേരിയിൽ**
Mob: 9539936979
**നിലമ്പൂർ**
വ്യാപാരഭവൻ, (കീർത്തിപ്പടി)
ഞായർ 10.30 am to 1 pm
(ആരാധന)

## എറണാകുളം ജില്ല





**പാ:സുരേഷ്** Mob:9388487301
**പാ.ദീപു** Mob:9745971555
**പാ.ബിനു** Mob:9947217398

**എറണാകുളം**
ആത്മാഭിഷേകം വർഷിപ്പ് സെന്റർ
പാലാരിവട്ടം സർക്കിൾ, മാർക്കറ്റ് റോഡ്,
മാർജിൻ ഫ്രീ സൂപ്പർമാർക്കറ്റിന് മുകളിൽ
(കാർഷിക വികസന ബാങ്കിന് സമീപം)
ഞായർ 10.00 am- 12.00 noon (ആരാധന)



**പാ. മത്തായി മാത്യു (ബേബിച്ചൻ)**
Mob:9947142748
**പെരുമ്പാവൂർ**
വ്യാപാര ഭവൻ
ഞായർ 10 am- 1 pm (ആരാധന)
**പറവൂർ** വ്യാപാരഭവൻ,
മിനികോൺഫ്രൻസ്ഹാൾ
ഞായർ: 2.30 pm- 5.30 pm (ആരാധന)



**പാ.ജോയി**
Mob:8086726173
**കാലടി**
വി.ഐ.പി. ഷോപ്പിംഗ് കോംപ്ലക്സ്
(പ്രൈവറ്റ് ബസ്റ്റാന്റിനു സമീപം).
ഞായർ 10.00 am - 1 pm
(ആരാധന)
**വ്യാഴം:** 10.30 am 2.00 pm (ഉപവാസപ്രാർത്ഥന)



**പാ.എം.സി.പൗലോസ്**
Mob:9446688679
**അങ്കമാലി**
സീനായ് ഷോപ്പിംഗ് സെന്റർ,
മുൻസിപ്പൽ ഓഫീസ്റോഡ്
KSRTC ക്കു സമീപം
ഞായർ 10 AM - 1 PM (ആരാധന)
വെള്ളി: 10 am - 5 pm (ഉപവാസ പ്രാർത്ഥന)
ബുധൻ: 5 pm - 8 pm (പുരുഷ കൂട്ടായ്മ)
ശനി: ഭവന പ്രാർത്ഥന



**പാ. അനിൽ എസ്**
Mob:9747900499, 9495166724
**മൂവാറ്റുപുഴ**
പാലപ്പുറം ബിൽഡിംഗ്
ഞായർ: 10 am - 1 pm (ആരാധന)
**കോതമംഗലം** ടി.എം. ജേക്കബ് മെമ്മോറിയൽ ഹാൾ
ഞായർ: 8 am -10 pm (ആരാധന)



**പാ. ജോസഫ് ഐരാപുരം**
Ph:9447055141
**ഫോർട്ടുകൊച്ചി**
YMCA Hall ചിരട്ടപ്പാലം
ഞായർ: 10 am- 1 pm (ആരാധന)
ഭവന പ്രാർത്ഥന: പ്രസീദ ടീച്ചർ ഭവനം
എല്ലാവ്യാഴാഴ്ചയും 11 am-1.30 pm
**പെരുമ്പടപ്പ്** വിൻസന്റ് ഭവനം
ഞായർ 4 pm - 6.30 pm (ആരാധന)

## ആരാധനാ കേന്ദ്രങ്ങളും ഇടദിവസങ്ങളിലെ കൂട്ടായ്മകളും



**പാ:സി.വി. ജോസ്സി**
Ph:9847052185
**പത്തനംതിട്ട**
നന്നുവക്കാട് YMCA ഹാൾ
(ചുരുളിക്കോട്)

ഞായർ: 10.00 am-1.00 pm (ആരാധന)
വെള്ളി: 10 am 1 pm (ഉപവാസപ്രാർത്ഥന)



**പാ. ബിജു**
Ph: 9447116820
**റാന്നി**
ഇട്ടിയപ്പാറ
തേൻമഠത്തിൽ ബിൽഡിംഗ്

ഞായർ: 10.30 am to 1 pm (ആരാധന)
ബുധൻ (പ്രാർത്ഥന)



**പാ. ബിനോജ്**
Mob: 9539769595
**അടൂർ**
കച്ചേരി മാർക്കറ്റ്

ഞായർ: 10 am to 1 pm (ആരാധന)

### ആലപ്പുഴ ജില്ല



**പാ. ബിജു**
Ph: 9447116820
**ആലപ്പുഴ**
YWCA ഹാൾ near വഴിച്ചേരി ജംഗ്ഷൻ
ഞായർ 9.30 am to 1 pm (ആരാധന)

സൺഡേസ്കൂൾ: എല്ലാ ഞായറാഴ്ചയും 12.30 pm

**പുന്നപ്ര**
തിങ്കൾ 6 pm to 9 pm (ബൈബിൾക്ലാസ്)
എല്ലാ വെള്ളിയാഴ്ചയും (ഉപവാസപ്രാർത്ഥന) 10 am

**ഹരിപ്പാട്** സബ്റെജിസ്ട്രാർ ഓഫീസ് ബിൽഡിംഗ്, കവല, നങ്ങ്യാർകുളങ്ങര
ഞായർ :2 pm to 5 pm (ആരാധന)
എല്ലാ മാസത്തിലെയും നിശ്ചിത അവധി ദിവസങ്ങളിൽ 10 am to 3 pm (ബൈബിൾക്ലാസ്)

**കായംകുളം** വൈ.എം.സി.എ ഗോൾഡൻ ജൂബിലി, ഓഡിറ്റോറിയം, (പാർക്ക് ജംഗ്ഷൻ)
ശനി: 9.30 am to 1.00 pm (ആരാധന)
സൺഡേ സ്കൂൾ: എല്ലാ ശനിയാഴ്ചയും 12.30 pm

**കറ്റാനം**
മാംകാവിൽ ഗാർഡൻസിന് സമീപം,
വില്ലേജ് ഓഫീസ് റോഡ് (കുടുംബകൂട്ടായ്മ)
എല്ലാ 2-ാം ശനിയാഴ്ചയും: 2 pm to 5 pm

### കൊല്ലം ജില്ല



**പാ:ജോസ് മാത്യു**
Ph:9847872731, 9946586728
**കൊല്ലം** YMCA ഹാൾ,
ചിന്നക്കട, റെയിൽവെ ക്രോസിന് സമീപം
ഞായർ: 10 am to 1 pm (ആരാധന)

**കരുനാഗപ്പള്ളി** Ph:9847872731, 9946586728
YMCA ഹാൾ,
ഞായർ: 7 am to 10 am (ആരാധന)

**പൂയപ്പള്ളി** Ph:9847872731, 9946586728
കിഴക്കേടത്ത് ബിൽഡിംഗ്
ഞായർ: 4.00 pm 7.00 pm (ആരാധന)
ഭവന കൂട്ടായ്മകൾ: -
ആശ്രാമം 1-ാം തിങ്കൾ 4.00 pm to 6.00 pm
തങ്കശ്ശേരി 2-ാം തിങ്കൾ 4.00 pm to 6.00 pm
ഹൈസ്കൂൾ Jn. 3-ാം തിങ്കൾ 4.00 pm to 6 pm
മുണ്ടാലുംമൂട് 4-ാം തിങ്കൾ 4.00 pm to 6.00 pm
പരവൂർ 1-ാം ചൊവ്വ 4.00 pm to 6.00 pm
മയ്യനാട് 2-ാം ചൊവ്വ 4.00 pm to 6.00 pm
ഇളമ്പള്ളൂർ 3-ാം ചൊവ്വ 4.00 pm to 6.00 pm
കൊട്ടിയം 4-ാം ചൊവ്വ 4.00 pm to 6.00 pm
ശങ്കരമംഗലം 1-ാം ബുധൻ 4.00 pm to 6.00 pm
നീണ്ടകര 2-ാം ബുധൻ 4.00 pm to 6.00 pm
കുറ്റിവട്ടം 3-ാം ബുധൻ 4 pm to 6 pm
പുന്നക്കോട് 4-ാം ബുധൻ 4.00 pm to 6.00 pm
ചെറുവക്കൽ 1-ാം വ്യാഴം 4.00 pm to 6.00 pm
ഓടനാവട്ടം 2-ാം വ്യാഴം 4.00 pm to 6.00 pm
ഓയൂർ 3-ാം വ്യാഴം 4.00 pm to 6.00 pm
ഇളമാട് 4-ാം വ്യാഴം 4.00 pm to 6.00 pm
മുഖത്തല 1-ാം വെള്ളി 4.00pm 6.00 pm
അഞ്ചാലുംമൂട് 2-ാം വെള്ളി 4.00 pm to 6 pm
കരിക്കോട് 3-ാം വെള്ളി 4.00 pm to 6.00 pm
വർക്കല 4-ാം വെള്ളി 4.00pm to 6.00 pm
2-ാം ശനി ചർച്ചുകളുടെ സംയുക്ത കൂട്ടായ്മ.



**പാ.കെ.സി. ദേവസ്യാ(ദാസ്)**
Ph:9633227925
**പത്തനാപുരം**
സായാന്നാ ടൂറിസ്റ്റ്ഹോം
opp.ജനത ഹോസ്പിറ്റൽ

ഞായർ : 10 am to 1 pm (ആരാധന)
ഒന്നാം ശനി മുറിഞ്ഞകൽ ഷീബ ഭവൻ 3 pm to 5 pm, രണ്ടാം ശനി **നെടുമൺകാവ്** രാധാമണിഭവനം 3 pm to 5 pm, മൂന്നാം ശനി പ്ലാന്റേഷൻ, വൽസലാമ്മഭവനം 3 pm to 5 pm നാലാം ശനി **കൂടൽ** മണി ഭവനം 3 pm to 5 pm



**പാ:ബിജു സ്കറിയ കുണ്ടറ**
Mob:9447248425
**പുനലൂർ**
വിജയ കൃഷ്ണ ബിൽഡിംഗ്
OPP.ശ്രീപത്മനാഭ തിയേറ്റർ
ഠ.S. റോഡ്

ഞായർ:10.00 am to 1.00 pm (ആരാധന)
**കുണ്ടറ** (എല്ലാ ശനിയാഴ്ചകളിലും (പ്രാർത്ഥന) ആറുമുറിക്കട. മേലതിൽ ഓഡിറ്റോറിയം 3.00 pm – 5 pm
**ഭരണിക്കാവ് , പുത്തൂർ, ചാത്തന്നൂർ കുളത്തൂപ്പുഴ** (ഭവനകൂട്ടായ്മ)

### തിരുവനന്തപുരം ജില്ല



**പാസ്റ്റർ:ജോർജ്ജ് തോമസ് കുടിപ്പാറ**
Mob:9446718242
**പരുത്തിപ്പാറ**
ഗ്രേസ് മിനിഹാൾ

ഞായർ 10.30 am to 12.30 pm (ആരാധന)
ആരാധന:എല്ലാ ശനിയാഴ്ചയും YMCA ഹാൾ 10.30 am-12.30 pm തൊഴുക്കൽ. നെയ്യാറ്റിൻകര
യൂത്ത് കൂട്ടായ്മ എല്ലാ ഞായർ 12.30 pm
ഒന്നിടവിട്ട മാസങ്ങളിൽ ഏകദിന കൂട്ടായ്മ
ലേഡീസ് കൂട്ടായ്മ രണ്ടാം ഞായർ (4.30 pm), 4-ാം ഞായർ (12.30 pm to 1 pm)
പുരുഷ കൂട്ടായ്മ 2-ാം ഞായർ, 4-ാം ഞായർ 12.30 pm - 1 pm
സൺഡേ സ്കൂൾ :
എല്ലാ ഞായറാഴ്ചയും 12.30 pm
**പൂവ്വാർ**, ബെഥേൽ ഭവനം പ്രയർ ഹാൾ, പത്തനാവിള ആർ.സി. ചർച്ച് റോഡ്
ഞായർ 4.00 pm to 6.00 pm (ആരാധന)
കാട്ടാക്കട, അംബികാ ഭവനം എല്ലാ ശനിയാഴ്ചയും 10 am to 1pm (ആരാധന)
കുടുംബ കൂട്ടായ്മകൾ:-
വലിയതുറ, 1-ാം ചൊവ്വ മാത്യൂസ് ഭവനം 5.30 pm
ആന്നാട്, 2-ാം ചൊവ്വ ബാബുഭവനം 10.30 am
ചന്തവിള 3-ാം ചൊവ്വ സാംബശിവൻ ഭവനം 6.00 pm
കുടപ്പനക്കുന്ന്, 4-ാം ചൊവ്വ ശശിഭവനം 6.30 pm
മുട്ടട, ആത്മാഭിഷേകം ഓഫീസ് എല്ലാ ബുധനാഴ്ചയും ഉപവാസ പ്രാർത്ഥന.10.30 am
L.M.S.Nagar, എല്ലാ വെള്ളിയാഴ്ചയും ബൈബിൾ സ്റ്റഡി 6.00 pm to 9.00 pm
ഊരുട്ടമ്പലം, 1-ാം ബുധൻ ചിനിവിള ജോർജ്ജ് 5 pm
വലിയവിള, 2-ാം ബുധൻ ജയചന്ദ്രൻ ഭവനം 4.30 pm
കരമന, 3-ാം ബുധൻ ശാന്തഭവനം 3 pm
3-ാം ബുധൻ ജോർജ്ജ് ഫിലിപ്പ് ഭവനം 5.00pm
കിള്ളി, 4-ാം ബുധൻ ബിജുഭവനം 6 pm
വെങ്ങാന്നൂർ, 1-ാം വ്യാഴം ജസ്റ്റസ് ഭവനം 5 pm
ഉദിയൻകുളങ്ങര, 2-ാം വ്യാഴം ശശിഭവനം 4.30 pm
പേരൂർക്കട, 2-ാം വ്യാഴം സാവിത്രിഭവനം 10.30am
ഞണ്ടൂർകോണം 3-ാം വ്യാഴം ആന്റണി ഭവനം 4.30 pm
കുറ്റ്യാനി, 4-ാം വ്യാഴം രാജൻ ഭവനം 4.30 pm
മരുതൂർ, 1-ാം ശനി സദാശിവൻ ഭവനം 5.30 pm
സന്തോഷ് നഗർ, 2-ാം ശനി മുരളിസാർ ഭവനം 5.30 pm
2-ാം ശനി യൂത്ത് നൈറ്റ് പ്രയർ 7.30 pm
നെട്ടയം, 3-ാം ശനി ജോർജ്ജ് ഭവനം 5.30 pm, പാറോട്ട്കോണം, 4-ാം ശനി മനോജ് ഭവനം 5.30 pm



**പാസ്റ്റർ വിനു നടയ്ക്കൽ**
Mob: 9744569559
**പാറശാല**
ആത്മാഭിഷേകംവർഷിപ്പ് സെന്റർ (ഷീലാ കോട്ടേജ് റെയിൽവെപാലത്തിന് സമീപം, കാരക്കോണം റൂട്ട്.)
ഞായർ 10 am to 1.00 pm (ആരാധന)
**വെള്ളറട,** ജെ.എം. ഹാൾ
ഞായർ 3 pm to to 5 pm (ആരാധന)
**അമരവിള,** എസ്ഥേർഭവനം
രണ്ടാം ശനി 2 pm to to 4 pm (ആരാധന)

## OUR CHURCHES OUT OF KERALA



**Pr. Raj Mohan**
Ph: 09958328119, 07838681789

### DELHI
Delhi - Athmabhishekam prayer hall
Plot no: 11. Nawada housing complex
Near metro pillar no: 786
and Dwaraka mor Red light
Dwaraka mor (Metro) NewDelhi-59

Sunday school- 9am - 10am
Worship 10am-1pm (Hindi & Malayalam)
Tuesday- 6pm-8.30pm. Mohan Garden (Hindi)
Wednesday - 6.30pm- 9pm. Bible study (malayalam)
At Athmabhishekam prayer hall
Thursday- 6pm-8pm. Kalkaji (Malayalam)
Friday- Palam-Rajnagar II-6.30pm-8pm. (Hindi)
10am-1.00pm - Fasting Prayer. Fasting prayer
At Athmabhishekam prayer hall
Saturday-R.R Hospital (Army church) 4.30pm-6.30pm (Hindi)
Every second saturday- 9am - 2pm-Youth Meeting
At Athmabhishekam prayer hall

### MAHARASHTRA (Kamothe)



**Pr. Radhakrishnan**
Ph: 8108567210
8419930510

Navi Mumbai Athmabhishekam Worship Centre
Sushmapatil School& Junior College.
Kamothe Sector 11.Near Manasorowar.
Sunday Worship 10 am-1pm

### GUJARAT





Mrs. & Mr. Samachen (Pastor)
Mob: 09737930414
09904422339, 08460985339
Sunday Worship 10 am- 1 pm

### KARNATAKA
(MANGALORE dt.)

**MOODUBIDRI**



Pr. Francis

Seldhanacompound
Near Forest office
Moodubidri
Ph: 9400784917
9880862932

### CHENNAI



Pr. Tony Cyriac
Ph: 9400502442



Pr. Raju Issac
Ph: 9744756060

Grace Matriculation School
Near Hot Chips Bus Stop & Shanthi Colony Road, No. 4, L Block, 12th main Road. Ist Street, Anna Nagar
Sunday Worship 10.00 am - 1.00 am

### Coimbatore (Pothannur)





Mrs. & Mr. Wilson (Pastor)
Ph: 09585290142

M.G.Community Hall, Opp. Railway Hospital. Sunday Worship 10 am- 1 pm

**Selem** Ammini Home
Ranganadar Street
Worship: Tuesday 10 am to 2 pm
Ph: 9443820626

## FELLOWSHIPS IN ABROAD

### AMERICA
**Newyork**
**(Hicksville)**
**Every Fridays**
**4pm -7pm**
**For your PrayerRequest**
**Ph.: 001 5166432037**

### CANADA



**908-1585**
**Ernest Ave**

Pr. Dollet Zacharia
Ph: 0012262241417

### UAE Sharja



Pr.Jiji
Ph:00971503631158

Friday
10 am to 12.30 noon
Praise and Worship

### YEMEN(SANA)



**Pr.Lal Kumar R**
Ph:00967777741554

Friday 9.30 am to 12.30 pm
at Athmabhishekam Worship Center, Near Kuwait Hospital, Sana'a.
Thursday 5 pm to 7 pm
at Athmabhishekam Worship Center, Near Kuwait Hospital, Sana'a
And Athmabishekam worship center, Safia.Sana'a
Sunday
prayer 5pm to 6.30pm at Kuwait Hospital and Saudi German Hospital. sana'a.

### BAHRAIN.

Pr. Raju Issac
Ph: 00973 3235 5290
0097333234007



Every Thursday
8 pm to 10 pm

South Park, Gwudhebia
(Friday 9.30 am to 12 pm)
Tuesday 7.30 pm to 9 pm)
Prayer Meeting

### KUWAIT



**Pr. Sojan Zacharias**
Ph: 0096597711237
N E C K Kuwait City
Church Auditorium
(Monday, 7.00 pm- 9.30 pm)

### SALMIYA
Pr. Sabu Francis
Ph: 00965 97711267



Friday
9 am to 12 noon

Caesar's Travel & Tourism Basement

Dr. Viji
Ph:0096566394954



English worship (Friday)
6.30 pm to 9 pm

Indian PublicSchool

### ABBASSIYA





Pr. jomon & Pr.Samson
Ph: 00965 97207125
00965 66311234
ACE Hall, Near Subway
Friday 9 am to 12.30pm

### MANGAF



Pr.Roy
Ph:00965 65929880
Friday
9 am to 12 noon

Pr.Tomy Mannoor
Ph:00965 96035928



### MAHBULA
Saturday
7 pm to 9 pm





Pr. Sojan & Br.Jijo
Ph: 00965 97711237
00965 66970496

### FORWANIA
Friday 7 Pm to9 PM




ചർച്ച് ഓഫ് ഇറ്റേണിറ്റിയുടെ ആദ്യ ഇസ്രായേൽ യാത്ര ദേവസ്യാ സാറിനൊപ്പം 5–10–2016





# ആത്മാഭിഷേകം എപ്പിസോഡുകൾ ഇനി മുതൽ

## ട്രംപറ്റ് ടിവിയിലും

**trumpet TV**
24x7 Christian Channel




## സത്യവചനം കേട്ട്
## ആത്മാവിൽ നിറയുക

## എല്ലാ ദിവസവും രാത്രി 9 മുതൽ 9:30 വരെ

## കേരളാവിഷൻ സെറ്റ് ടോപ്പ് ബോക്സിൽ ചാനൽ നം:38




പ്രവർത്തിച്ചു. ഉല്പ.41:38–ൽ ഫറവോൻ ചോദിക്കുകയാണ് യോസേഫിനെപ്പറ്റി: “ദൈവാത്മാവുള്ള ഈ മനുഷ്യനെപ്പോലെ ഒരുത്തനെ കണ്ടുമുട്ടുമോ?” I. **യോസേഫിന്** ദർശനവും പ്രവചനവും എല്ലാം കൊടുത്തത് പരിശുദ്ധാത്മാവായിരുന്നു. സ്വപ്നവ്യാഖ്യാനമായിരുന്നു ദൈവാത്മാവ് കൊടുത്ത ഏറ്റവും മനോഹരമായ കൃപ. പൊട്ടക്കിണറും കാരാഗൃഹവും കൊട്ടാരജീവിതവും എല്ലാമെല്ലാം ദൈവാത്മാവ് കൊടുത്തതെന്ന് വേണം പറയാൻ. II. സംഖ്യാ പുസ്തകം 11:17–ൽ ദൈവം **മോശെയോട്** പറയുകയാണ്; ഞാൻ നിന്റെമേലുള്ള ആത്മാവിൽ കുറെ എടുത്ത് അവരുടെമേൽ പകരും. മോശെയുടെ അഭിഷേകത്തള്ളിച്ചയെക്കുറിച്ച് യാതൊരു സംശയവും ആർക്കും ഇല്ല. 70 പേർക്കാണ് ആത്മാവിന്റെ ശക്തി പകർന്നു കൊടുക്കുവാൻ മോശെയുടെമേലുണ്ടായിരുന്നത്. III. സംഖ്യ 27:16,19 വചനങ്ങളിൽ അപ്പോൾ മോശെ യഹോവയോട്: “യഹോവയുടെ സഭ ഇടയനില്ലാത്ത ആടുകളെപ്പോലെ ആകാതിരിപ്പാൻ തക്കവണ്ണം അവർക്കു മുമ്പായി പോകുവാനും അവർക്കു മുമ്പായി വരുവാനും അവരെ പുറത്തുകൊണ്ടുവരുവാനും അകത്തു കൊണ്ടു വരുവാനും സകല ജഡത്തിന്റെയും ആത്മാക്കളുടെ ദൈവമായ യഹോവ, സഭയുടെമേൽ ഒരാളെ നിയമിക്കുമാറാകട്ടെ എന്നു പറഞ്ഞു. യഹോവ മോശെയോട് കല്പിച്ചത്: എന്റെ ആത്മാവുള്ള പുരുഷനായി നൂന്റെ മകനായ **യോശുവായെ** വിളിച്ച് അവന്റെമേൽ കൈവെച്ച് അവനെ പുരോഹിതനായ എലയാസറിന്റെയും സർവ്വ സഭയുടെയും മുമ്പാകെ നിർത്തി അവർ കാൺകെ അവന് ആജ്ഞ കൊടുക്ക” ദൈവം പറഞ്ഞതുകണ്ടോ യോശുവായെപ്പറ്റി. എന്റെ ആത്മാവുള്ളവൻ എന്ന്.

IV. **ഗിദയോൻ:** ഗിദയോൻ 6–ാമത്തെ ന്യായാധിപൻ ആയിരുന്നു. “അനന്തരം യഹോവയുടെ ഒരു ദൂതൻ വന്ന് ഒഫ്രയിൽ അബിയേസ്യനായ യോവാശിന്റെ കരുവേലകത്തിൻ കീഴ് ഇരുന്നു. അവന്റെ മകനായ ഗിദയോൻ കോതമ്പ്






മിദ്യാന്യരുടെ കയ്യിൽ പെടാതിരിക്കേണ്ടതിന് മുന്തിരിച്ചക്കിനരികെ വെച്ച് മെതിക്കയായിരുന്നു. യഹോവയുടെ ദൂതൻ അവന് പ്രത്യക്ഷനായി അല്ലയോ പരാക്രമശാലിയെ യഹോവ നിന്നോടുകൂടെയുണ്ട് എന്നു പറഞ്ഞു .........” (ന്യായ.6:11). “അപ്പോൾ യഹോവ അവനെ നോക്കി. നിന്റെ ഈ ബലത്തോടെ പോവുക. നീ യിസ്രായേല്യരെ മിദ്യാന്യരുടെ കയ്യിൽ നിന്ന് രക്ഷിക്കും; ഞാൻ അല്ലയോ നിന്നെ അയയ്ക്കുന്നത് എന്ന് പറഞ്ഞു” (ന്യായ.6:14)...... “ഞാൻ നിന്നോടുകൂടെ ഇരിക്കും. നീ മിദ്യാന്യരെ ഒരു ഒറ്റ മനുഷ്യനെപ്പോലെ തോല്പിക്കും എന്ന് കല്പിച്ചു” (ന്യായ.6:16)........... **ദൈവത്തിന്റെ ആത്മാവ്** ഗിദയോന്റെമേൽ വന്നു; അവൻ കാഹളം ഊതി; അബിയേസ്യരെ തന്റെ അടുക്കൽ വിളിച്ചുകൂട്ടി. അവൻ മനാശ്ശെയിൽ എല്ലായിടവും ദൂതന്മാരെ അയച്ചു. അവരെയും തന്റെ അടുക്കൽ വിളിച്ചുകൂട്ടി (ന്യായ.6:34). ഗിദയോന്റെമേൽ പരിശുദ്ധാത്മാവുണ്ടായിരുന്നതുകൊണ്ട് 300 പേരുള്ള ഒരു ചെറിയ കൂട്ടത്തെ ഉപയോഗിച്ച് ആയിരക്കണക്കിന് സൈന്യത്തെ തോല്പിച്ചു.

V **ശിംശോന്റെമേൽ പരിശുദ്ധാത്മാവ്:** നാസീർ വ്രതക്കാരനും ദൈവത്തിന്റെ ആലോചനപ്രകാരം വളർന്നവനുമായിരുന്നു ശിംശോൻ. ന്യായാധിപന്മാരുടെ പുസ്തകത്തിൽ 13-ാം അദ്ധ്യായത്തിൽ 24,25 വചനങ്ങൾ കുറിയ്ക്കാം. “അനന്തരം സ്ത്രീ ഒരു മകനെ പ്രസവിച്ചു. അവന് ശിംശോൻ എന്നു പേരിട്ടു. ബാലൻ വളർന്നു. യഹോവ അവനെ അനുഗ്രഹിച്ചു. സോരെക്കും എസ്താവോലിനും മദ്ധ്യേയുള്ള മഹനേ - ദാനിൽ വച്ച് **യഹോവയുടെ ആത്മാവ്** അവനെ ഉദ്യമിപ്പിച്ചു തുടങ്ങി”. ന്യായ.14:6-ൽ “ഒരു മുന്തിരിത്തോട്ടത്തിലെത്തിയപ്പോൾ ഒരു ബാലസിംഹം അവന്റെ നേരെ അലറി വന്നു. അപ്പോൾ യഹോവയുടെ ആത്മാവ് അവന്റെ മേൽ വന്നു. കയ്യിലൊന്നും ഇല്ലാതിരിക്കെ അവൻ അതിനെ ഒരാട്ടിൻ കുട്ടിയെപ്പോലെ കീറിക്കളഞ്ഞു”. ഫെലിസ്ത്യരിൽ ഒരു കൂട്ടത്തെ ആത്മശക്തി ഉപയോഗിച്ച് പരാജയപ്പെടുത്തിയ കാര്യം ന്യായധിപന്മാർ 14:19-ലുണ്ട്.

VI. **ദാവീദ്:** 1 ശമുവേൽ 16:13-ൽ “അങ്ങനെ ശമുവേൽ തൈലക്കൊമ്പ് എടുത്ത് അവന്റെ സഹോദരന്മാരുടെ നടുവിൽ വച്ച് അവനെ അഭിഷേകം ചെയ്തു. യഹോവയുടെ ആത്മാവ് അന്നു മുതൽ ദാവീദിന്റെ മേൽ വന്നു. ശമുവേൽ എഴുന്നേറ്റ് രാമായിലേക്ക് പോയി.” 2 ശമു.23:2-ൽ “യഹോവയുടെ ആത്മാവ് എന്നിൽ സംസാരിക്കുന്നു. അവന്റെ വചനം എന്റെ നാവിന്മേൽ ഇരിക്കുന്നു.” യഹോവയുടെ ആത്മാവ് ദാവീദിന്റെ നാവിന്മേൽ ഇരുന്നതുകൊണ്ടാണ് മധുരമധുരമായ സങ്കീർത്തനങ്ങൾ എഴുതുവാൻ കഴിഞ്ഞത്. വളരെ മോശപ്പെട്ട പാപത്തിലൂടെ ദാവീദ് കടന്നുപോയെങ്കിലും 51-ാം സങ്കീർത്തനത്തിൽ 10-ാം വാക്യത്തിൽ പറയുംപോലെ “നിന്റെ സന്നിധിയിൽ നിന്ന് എന്നെ തള്ളിക്കളയരുതെ; നിന്റെ പരിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കയും അരുതേ” എന്ന് അവൻ പ്രാർത്ഥിക്കുകയും അതിശക്തമായും ആത്മാർത്ഥമായും അനുതപിക്കുകയും ചെയ്തു. നാല്പതോളം വർഷം യിസ്രയേൽ രാജാവായി സദ്ഭരണം നടത്തിയതും ഗോലിയാത്തിനെ തോല്പിച്ചതും 1 ശമു.17-ൽ 1 മുതൽ 54 വരെയുള്ള വചനങ്ങളിൽ കാണാം. ഇരുഭാഗത്തും ഉള്ളവർ തമ്മിൽ ദ്വന്ദയുദ്ധത്തിലെ വിജയപരാജയങ്ങളെ ആസ്പദമാക്കിയാണ് യുദ്ധത്തിലെ മൊത്തം വിജയം തീരുമാനിക്കുക. ഫെലിസ്ത്യരുടെ ഭാഗത്തുനിന്നും ഗോലിയാത്ത് എന്നൊരു മല്ലൻ മുമ്പോട്ടുവന്ന് യിസ്രയേൽ സൈന്യത്തെ വെല്ലുവിളിച്ചു. ഗോലിയാത്തിനെ നേരിടാൻ പറ്റിയ ഒരാളെ അയയ്ക്കുവാൻ ശൗലിന് കഴിഞ്ഞില്ല. ദാവീദ് അയയ്ക്കപ്പെടുകയാണ്. ദാവീദും ഗോലിയാത്തും തമ്മിലുള്ള മല്ലയുദ്ധത്തിൽ 1 ശമു.17-ൽ 50 മുതലുള്ള വക്യങ്ങൾ എഴുതാം. “ഇങ്ങനെ ദാവീദ് ഒരു കവിണയും ഒരു കല്ലുംകൊണ്ട് ഫെലിസ്ത്യനെ ജയിച്ചു. ഫെലിസ്ത്യനെ കൊന്ന് മുടിച്ചു. എന്നാൽ ദാവീദിന്റെ കയ്യിൽ വാളില്ലായിരുന്നു. ആകയാൽ ദാവീദ് ഓടിച്ചെന്ന് ഫെലിസ്ത്യന്റെ പുറത്തുകയറിനിന്ന് അവന്റെ വാൾ ഉറയിൽ നിന്ന് ഊരിയെടുത്ത് അവനെ കൊന്നു. അവന്റെ തല വെട്ടിക്കളഞ്ഞു. തങ്ങളുടെ മല്ലൻ മരിച്ചുപോയി എന്ന് ഫെലിസ്ത്യർ കണ്ടിട്ട് ഓടിപ്പോയി.” കരടിയെയും സിംഹത്തെയും കൊല്ലുവാൻ കഴിഞ്ഞതും എല്ലാം ദാവീദിന്റെമേൽ ദൈവത്തിന്റെ ആത്മാവ്

# PNEUMATOLOGY PART 1
# പരിശുദ്ധാത്മശാസ്ത്രം

ഉണ്ടായിരുന്നതുകൊണ്ടാണ്.

VIII. ഏലിയാവിന്റെയും ഏലീശായുടെയും മേൽ ദൈവത്തിന്റെ ആത്മാവ്: 1 രാജാക്കന്മാർ 18-ൽ 38-ാം വാക്യത്തിൽ "യഹോവയുടെ തീ ഇറങ്ങി ഹോമയാഗവും വിറകും മണ്ണും ദഹിപ്പിച്ച് തോട്ടിലെ വെള്ളവും വറ്റിച്ചുകളഞ്ഞു. ജനം എല്ലാം അതുകണ്ടു കവിണ്ണുവീണു. യഹോവ തന്നെ ദൈവം, യഹോവ തന്നെ ദൈവം എന്നു പറഞ്ഞു". ഏലിയാവ് അവരോട് (40-ാം വചനം) "ബാലിന്റെ പ്രവാചകന്മാരെ പിടിപ്പിൻ. അവരിൽ ഒരുത്തനും ചാടിപ്പോകരുത് എന്നു പറഞ്ഞു. അവർ അവനെ പിടിച്ചു ഏലിയാവ് അവരെ താഴെ കിശോൻ തോട്ടിനരികെ കൊണ്ടുചെന്ന് അവിടെവെച്ച് അവരെ വെട്ടിക്കൊന്നുളഞ്ഞു". 2 രാജാ.2:15-ൽ ഏലിയാവിന്റെ ആത്മാവ് ഏലീശയുടെമേൽ അധിവസിക്കുന്നു എന്നു പറഞ്ഞ് അവനെ എതിരേറ്റ് ചെന്ന് അവന്റെ മുമ്പിൽ സാഷ്ടാംഗം വീണു എന്നു നാം വായിക്കുന്നു. ഏലിയാവിൽ വസിക്കുന്ന ആത്മാവിന്റെ ഇരട്ടിപ്പങ്കായിരുന്നു ഏലീശാ ചോദിച്ചതും. ശൂനേംകാരത്തിക്ക് മക്കളില്ലാതിരിക്കെ മക്കളെ കിട്ടുവാൻ ഏലീശ പ്രാർത്ഥിച്ച് പ്രവചിച്ച് ഒരു മകൻ ജനിക്കുകയും, ആ മകൻ മരിച്ചപ്പോൾ അവനെ ഉയിർപ്പിക്കുകയും ചെയ്തത് ദൈവാത്മാവ് ഏലീശായുടെമേൽ ഉണ്ടായിരുന്നതുകൊണ്ടാണ്.

1 രാജാ.17:1-ൽ ആഹാബ്‌രാജാവിന്റെ മുമ്പാകെ ഏലിയാവ് ദൈവത്തിന്റെ അരുളപ്പാട് അറിയിക്കുമ്പോൾ തന്റെ പ്രാർത്ഥനയുടെ ഫലമായി "ഞാൻ സേവിച്ചു നിൽക്കുന്ന യിസ്രായേലിന്റെ ദൈവമായ യഹോവയാണെ, ഞാൻ പറഞ്ഞല്ലാതെ ഈ ആണ്ടുകളിൽ മഞ്ഞും മഴയും ഉണ്ടാവുകയില്ല." 1 രാജാ.18: 42 മുതൽ "ഏലിയാവോ കാർമേൽ പർവ്വതത്തിന്റെ മുകളിൽ കയറി നിലത്തു കുനിഞ്ഞ് മുഖം തന്റെ മുഴങ്കാലുകളുടെ നടുവിൽ വെച്ച് തന്റെ ബാല്യക്കാരനോട് - "നീ ചെന്ന് കടലിനു നേരെ നോക്കുക, എന്ന് പറഞ്ഞു. അവൻ ചെന്നു നോക്കീട്ട് ഒന്നുമില്ല എന്നു പറഞ്ഞു. പിന്നെയും ഏഴു പ്രാവശ്യം ചെല്ലുക എന്നു പറഞ്ഞു. ഏഴാം പ്രാവശ്യമോ ? ഇതാ, കടലിൽ നിന്ന് ഒരു മനുഷ്യന്റെ കൈ പോലെ ഒരു ചെറിയ മേഘം പൊങ്ങുന്നു. അതിന് അവൻ : നീ ചെന്ന് ആഹാബിനോട് മഴ നിന്നെ തടയാതിരിക്കേണ്ടതിന് രഥം പൂട്ടി ഇറങ്ങിപ്പോകുക എന്ന് ബോധിപ്പിക്ക എന്നു പറഞ്ഞു. ക്ഷണത്തിൽ ആകാശം മേഘവും കാറ്റുംകൊണ്ട് നിറഞ്ഞ് വന്മഴ പെയ്തു...........യഹോവയുടെ കൈ ഏലിയാവിന്മേൽ വന്നു."ദൈവാത്മാവ് ഏലിയാവിന്റെയും ഏലീശയുടെയും മേൽ ഉണ്ടായിരുന്നതുകൊണ്ടാണ് ഈ അത്ഭുതങ്ങൾ നടന്നത്. 2 രാജാ.2-ാം അദ്ധ്യായം മുതൽ ഏലീശായുടെ ശുശ്രൂഷ ആരംഭിക്കുകയാണ്. ഏലിയാവിന്മേൽ നിന്ന് വീണ പുതപ്പെടുത്ത്, അദ്ദേഹം യോർദ്ദാൻ നദിയെ അടിച്ചു. അത് രണ്ടായി പിരിഞ്ഞ് ഏലീശാ ഇക്കരയ്ക്ക് കടന്നു (13:25). യെരീഹോ നഗരത്തിലെ അശുദ്ധജലം പഥ്യമാക്കി തീർത്തതാണ് ഏലീശാ ചെയ്ത രണ്ടാമത്തെ അത്ഭുതം (2 രാജാ.2:19-22). തന്നെ പരിഹസിച്ച ബാലന്മാരെ ഏലീശാ ശപിച്ചപ്പോൾ കാട്ടിൽ നിന്നും രണ്ട് പെൺകരടികൾ ഇറങ്ങിവന്ന് 42 ബാലന്മാരെ കടിച്ചുകീറിക്കളഞ്ഞു. മൊട്ടത്തലയാ എന്ന് അവർ വിളിച്ചതേയുള്ളു (2 രാജാ.2:23-25). 2 രാജാ.4-ാം അദ്ധ്യായത്തിൽ ഏലീശാ ചെയ്ത മരിച്ചവനെ ഉയിർപ്പിച്ചതുൾപ്പെടെയുള്ള അഞ്ച് അത്ഭുതങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു. നയമാന്റെ കുഷ്ഠരോഗം ഏലീശാ മാറ്റിയല്ലോ (2 രാജാ.5:9-15). ഏലീശാ തിരസ്ക്കരിച്ച ധനം ഗേഹസി ആഗ്രഹിച്ചു. അവൻ ഒരു കപടനാടകം ആടി. നയമാന്റെ പണത്തോടുകൂടി അവന്റെ കുഷ്ഠരോഗവും ഗേഹസിക്ക് ലഭിച്ചു (2 രാജാ.5:20-27). വെള്ളത്തിൽ വീണ കോടാലി പൊങ്ങി വന്നത് (2 രാജാ.6:1-7) ഏലീശാ ചെയ്ത അത്ഭുതമായിരുന്നു. ഏലീശ, അരാമ്യ സൈന്യത്തിന്റെ രഹസ്യം യിസ്രായേൽ രാജാവിന് വെളിപ്പെടുത്തിക്കൊടുത്തു (2 രാജാ.6:8-12).

ഇസ്രയേൽ ജനത്തെ മരുഭൂയിൽ നാല്പത് വർഷം നടത്തിയത് ദൈവത്തിന്റെ ആത്മാവായിരുന്നു. നെഹമ്യാവ് 9:20-ൽ "അവരെ ഉപദേശിക്കേണ്ടതിന് നീ നിന്റെ നല്ല ആത്മാവിനെ കൊടുത്തു. അവരുടെ കൊറ്റിന് മുട്ടുവരാതെ നിന്റെ മന്നയേയും അവരുടെ ദാഹത്തിന് വെള്ളത്തെയും കൊടുത്തു" എന്ന് നാം വായിക്കുന്നു. മരുഭൂമിയിൽ അതിന്റെ ക്ലേശങ്ങൾ അറിയാതെ ദൈവം തന്റെ ആത്മാവിനെ അയച്ച്

Fundamental Knowledge of True Theology - Chapter :16

# PNEUMATOLOGY PART 1

# പരിശുദ്ധാത്മശാസ്ത്രം

വഴി നടത്തുകയായിരുന്നു. മന്നയെയും പാറയിൽ നിന്ന് വെള്ളത്തെയും കാടപ്പക്ഷിയെയും ഒക്കെ നൽകുകയായിരുന്നു.

ഇതായിരുന്നു ദൈവാത്മാവിന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ദൈവത്തിന്റെ വ്യവസ്ഥ. ദൈവീക വ്യവസ്ഥകളെ ചോദ്യം ചെയ്യുകയോ വിമർശിക്കുകയോ ചെയ്യുന്നതിൽ കാര്യമില്ലല്ലോ. അനുസരിക്കുകയും വിശ്വസിക്കുകയും സമർപ്പിക്കുകയും ചെയ്യുക എന്നതാണ് കരണീയമായിട്ടുള്ളത്.

പുതിയനിയമകാലത്താണ് (full option) ആത്മപകർച്ച ഏറ്റവും മനോഹരമായ വിധത്തിലുണ്ടായത്. യോവേലും യെഹസ്ക്കേലും യെശയ്യാവും ഒക്കെ ഈ പുതിയനിയമകാലത്തെ ആത്മപകർച്ചയെപ്പറ്റി പ്രവചിച്ചിട്ടുണ്ട്. “ഞാൻ സകല ജഡത്തിന്മേലും എന്റെ ആത്മാവിനെ പകരും. നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും. നിങ്ങളുടെ വൃദ്ധന്മാർ സ്വപ്നങ്ങൾ കാണും. നിങ്ങളുടെ യൗവ്വനക്കാർ ദർശനങ്ങളെ ദർശിക്കും. ദാസന്മാരുടെയും ദാസിമാരുടെയും കൂടെ ഞാൻ ആ നാളുകളിൽ എന്റെ ആത്മാവിനെ പകരും” (യോവേ.2:28,29). പുതിയനിയമകാലത്ത് മാനസാന്തരപ്പെട്ട് രക്ഷയുടെ അനുഭവത്തിലേക്ക് വരുന്ന എല്ലാവരുടെമേലും ദൈവാത്മാവ് വരിക തന്നെ ചെയ്യും. അന്ത്യകാലമെന്നത് ഈ കൃപാവരകാലവും സഹസ്രാബ്ദയുഗവും ചേർന്ന സഭായുഗവും, മണവാട്ടിസഭായുഗവും ചേർന്നതാണ്. യെഹസ്ക്കേൽ 11-ൽ 19, 20 വചനങ്ങളിൽ “അവർ എന്റെ ചട്ടങ്ങളിൽ നടന്ന് എന്റെ വിധികളെ പ്രമാണിച്ച് ആചരിക്കേണ്ടതിന് ഞാൻ അവർക്ക് വേറൊരു ഹൃദയത്തെ നൽകുകയും പുതിയൊരാത്മാവിനെ ഉള്ളിലാക്കുകയും ചെയ്യും. കല്ലായുള്ള ഹൃദയം ഞാൻ അവരുടെ ജഡത്തിൽ നിന്നും മാറ്റി മാംസമായുള്ള ഹൃദയം ഞാൻ അവർക്ക് കൊടുക്കും. അവർ എനിക്ക് ജനമായും ഞാൻ അവർക്ക് ദൈവമായും ഇരിക്കും” എന്നെഴുതിയിട്ടുണ്ടല്ലോ. യെശയ്യാവും 11-ൽ 2 മുതലുള്ള വാക്യങ്ങളിൽ “അവന്റെമേൽ യഹോവയുടെ ആത്മാവ് ആവസിക്കും. ജ്ഞാനത്തിന്റെയും വിവേകത്തിന്റെയും ആത്മാവ്, ആലോചനയുടെയും ബലത്തിന്റെയും ആത്മാവ് പരിജ്ഞാനത്തിന്റെയും യഹോവഭക്തിയുടെയും ആത്മാവ്” എന്നെഴുതിയിരിക്കുന്നു.

ഇങ്ങനെയാണ് പുതിയനിയമവ്യവസ്ഥ. പഴയനിയമവ്യവസ്ഥ മേലെഴുതിയതുപോലെ ചുരുക്കം ചില വ്യക്തികളുടെ മേലും സംഭവങ്ങളുടെമേലുമാണ് ആത്മപകർച്ച എങ്കിൽ പുതിയനിയമവ്യവസ്ഥ അഥവാ ക്രിസ്തുവിന്റെ വരവും ജീവിതവും നടക്കുന്നതോടുകൂടി ആത്മപകർച്ചയുടെ സ്വഭാവവും ദൈവരാജ്യത്തിന് ഏറ്റവും കൂടുതൽ പ്രയോജകീഭവിക്കുന്ന വിധത്തിൽ ആയിരുന്നു. ദൈവാത്മാവിന്റെ സ്വഭാവം ദാവീദിനെപ്പോലുള്ളവരെക്കൊണ്ടും ഏലിയാവ് - ഏലീശാമാരെക്കൊണ്ടും മേലെഴുതിയതുപോലെ ചെയ്യിപ്പിച്ചാൽ അവയിൽ ഭൂരിപക്ഷവും പുറമെയുള്ള അത്ഭുതം കൂടലും ഭയത്തോടെ ദൈവത്തോടടുക്കലും ഒക്കെയായി പര്യവസാനിക്കുകയേയുള്ളു. ആന്തരിക നവീകരണത്തിനും ആന്തരിക വിശുദ്ധീകരണത്തിനും യോജിക്കുന്ന വിധത്തിലായിരുന്നു പുതിയനിയമവ്യവസ്ഥയും, പുതിയനിയമത്തിലെ ആത്മപകർച്ചയുടെ ലക്ഷ്യവും. “പരിശുദ്ധാത്മാവ് വന്ന് പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും'' (യോഹ.16:8) നമ്മെ ബോധ്യപ്പെടുത്തും എന്ന് പഠിപ്പിക്കപ്പെട്ടിരിക്കുന്നു. അതാണ്, ക്രിസ്തുവിന്റെ ആത്മാവോട് ബന്ധപ്പെട്ട പുതിയനിയമ ശുശ്രൂഷ. രോഗികളെ ക്രിസ്തു സുഖപ്പെടുത്തുന്നുണ്ട്. മരിച്ചവരെ ഉയിർപ്പിക്കുകയും പിശാചുക്കളെ ബഹിഷ്ക്കരിക്കുകയും ഒക്കെ യേശുവും അപ്പൊസ്തലന്മാരും ചെയ്യുന്നുണ്ട്. അതൊക്കെ ദൈവാത്മാവിനെ ഉപയോഗിച്ചുകൊണ്ടാണുതാനും ചെയ്യുന്നത്. പക്ഷെ ലക്ഷ്യം അതു മാത്രമല്ല എന്നതാണ് പരമപ്രധാനം. ആന്തരിക ജീവൻ നിഷ്കപടവും ദൈവകൃപകൊണ്ട് നിറഞ്ഞതും, മരണാനന്തരജീവിതത്തിലും ഭൗമീകജീവിതത്തിലും പരിശുദ്ധാത്മസ്നാനത്താൽ ലഭിക്കുന്ന അഭിഷേകത്തെ ഉപയോഗിച്ചുകൊണ്ട് കൃപയാലുള്ള വിശുദ്ധിയെ തികയ്ക്കുക എന്നതാണ്; (2 കൊരി.7:1) ഒപ്പം നിത്യതയും.

നമ്മുടെമേൽ ദൈവത്തിന്റെ ആത്മാവിനെയും




നമ്മുടെ ഹൃദയത്തിൽ ദൈവത്തിന്റെ വചനങ്ങളെയും തന്നിരിക്കുന്നു എന്നതാണ് പുതിയനിയമത്തിന്റെ സദ്വാർത്ത. AD 30-ലെ പെന്തക്കോസ്ത് ദിനം 120 പേരുടെമേൽ ദൈവത്തിന്റെ ആത്മാവ് ഇറങ്ങിവന്നില്ലേ? (അപ്പൊ.2:1-4). അന്നു മുതൽ സഭയുടെ ഉൾപ്രാപണം വരെ സഭയോടൊത്ത് പരിശുദ്ധാത്മാവ് നിരന്തരം വസിക്കുകയാണ്. കംപ്യൂട്ടർ വഴിയും ടിവി ചാനൽ വഴിയും റേഡിയോ പ്രഭാഷണങ്ങൾ പത്രമാസികകൾ മുതലായവയിലൂടെയും ദൈവം പലരെയും ഉപയോഗിച്ചുകൊണ്ട് തന്റെ ആത്മാവിനെ സകലരിലേക്കും പകർന്നുകൊണ്ടിരിക്കുകയാണ്. അത്രയധികം സ്നേഹിക്കുന്ന ദൈവമായാണ് പുതിയനിയമം ക്രിസ്തു എന്ന സത്യദൈവത്തെ നമുക്ക് പരിചയപ്പെടുത്തി തരുന്നത്.

പരിശുദ്ധാത്മനിറവിന്റെ ഒന്നാമത്തെ ലക്ഷ്യം നമ്മുടെ മാനസാന്തരവും രണ്ടാമത്തെ ലക്ഷ്യം വീണ്ടുംജനനവും ആണ്. വീണ്ടും ജനനത്തിന്റെ നിർവ്വചനവാക്യത്തിൽ ദൈവമായ യേശുക്രിസ്തു പറഞ്ഞിരിക്കുന്നത് കേട്ടില്ലേ! ''ആമേൻ ആമേൻ,. ഞാൻ നിന്നോടു പറയുന്നു: വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴിയില്ല. ജഡത്താൽ ജനിച്ചത് ജഡമാകുന്നു, ആത്മാവാൽ ജനിച്ചത് ആത്മാവാകുന്നു (യോഹ.3:5,6). ദൈവരാജ്യത്തിൽ കടക്കുക എന്നതിന് ദൈവീകഭരണത്തിലെ അഭിഷേകാത്മകസമാധാനത്തോടെയുള്ള യേശ്വനുഭവം എന്നാണ് ആദ്യത്തെ അർത്ഥമെങ്കിൽ സുപ്രധാന അർത്ഥം നിത്യതയിലെ സ്വർഗ്ഗീയ ജീവിതമെന്നാണ്. ഇതിന് പുതുജനനം അഥവാ വീണ്ടുംജനനം നടക്കണം. അത് നടത്തുന്നത് രണ്ടുപേർ ചേർന്നാണ്. ഒന്നാമൻ വെള്ളം അഥവാ വചനം. രണ്ടാമൻ പരിശുദ്ധാത്മാവ്. അതിലൊന്നാമൻ എന്ന വചനത്തിന്റെ രചയിതാവ് പരിശുദ്ധാത്മാവാണ്. രണ്ടാമനും പരിശുദ്ധാത്മാവ് ആകുമ്പോൾ, എല്ലാം പരിശുദ്ധാത്മാവാകുമ്പോൾ നിത്യത നൽകുന്നത് പിതാവിനോട് വാങ്ങി പുത്രൻ വഴി അയക്കപ്പെടുന്ന പരിശുദ്ധാത്മാവ് - പരിശുദ്ധാത്മാവാലുള്ള സ്നാനം, പരിശുദ്ധാത്മാവിന്റെ കൃപാവരങ്ങൾ ഫലങ്ങൾ, പരിശുദ്ധാത്മാഭിഷേകം എന്നൊക്കെ പറയുന്നതിനോട് നമുക്കുണ്ടാകേണ്ട മനോഭാവത്തിലെ മാനസാന്തരം ഇനിയും എത്ര കൂടുതലാണെന്ന ദർശനം വായനക്കാരന്റെ മുമ്പിൽ ഗൗരവത്തോടെ അവതരിപ്പിക്കട്ടെ! ഇതൊരു പ്രത്യേക ദൂതായി നാം സ്വീകരിക്കുന്നില്ലെങ്കിൽ നാം ക്രിസ്തുവിൽ ഒതുങ്ങി നിൽക്കും അഥവാ യഹോവയിൽ ഒതുങ്ങി നിൽക്കും. ഇപ്പോൾ തന്നെ ജനലക്ഷങ്ങൾ യഹോവയിൽ സ്വയം ഒതുങ്ങി യേശു പുത്രൻ മാത്രമാണെന്നും പറഞ്ഞ് അബദ്ധോപദേശങ്ങളെ പ്രചരിപ്പിക്കുന്നു. ബാക്കിയുള്ളവരിൽ നല്ലൊരു വിഭാഗം ക്രിസ്തുവിൽ മാത്രം ലയിച്ചുകൊണ്ടിരിക്കുകയാണ്. ഇനിയൊരു വിഭാഗം പരിശുദ്ധാത്മാവിൽ മാത്രം വീരഗാഥ പാടി ലയിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ ഞാൻ പറയട്ടെ ഇവ മൂന്നും മുഖാന്തരം നാം 'ത്രീയേക' ദൈവത്തിൽ നിറയണം. ത്രീയേകദൈവമാണ് യഥാർത്ഥ ദൈവം. ഈ ലേഖനത്തിന്റെ വിഷയം പരിശുദ്ധാത്മ ശാസ്ത്രം ആകയാൽ ഞാൻ തുടരട്ടെ.

**യേശുവിന്റെ ജീവിതത്തിൽ പരിശുദ്ധാത്മാവ്**

പഴയനിയമത്തിലെ പ്രമുഖവ്യക്തികളുടെ മേൽ പരിശുദ്ധാത്മാവ് വന്നതും ശക്തമായ അഭിഷേകത്തെ കൊടുത്തപ്പോൾ മഴ പെയ്യിക്കാതെയാക്കിയതും പെയ്യിപ്പിച്ചതും സ്വർഗ്ഗത്തിൽ നിന്ന് അഗ്നി ഇറക്കിച്ചതും ഒക്കെ നാം കണ്ടു. വീണ്ടും എഴുതട്ടെ പഴയനിയമവ്യവസ്ഥ അങ്ങനെയായിരുന്നു. പുതിയനിയമവ്യവസ്ഥയെ തുടർന്നുള്ള വളർച്ചയിലേക്കാണ് നാം കടന്നു വരേണ്ടത്. ഇത് കൃപയാൽ സംഭവിക്കേണ്ട കാര്യമാണ്. ''ഞാൻ ഇന്ന് നിന്നോട് ആജ്ഞാപിക്കുന്ന അവന്റെ ചട്ടങ്ങളും കല്പനകളും പ്രമാണിച്ചു നടക്കാഞ്ഞാൽ ഈ ശാപമൊക്കെയും നിനക്ക് വന്ന് ഭവിക്കും. പട്ടണത്തിൽ നീ ശപിക്കപ്പെട്ടിരിക്കും. വയലിലും ശപിക്കപ്പെട്ടിരിക്കും. നിന്റെ കുട്ടയും മാവ് കുഴക്കുന്ന തൊട്ടിയും ശപിക്കപ്പെട്ടിരിക്കും. നിന്റെ ഗർഭഫലവും കൃഷിഫലവും കന്നുകാലികളുടെ പേറും ആടുകളുടെ പിറപ്പും ശപിക്കപ്പെട്ടിരിക്കും. അകത്തുവരുമ്പോൾ നീ ശപിക്കപ്പെട്ടിരിക്കും. പുറത്തു പോകുമ്പോൾ നീ ശപിക്കപ്പെട്ടിരിക്കും. എന്നെ ഉപേക്ഷിച്ചു ചെയ്ത ദുഷ്പ്രവൃത്തികൾ നിമിത്തം നീ വേഗത്തിൽ മുടിഞ്ഞു

# Fundamental Knowledge of True Theology - Chapter :16
# PNEUMATOLOGY PART 1
# പരിശുദ്ധാത്മശാസ്ത്രം

പോകും വരെ നിന്റെ കൈ തൊടുന്ന എല്ലാറ്റിലും യഹോവ ശാപവും പരിഭ്രമവും നിന്ദയും അയയ്ക്കും. ക്ഷയരോഗം, ജ്വരം, പുകച്ചിൽ, അത്യുഷ്ണം, വരൾച്ച, വെൺകതിർ, വിഷമഞ്ഞ് എന്നിവയാൽ യഹോവ നിന്നെ ബാധിക്കും. നീ നശിക്കും വരെ അവ നിന്നെ പിന്തുടരും" (ആവ.28:15-22). ആവർത്തനപുസ്തകം 30-ാം അദ്ധ്യായത്തിലെ ചർച്ചാവിഷയമായ പാലസ്തീനിയൻ ഉടമ്പടിയോട് ബന്ധമുള്ള രചനയാണ് 28,29 അദ്ധ്യായങ്ങൾ. ഇതെല്ലാമാണ് പഴയനിയമവ്യവസ്ഥ. പുതിയനിയമവ്യവസ്ഥയിലുമുണ്ട് ഇതിനെക്കാൾ കഠിനമായവ. "കൊല ചെയ്യരുതെന്നും ആരെങ്കിലും കൊല ചെയ്താൽ ന്യായവിധിക്ക് യോഗ്യനാകുമെന്നും പൂർവ്വന്മാരോട് അരുളിചെയ്തത് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഞാനോ നിങ്ങളോട് പറയുന്നത് സഹോദരനോട് കോപിക്കുന്നവനെല്ലാം ന്യായവിധിക്ക് യോഗ്യനാകും. സഹോദരനോട് നിസ്സാരാ എന്നു പറഞ്ഞാലോ? ന്യായാധിപ സഭയുടെ മുമ്പിൽ നിൽക്കേണ്ടി വരും; മൂഢാ എന്നു പറഞ്ഞാലോ അഗ്നിനരകത്തിന് യോഗ്യനാകും" (മത്താ.5:21,22). "വ്യഭിചാരം ചെയ്യരുത് എന്ന് അരുളിച്ചെയ്തത് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഞാനോ നിങ്ങളോട് പറയുന്നത് സ്ത്രീയെ മോഹിക്കേണ്ടതിന് അവളെ നോക്കുന്നവനെല്ലാം ഹൃദയംകൊണ്ട് അവളോട് വ്യഭിചാരം ചെയ്തുപോയി. എന്നാൽ വലംകണ്ണ് നിനക്ക് ഇടർച്ച വരുത്തുന്നുവെങ്കിൽ അതിനെ ചൂഴ്ന്നെടുത്ത് എറിഞ്ഞുകളക; നിന്റെ ശരീരം മുഴുവൻ നരകത്തിൽ വീഴുന്നതിനെക്കാൾ നിന്റെ അവയവങ്ങളിൽ ഒന്ന് നശിക്കുന്നത് നിനക്ക് പ്രയോജനമത്രെ" (മത്താ.5:27-30).

ഈ കഠിനവചനങ്ങളും ക്രിസ്തു എന്ന വിധിയാളൻ കൂടിയായ ദൈവത്തിന്റേതാണ്. പഴയനിയമവ്യവസ്ഥ പിതാവിന്റേതാണ്. പുതിയനിയമവ്യവസ്ഥ പുത്രന്റേതാണ്. രണ്ടും ഒരു നാണയത്തിന്റെ ഇരുപുറങ്ങളുമാണ്. രണ്ടു പേരും ഒരാളാണ്. അപ്പോൾ പിന്നെ എന്തു ചെയ്യും? 1. മാനസാന്തരപ്പെടാൻ അനുതപിക്കണം. 2. വീണ്ടും ജനിക്കണം. 3. വിശ്വാസസ്നാനവും സ്വീകരിച്ച് വചനമനസരുച്ച് ജീവിക്കണം. 4. അങ്ങനെ അഭിഷേകം പ്രാപിക്കണം (പരിശുദ്ധാത്മാവാൽ സ്നാനം ലഭിച്ച്, പരിശുദ്ധാത്മനിറവ് യഥാർത്ഥമായി സ്വീകരിക്കപ്പടണം). അപ്പോൾ ലഭിച്ച



LOVE US
SUPPORT US
To Help us (only in india)
ഇന്ത്യയ്ക്കകത്തു നിന്നുമുള്ള സാമ്പത്തിക സഹായങ്ങൾ ഞങ്ങളുടെ ഈ അക്കൗണ്ടിലേയ്ക്ക് മാത്രം അയച്ചു തരിക

ചർച്ച് ഓഫ് ഇറ്റേണിറ്റി
A/c No: 1034 0100 205 721
ഫെഡറൽ ബാങ്ക്, തൃക്കാക്കര ബ്രാഞ്ച്,
എറണാകുളം, IFSC Code : FDRL 000 1034

Church of Eternity
A/c No: 1034 0100 205 721
Federal bank, Trikkakkara Branch
Ernakulam, IFSC Code : FDRL 000 1034




ക്രിസ്തുവിന്റെ അഭിഷേകം പുതിയ പാപപ്രലോഭനങ്ങളെ വെട്ടി നിരത്തും. അഭിഷേകത്തിന്റെ മാറ്റ് വർദ്ധിച്ചതാണെങ്കിൽ സാത്താൻ വന്ന് കുറെയധികം പ്രലോഭിപ്പിച്ചിട്ട് ഇയ്യാളെ കിട്ടുകയില്ലെന്ന് തിരിച്ചറിഞ്ഞ് പൊയ്ക്കളയും. പിന്നെയും പിന്നെയും സാത്താൻ വന്ന് ജഡമോഹങ്ങളെ തട്ടിയുണർത്താമോ എന്നു നോക്കും. നാം എപ്പോഴും ക്രിസ്തുവിന്റെ രക്താഭിഷേകത്തിലും, വചനാഭിഷേകത്തിലും, പ്രാർത്ഥനാഭിഷേകത്തിലും, സ്നേഹാഭിഷേകത്തിലും പരിശുദ്ധാത്മാഭിഷേകത്തിലുമാണെങ്കിൽ, ആരാധനയുടെയും വിശുദ്ധിയുടെയും കൂട്ടായ്മത്തത്തിലും ആണെങ്കിൽ, അകത്തുപോയാലും പുറത്തുപോയാലും പരാജയമില്ല. കോപം ഇല്ല. സ്ത്രീ പുരുഷമോഹങ്ങളില്ല, തൊഴിലില്ലായ്മയുടെ ദു:ഖങ്ങളില്ല; വൻ രോഗങ്ങളുടെ ബന്ധനങ്ങളില്ല, വന്ധ്യതയില്ല, ക്യാൻസർ, അൾഷിമേഴ്സ് - ഒന്നുമില്ല. "നീ ഒന്നാമത് എന്റെ രാജ്യവും നീതിയും തേടുക (മത്താ.6:33). "അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും എന്റെ അടുക്കൽ വരിക" (മത്താ.11:29). "ലോകാവസാനം വരെ ഞാൻ നിന്നോടൊപ്പം ഉണ്ടാകും" (മത്താ.28:20). ഇതാണ് പുതിയനിയമവ്യവസ്ഥ. ഈ വ്യവസ്ഥ പഴയനിയമത്തിലും ഉള്ളതുതന്നെയാണ്. "എന്റെ വചനം പ്രമാണിച്ചു നടന്നാൽ ദൈവമായ യഹോവ നിന്നെ ഭൂമിയിലുള്ള സകല ജാതികൾക്കും മീതെ ഉന്നതനാക്കും. നിന്റെ ദൈവമായ യഹോവയുടെ വാക്ക് കേട്ട് അനുസരിച്ചാൽ പട്ടണത്തിൽ നീ അനുഗ്രഹിക്കപ്പെടും. വയലിൽ നീ അനുഗ്രഹിക്കപ്പെടും. നിന്റെ ഗർഭഫലവും കൃഷിഫലവും മൃഗങ്ങളുടെ ഫലവും നിന്റെ കന്നുകാലികളുടെ പേറും ആടുമാടുകളുടെ പിറപ്പും അനുഗ്രഹിക്കപ്പെടും. നിന്റെ കുട്ടയും മാവു കുഴയ്ക്കുന്ന തൊട്ടിയും അനുഗ്രഹിക്കപ്പെടും. അകത്തു വരുമ്പോൾ നീ അനുഗ്രഹിക്കപ്പെടും. പുറത്തു പോകുമ്പോൾ നീ അനുഗ്രഹിക്കപ്പെടും. നിന്നോട് എതിർക്കുന്ന ശത്രുക്കളെ യഹോവ നിന്റെ മുമ്പിൽ തോൽക്കുമാറാക്കും..............യഹോവ നിന്നെ വിശുദ്ധജനമാക്കും.................നിനക്ക് സമൃദ്ധി നൽകും...........മഴ തരും.............വായ്പ കൊടുക്കും.............നിന്നെ വാൽ അല്ല തലയാക്കും........... നീ ഉയർച്ച തന്നെ പ്രാപിക്കും" (ആവ.28:2-14). പഴയനിയമ-പുതിയനിയമങ്ങൾ തമ്മിലുള്ള കാതലായ വ്യത്യാസങ്ങൾ ഏവ ? 1. ദൈവം (ക്രിസ്തുവിലൂടെ) പാപമോചനവും കൃപകളുടെ നീർച്ചാലുകളും നൽകുന്നു. 2. ദൈവം (ക്രിസ്തുവിലൂടെ) പരിശുദ്ധാത്മാവിനെ നൽകി, എല്ലാവർക്കും നൽകി, പുതിയനിയമവ്യവസ്ഥ അനുസരിച്ച്, വിശുദ്ധിയെ തികച്ച് നിത്യതയോളം നമ്മെ വഹിച്ചുകൊണ്ടുപോകുന്നു എന്നതാണ് കാതലായ വ്യത്യാസം. കൃപാസ്നേഹമാണ് ക്രിസ്തുവിന്റേതും ക്രിസ്തുവിന്റെ ആത്മാവിന്റേതും. അതിനൊത്തിരി ഉദാഹരണങ്ങൾ പോയ ലക്കങ്ങളിലും ഈ ലക്കത്തിന്റെ ആദ്യവും രേഖപ്പെടുത്തിക്കഴിഞ്ഞു. അതായത് അനുതപിച്ച് ക്രിസ്തുവിനെ കർത്താവെന്ന് സംബോധന ചെയ്ത സ്ത്രീയോട് (യോഹ.8:1-11) യേശു ഞാനും നിന്നെ വിധിക്കുന്നില്ല മേലിൽ പാപം ചെയ്യരുത്, പൊയ്ക്കോ എന്നു പറയുന്ന കൃപാസ്നേഹം. അനുതപിച്ച കള്ളനോട് നീ ഇന്ന് എന്റെകൂടെ പറുദീസയിലായിരിക്കും. എന്നു പറഞ്ഞ കരുണാമയന്റെ കൃപാസ്നേഹം. ഈ രണ്ട് കഥാപാത്രങ്ങൾക്കും ഏതൊരു കോടതിയും ക്രിസ്തുവൊഴികെയുള്ള ദൈവിക ആളത്തങ്ങളും ശിക്ഷ കൊടുക്കാനാണ് സാധ്യത. പക്ഷെ അവരുടെ ഉള്ള് ക്രിസ്തു കണ്ടു. അവരുടെ മാനസാന്തരം കൃത്യമാണെന്ന് മനസ്സിലായി. അവർക്ക് തന്നിലുള്ള വിശ്വാസവും 100% ആണെന്ന് മനസ്സിലായി. ചുരുക്കിപറഞ്ഞാൽ ആചാര-അനുഷ്ഠാനങ്ങൾക്കോ ഫരിസേയസ്വഭാവങ്ങൾക്കോ മൃഗയാഗങ്ങൾക്കോ പള്ളിദേവാലയങ്ങൾക്കോ ഒന്നിനും ദൈവരാജ്യമില്ല, പുതിയനിയമവ്യവസ്ഥയിൽ. ബഹുമദ്ധ്യസ്ഥന്മാർക്കോ കുർബ്ബാനകുമ്പസാരങ്ങൾക്കോ, റാസ്സ ഒപ്പീസുകൾക്കോ യാതൊന്നിനും പുതിയനിയമവ്യവസ്ഥയനുസരിച്ച് ദൈവരാജ്യം ഇല്ല.

**ആത്മസ്നാനം**

യോഹന്നാൻ സ്നാപകൻ ആത്മസ്നാനത്തെക്കുറിച്ച് ഇപ്രകാരം പറഞ്ഞു: ഞാൻ നിങ്ങളെ വെള്ളത്തിൽ സ്നാനം കഴിപ്പിക്കുന്നതേയുള്ളു. എന്റെ പിന്നാലെ വരുന്ന മ്ശിഹാ നിങ്ങളെ പരിശുദ്ധാത്മാവിൽ സ്നാനം കഴിപ്പിക്കും (മത്താ.3:11,

Fundamental Knowledge of True Theology - Chapter :16

# PNEUMATOLOGY PART 1

# പരിശുദ്ധാത്മശാസ്ത്രം

മർക്കോ.1:8, ലൂക്കോ.3:16). യോഹ.7:39-ൽ ഇപ്രകാരം പറയുന്നു "അവൻ ഇത് തന്നിൽ വിശ്വസിക്കുന്നവർക്ക് ലഭിപ്പാനുള്ള ആത്മാവിനെക്കുറിച്ചാകുന്നു പറഞ്ഞത്: യേശു അന്ന് തേജസ്ക്കരിക്കപ്പെട്ടിട്ടില്ലായ്കയാൽ ആത്മാവ് വന്നിട്ടില്ലായിരുന്നു''. പരിശുദ്ധാത്മാവിനെ നമുക്കായി ലോകത്തിലേക്ക് അയയ്ക്കണമായിരുന്നു യേശുവിന്. യേശു തേജസ്ക്കരിക്കപ്പെടേണ്ടതും അതിനാവശ്യമായിരുന്നു. അപ്പൊ.1:5-ലും യേശു ഇപ്രകാരം പറഞ്ഞു "നിങ്ങൾക്കോ ഇനി ഏറെ നാൾ കഴിയും മുമ്പെ പരിശുദ്ധാത്മാവുകൊണ്ട് സ്നാനം ലഭിക്കും. അപ്പൊ.2-ൽ, "പെന്തക്കോസ്ത് നാൾ വന്നപ്പോൾ എല്ലാവരും ഒരു സ്ഥലത്ത് ഒന്നിച്ചുകൂടിയിരുന്നു. പെട്ടെന്ന് കൊടിയ കാറ്റ് അടിക്കുന്നതുപോലെ ആകാശത്തുനിന്ന് ഒരു മുഴക്കം ഉണ്ടായി. അവർ ഇരുന്ന വീട് മുഴുവനും നിറച്ചു. അഗ്നി ജ്വാല പോലെ പിളർന്നിരിക്കുന്ന നാവുകൾ അവർക്ക് പ്രത്യക്ഷമായി അവരിൽ ഓരോരുത്തരുടെമേൽ പതിഞ്ഞു. എല്ലാവരും പരിശുദ്ധാത്മാവ് നിറഞ്ഞവരായി, ആത്മാവ് അവർക്ക് ഉച്ചരിപ്പാൻ നൽകിയതുപോലെ അന്യഭാഷകളിൽ സംസാരിച്ചു തുടങ്ങി" (1-4).

അഗ്നിനാവു പോലെ പിളർന്നിരിക്കുന്നനാവുകൾ ആദ്യം അവർക്ക് പ്രത്യക്ഷമാകയും അവരിൽ ഓരോരുത്തന്റെമേൽ പതിയുകയും ചെയ്തതാണ് ആത്മസ്നാനത്തിന്റെ പ്രമുഖരംഗം. അഗ്നിസ്നാനവും ഇതു തന്നെ. ആ ആത്മസ്നാനം പ്രാപിച്ചതിന്റെ പ്രതികരണമാണ് അന്യഭാഷയിൽ സംസാരിച്ചത്. ആ ആത്മസ്നാനത്തിന് കളമൊരുക്കാനാണ് കൊടിയ കാറ്റടിച്ചതും മുഴക്കമുണ്ടായതും. അന്യഭാഷയിൽ സംസാരിച്ചവരെപ്പറ്റി പുതിയനിയമത്തിൽ പല സ്ഥലങ്ങളിൽ പ്രയോഗങ്ങളുണ്ട്. യൂദാ ഒഴികെയുള്ള ശിഷ്യന്മാരും അന്യഭാഷ പറഞ്ഞുകാണും. 1 കൊരി.14-ൽ കൊരിന്ത്യസഭയിലെ വിശ്വാസികൾ അന്യഭാഷയിൽ സംസാരിച്ചതായി 2,18 വാക്യങ്ങളിൽ കാണാം. അപ്പൊ.19:6-ൽ സ്നാനം സ്വീകരിച്ചവർ അന്യഭാഷയിൽ സംസാരിക്കുകയും പ്രവചിക്കുകയും ചെയ്തു എന്നു നാം കാണുന്നു. കൊർണേലിയോസിന്റെ ഭവനത്തിൽ പത്രോസ് സുവിശേഷം പ്രസംഗിച്ചുകൊണ്ടിരുന്നപ്പോൾ കർത്താവിൽ വിശ്വസിച്ചവരുടെമേൽ പരിശുദ്ധാത്മവാവ് വരികയും അവർ അന്യഭാഷകളിൽ സംസാരിക്കുകയും ചെയ്തു (അപ്പൊ.10:44-47, 11:15,16).

അന്യഭാഷ ദൈവത്തിന്റെ കൃപാവരങ്ങളിലൊന്നാണ്. അതിനെ ലഭിച്ചവർ ഉപയോഗിക്കട്ടെ. നാം പരിഹസിക്കരുത്. ലഭിക്കാത്തവർ വ്യാജമായ അനുകരണങ്ങളിൽ അടിമയാകരുത്. അത് പരിശുദ്ധാത്മാവിനെ പരിഹസിക്കലാണ്. പരിശുദ്ധാത്മ സ്നാനം ഏറ്റവരിൽ ജ്ഞാനവരമുള്ളവർ കർത്താവിനുവേണ്ടി ഒത്തിരി പ്രയോജനപ്പെടും. ദർശനപ്രവചനവരം കിട്ടിയവരിലൂടെ സഭ ഒത്തിരി വളരും. വിശ്വാസവരവും രോഗശാന്തിവരവും വീര്യപ്രവൃത്തികളുടെ വരവും ലഭിച്ചവർക്ക് പതിനായിരങ്ങളെ ആശ്വസിപ്പിക്കുവാൻ കഴിയും. വ്യാഖ്യാനവരം ലഭിച്ചാൽ കർത്താവിനുവേണ്ടി എഴുതുവാനും വചനത്തിന്റെ നിഗൂഢതകൾ വെളിപ്പെടുത്തിക്കൊടുക്കുവാനും കഴിയും. ഭാഷാവരം ആരാധനയുടെ സ്റ്റൈലിലാണ് പലർക്കുമുള്ളത്. ഒരേ ബൈബിൾ കോളേജിൽ പഠിച്ചവരും ഒരേ ലീഡറിന്റെ കീഴിലുള്ളവരും വ്യാജമായ അനുകരണത്തിലൂടെ, അല്പം, മുമ്പ് എഴുതിതുപോലെ, ഭാഷാവരം സമ്പാദിച്ചെടുത്തവരും മാനസാന്തരപ്പെടണം. ഈ വരത്തെ പരിഹസിക്കുന്നവരും മാനസാന്തരപ്പെടണം.

### ആത്മാവിന്റെ ശക്തീകരണവും ആത്മനിറവും

ഉയരത്തിലെ ശക്തിയാണ് പരിശുദ്ധാത്മാവ്. ആ ഉയരത്തിലെ ശക്തി പാപത്തെ ജയിച്ച് ആത്മീയ പക്വതയുള്ളവരാകുവാൻ നമ്മെ സഹായിക്കും. ലോകമെങ്ങും പോയി ക്രിസ്തുവിന്റെ സാക്ഷിയാകുവാൻ വേണ്ടി നമ്മുടെ അകത്തെ മനുഷ്യനെ ശക്തീകരിക്കുക തന്നെ ചെയ്യും. എഫേ.3-ൽ ''അവൻ തന്റെ മഹത്വത്തിന്റെ ധനത്തിനൊത്തവണ്ണം അവന്റെ ആത്മാവിനാൽ നിങ്ങൾ അകത്തെ മനുഷ്യനെ സംബന്ധിച്ച് ശക്തിയോടെ ബലപ്പെടേണ്ടതിനും, വിശ്വാസത്താൽ ക്രിസ്തു നിങ്ങളുടെ ഹൃദയങ്ങളിൽ വസിക്കേണ്ടതിനും വരം നൽകേണമെന്നും നിങ്ങൾ സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ടവരായി

Fundamental Knowledge of True Theology - Chapter :16

# PNEUMATOLOGY PART 1

# പരിശുദ്ധാത്മശാസ്ത്രം

അതിന്റെ നീളവും വീതിയും ഉയരവും ആഴവും എന്ത് എന്ന് സകല വിശുദ്ധന്മാരോടുകൂടി ഗ്രഹിപ്പാനും പരിജ്ഞാനത്തെ കവിയുന്ന ക്രിസ്തുവിൻ സ്നേഹത്തെ അറിയാനും പ്രാപ്തരാവുകയും ദൈവത്തിന്റെ എല്ലാ നിറവിനോടും നിറഞ്ഞുവരികയും വേണമെന്ന് പ്രാർത്ഥിക്കുന്നു" (16-19). ആത്മാവിന്റെ ശക്തീകരണത്തിലാണ് നമുക്ക് പരിജ്ഞാനത്തെ കവിയുന്ന ക്രിസ്തുവിന്റെ സ്നേഹത്തെ ആസ്വദിക്കാൻ പറ്റുക.

ആത്മനിറവ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് പരിശുദ്ധാത്മാവിനാൽ നിന്ത്രിക്കപ്പെടുകയും നയിക്കപ്പെടുകയും ചെയ്യുന്ന അവസ്ഥയാണ്. എഫേ.5:19-ൽ ആത്മാവ് നിറഞ്ഞവരായി സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മീയഗീതങ്ങളാലും തമ്മിൽ തമ്മിൽ സംസാരിച്ചും നിങ്ങളുടെ ഹൃദയത്തിൽ കർത്താവിന് പാടിയും കീർത്തനം ചെയ്തും, നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ദൈവവും പിതാവുമായവന് എല്ലായ്പ്പോഴും എല്ലാറ്റിനും വേണ്ടിയും സ്തോത്രം ചെയ്തുകൊൾവിൻ" (എഫേ.5:19,20). ലൂക്കോ.1:41-ൽ എലിസബത്ത് പരിശുദ്ധാത്മാവ് നിറഞ്ഞവളായി എന്ന് നാം വായിക്കുന്നു. ലൂക്കോ.1:67,68,69 അവന്റെ അപ്പനായ സെഖര്യാവ് പരിശുദ്ധാത്മാവ് നിറഞ്ഞവനായി പ്രവചിച്ച് പറഞ്ഞത് "ഇസ്രയേലിന്റെ ദൈവമായ കർത്താവ് അനുഗ്രഹിക്കപ്പെട്ടവൻ. അവൻ തന്റെ ജനത്തെ സന്ദർശിച്ച് ഉദ്ധാരണം ചെയ്യുകയും ആദിമുതൽ തന്റെ വിശുദ്ധ പ്രവാചകന്മാർ മുഖാന്തരം അരുളിച്ചെയ്തതുപോലെ............"

സെഖര്യാവ് പരിശുദ്ധാത്മാവ് നിറഞ്ഞവനായി പ്രവചിച്ച് പറഞ്ഞത് നാം വായിക്കുകയായിരുന്നു. എലിസബത്തും സെഖര്യാവും പരിശുദ്ധാത്മാവ് നിറഞ്ഞവരായി പാടുകയും പ്രാർത്ഥിക്കുകയും ആരാധിക്കുകയും പ്രവചിക്കുകയുമൊക്കെയാണ് ചെയ്തത്.

**ആത്മാഭിഷേകം:**

ആത്മാഭിഷേകം എന്ന വാക്കുകൊണ്ടുദ്ദേശിക്കുന്നത് ശുശ്രൂഷയ്ക്കുവേണ്ടിയുള്ള ദൈവീകമായ വേർതിരിയലാണ്. സ്വർഗ്ഗീയ കാര്യങ്ങൾ ഭൂമിയിൽ ചെയ്യുവാനായി നമ്മെ നിയോഗിച്ച് വേർതിരിക്കുന്നതാണ് അഭിഷേകം എന്ന് പറയുന്നതുകൊണ്ടുദ്ദേശിക്കുന്ന ഒരു കാര്യം, രണ്ടാമത്തെ കാര്യം പരിശുദ്ധാത്മാവ് നിറഞ്ഞുകവിയുമ്പോൾ ഉണ്ടാകുന്ന ക്രിസ്ത്വാനുഭവത്തിന്റെ ഒരു ഊഷ്മളത ശരീരത്തിലും മനസ്സിലും, ഒരു കുളിർ കോരിയിടുന്ന അനുഭവത്തെ ഉണ്ടാക്കും. ഇത് ശരീരത്തിലെ കുളിർമയെന്നല്ല, അകത്തുണ്ടാകുന്ന അനുഭവത്തിന്റെ ബാഹ്യാനുഭവം എന്നതാണ്. വിളിക്കപ്പെടുന്ന എല്ലാവരുടെമേലും


**വിദേശത്തുനിന്നും ആത്മാഭിഷേകം പ്രോഗ്രാമുകളെ സഹായിക്കുവാൻ ആഗ്രഹിക്കുന്നവർ ദയവായി താഴെ എഴുതിയ കാര്യങ്ങൾ ശ്രദ്ധിക്കണമെ**

വിദേശകറൻസി ആയിട്ടു മാത്രം സഹായം സ്വീകരിക്കാവുന്ന FCRA അക്കൗണ്ട് (ഇന്ത്യൻ കറൻസിയൊ കൺവർട്ട് ചെയ്ത ഇന്ത്യൻ മണിയൊ അയയ്ക്കാൻ പാടില്ല)

| | | |
|---|---|---|
| Account name | : | Church of Eternity |
| Account No. | : | 5020 0000 967756 |
| Bank Name | : | HDFC |
| Branch | : | Vazhakala, Ernakulam, Kerala, S.India |
| IFSC Code | : | HDFC 000 1508 |
| SWIFT Code | : | HDFC INBB |
| FCRA No. | : | 052 850 563 (Current Account) |

ട്രസ്റ്റുകളുടെ പേരിൽ സഹായം അയയ്ക്കുവാൻ അനുവാദമില്ലാത്ത രാജ്യങ്ങളിൽ നിന്നും ഇന്ത്യൻ മണിയിലേക്ക് കൺവർട്ട് ചെയ്ത് ഈ അക്കൗണ്ടിലേക്ക് അയയ്ക്കാവുന്നതാണ്.

| | | |
|---|---|---|
| Account name | : | Devasia M.V |
| Account No. | : | 10340100190147 |
| Bank Name | : | Federal Bank |
| Branch | : | Thrikkakara, Ernakulam, kerala, S.India |
| IFSC Code | : | FDRL 0001034 |
| SWIFT Code | : | FDRLINBBIBD |

# Fundamental Knowledge of True Theology - Chapter :16

# PNEUMATOLOGY PART 1

# പരിശുദ്ധാത്മശാസ്ത്രം

ആത്മാവുണ്ടെങ്കിലും പകരപ്പെടുന്ന അഭിഷേകത്തിന്റെ തോത് വ്യത്യസ്തമായിരിക്കും. 1 യോഹ.2:20,27 വചനങ്ങളിൽ കർത്താവ് എഴുതിപ്പിച്ചത് വായിക്കാം.''നിങ്ങളോ പരിശുദ്ധാത്മാവാൽ അഭിഷേകം പ്രാപിച്ച് സകലവും അറിയുന്നു..........അവനാൽ പ്രാപിച്ച അഭിഷേകം നിങ്ങളിൽ വസിക്കുന്നു. ആരും നിങ്ങളെ ഉപദേശിപ്പാൻ ആവശ്യമില്ല. അവന്റെ അഭിഷേകം തന്നെ നിങ്ങൾക്ക് സകലവും ഉപദേശിച്ചുതരികയാലും, അത് ഭോഷ്കല്ല, സത്യം തന്നെ ആയിരിക്കയാലും അത് നിങ്ങളെ ഉപദേശിച്ചതുപോലെ നിങ്ങൾ അവനിൽ വസിപ്പിൻ".

1. യേശുവിനാലാണ് അഭിഷേകം പ്രാപിക്കുക.
2. ആ അഭിഷേകം നമ്മിൽ വസിക്കുന്നുണ്ട്, എങ്കിൽ (പാപ - ലോക സാത്താന്യ ബന്ധനങ്ങളിൽ നാം കുടുങ്ങി, സ്വന്തവാളാൽ സ്വയം വെട്ടി മരിക്കാതിരുന്നാൽ മതി) നമ്മൾ മറ്റുള്ളവരെ ഉപദേശിക്കുകയേയുള്ളു, നമ്മളെ ആരും ഉപദേശിക്കേണ്ടി വരികയില്ല, ആത്മീയ കാര്യങ്ങളിൽ.
3. അവന്റെ അഭിഷേകം നമ്മെ ഉപദേശിച്ച് തരുമെന്ന് പറഞ്ഞാൽ ബൈബിൾ സത്യങ്ങളെ പരിശുദ്ധാത്മാവ് തക്കസമയത്ത് നമുക്ക് തോന്നിക്കുക തന്നെ ചെയ്യും.
4. ആ ഉപദേശമനുസരിച്ച് നാം ജീവിക്കുകയും ശുശ്രൂഷ ചെയ്യുകയും വേണം.

**പരിശുദ്ധാത്മാവ് നമുക്ക് വെളിപാടുകൾ നൽകും പ്രാർത്ഥനയിലും വളർത്തും**

എഫേ.1:8-ൽ "അവൻ നമുക്ക് ധാരാളമായി കാണിച്ച കൃപാധനപ്രകാരം സകലജ്ഞാനവും വിവേകവുമായി നൽകിയിരിക്കുന്നു''. അതെ സകല ജ്ഞാനവും പരിശുദ്ധാത്മാവ് നമുക്ക് പറഞ്ഞു തരും. പരിശുദ്ധാത്മാവ് ജ്ഞാനം തരുമ്പോൾ മാത്രമാണ് വെളിപാടുകൾ കിട്ടുക. എഫേ.1:17-ൽ "നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും മഹത്വമുള്ള പിതാവുമായവൻ നിങ്ങൾക്ക് തന്നെക്കുറിച്ചുള്ള പരിജ്ഞാനത്തിൽ ജ്ഞാനത്തിന്റെയും വെളിപാടിന്റെയും ആത്മാവിനെ പകരേണ്ടതിന് നിങ്ങളുടെ ഹൃദയദൃഷ്ടി പ്രകാശിപ്പിച്ചിട്ട്, അവന്റെ വിളിയാലുള്ള ആശ ഇന്നതെന്നും വിശുദ്ധന്മാരിൽ അവന്റെ അവകാശത്തിന്റെ മഹിമാധനം ഇന്നതെന്നും അവന്റെ ബലത്തിൻ വല്ലഭത്വത്തിന്റെ വ്യാപാരത്താൽ, വിശ്വസിക്കുന്ന നമുക്കുവേണ്ടി വ്യാപരിക്കുന്ന അവന്റെ ശക്തിയുടെ അളവറ്റ വലിപ്പം ഇന്നതെന്നും നിങ്ങളറിയേണ്ടതിനും പ്രാർത്ഥിക്കുന്നു".

ജ്ഞാനത്തിന്റെയും പരിജ്ഞാനത്തിന്റെയും ആത്മാവിനെ തരേണ്ടതിനും, ഹൃദയദൃഷ്ടി പ്രകാശിപ്പിക്കുന്നതിനും, അവന്റെ വിളിയാലുള്ള ആശ ഇന്നതെന്നറിയുന്നതിനും, വിശുദ്ധന്മാരിൽ അവകാശത്തിന്റെ



മഹിമാധനം അറിയുവാനും, അവന്റെ ശക്തിയുടെ അളവറ്റ വലിപ്പം ഇന്നതെന്നും അറിയേണ്ടതിനും നാം പ്രാർത്ഥിക്കണം. 1 കൊരി.2:10-13 വരെ "നമുക്കോ ദൈവം തന്റെ ആത്മാവിനാൽ വെളിപ്പെടുത്തിയിരിക്കുന്നു. ആത്മാവ് സകലത്തെയും ദൈവത്തിന്റെ ആഴങ്ങളെയും ആരായുന്നു. മനുഷ്യനിലുള്ളത് അവന്റെ മനുഷ്യാത്മാവല്ലാതെ മനുഷ്യരിൽ ആരറിയും? അവ്വണ്ണംതന്നെ ദൈവത്തിലുള്ളത് ദൈവാത്മാവല്ലാതെ ആരും ഗ്രഹിച്ചിട്ടില്ല. നാമോ, ലോകത്തിന്റെ ആത്മാവിനെയല്ല, ദൈവം നമുക്ക് നൽകിയത് അറിവാനായി ദൈവത്തിൽനിന്നുള്ള ആത്മാവിനെയത്രെ പ്രാപിച്ചത്. അത് ഞങ്ങൾ മനുഷ്യജ്ഞാനം ഉപദേശിക്കുന്ന വചനങ്ങളാലല്ല, ആത്മാവ് ഉപദേശിക്കുന്ന വചനങ്ങളാൽ തന്നെ പ്രസ്താവിച്ചുകൊണ്ട് ആത്മീകന്മാർക്ക് ആത്മീകമായത് തെളിയിക്കുന്നു." ലോകത്തിന് ഒരിക്കവും ദൈവം നമുക്കുവേണ്ടി ഒരുക്കിയ തേജസ്സിന്റെ കർത്താവിനെ അറിയില്ല. അറിയുമായിരുന്നുവെങ്കിൽ തേജസ്സിന്റെ കർത്താവിനെ ക്രൂശിക്കയില്ലായിരുന്നു. നമുക്കാണെങ്കിൽ, ദൈവത്തിന്റെ ആത്മാവിനാൽ എല്ലാം വെളിപ്പെടുത്തിത്തരും.

ദൈവത്തെക്കുറിച്ചുള്ള വെളിപ്പാടുകൾ കൂടാതെ, സഭയെക്കുറിച്ചുള്ള ദർശനങ്ങളും പരിശുദ്ധാത്മാവ് നൽകും. കുടുംബബന്ധങ്ങളെക്കുറിച്ചും വ്യക്തികളെക്കുറിച്ചും ഭാവിയെപ്പറ്റിയുമുള്ള എല്ലാ വെളിപ്പാടുകളും കർത്താവിന്റെ ആത്മാവ് അഭിഷിക്തർക്ക് നൽകും. പാപത്തെക്കുറിച്ചെല്ലാം, വെളിപ്പെടുത്തുന്നതിനാൽ, മാനസാന്തരപ്പെടുവാൻ നല്ല എളുപ്പമാണ്. വീണ്ടുംജനിക്കുവാൻ ഏറ്റവും ഉപകാരമാണ് പരിശുദ്ധാത്മാവിന്റെ വെളിപ്പാടുകൾ ലഭിക്കുന്നത്.

**ആത്മാക്കളെ നേടുവാൻ പരിശുദ്ധാത്മാവ് സഹായിക്കുന്നു**

അപ്പൊ.8:29-ൽ ആത്മാവ് ഫീലിപ്പോസിനോട്: "നീ അടുത്തുചെന്ന് തേരിനോട് ചേർന്ന് നടക്ക എന്നു പറഞ്ഞു." ഫീലിപ്പോസ് ആത്മാവിനെ അനുസരിച്ച് തേരിനോട് ചേർന്ന് നടന്ന്, ദൈവവചനം അവന് വ്യാഖ്യാനിച്ചു കൊടുത്തത് കാരണം ഷണ്ഡൻ സ്നാനം എടുക്കുകയും രക്ഷ പ്രാപിക്കുകയും ചെയ്തു. അതുപോലെ തന്നെ ആദ്യത്തെ മിഷണറി യാത്രയിലേക്ക് പൗലോസിനെയും ബർണബ്ബാസിനെയും പറഞ്ഞുവിട്ടതും പരിശുദ്ധാത്മാവ് ആണ്. അപ്പൊ.13-ൽ 4 മുതലുള്ള വാക്യങ്ങളിൽ "പരിശുദ്ധാത്മാവ് അവരെ പറഞ്ഞയച്ചിട്ട്, അവർ സെലൂക്യയിലേക്ക് ചെന്നു. അവിടെനിന്ന് കപ്പൽ കയറി സൈപ്രസ്ദ്വീപിലേക്ക് പോയി. സലമീസിൽ ചെന്ന് യഹൂദന്മാരുടെ പള്ളിയിൽ ദൈവവചനം അറിയിച്ചു. യോഹന്നാൻ അവർക്ക് ഭൃത്യനായിട്ടുണ്ടായിരുന്നു. അവർ ദ്വീപിൽകൂടി പാഫോസ് വരെ ചെന്നപ്പോൾ" എന്നു നാം വായിച്ചറിയുന്നു. പരിശുദ്ധാത്മാവ് സഹായിക്കാതെ ആത്മാക്കളെ നേടുവാൻ കഴിയുകയില്ല; സ്വന്തം ബുദ്ധികൊണ്ടും കഴിവുകൊണ്ടും നേടുവാൻ ശ്രമിക്കുന്ന പലരും, പിന്മാററത്തിലും, ബന്ധനത്തിലും ആയിപ്പോകും.

**യേശുവിന്റെ ജീവിതത്തിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം.**

യേശു ദൈവമാണെങ്കിലും ശരീരം സ്വീകരിച്ച് ഈ ഭൂമിയിൽ $33^{1}/2$ വർഷം ജീവിച്ചുവല്ലോ. അപ്പോൾ പരിശുദ്ധാത്മാവ് പ്രവർത്തിച്ചാലല്ലേ, അത്ഭുതങ്ങൾ പ്രവർത്തിക്കുവാനും അടയാളങ്ങൾ കാണിക്കുവാനും കഴിയൂ. ജനനവും സ്ത്രീപുരുഷബന്ധത്തിലൂടെ അല്ലല്ലോ. അപ്പോഴും പരിശുദ്ധാത്മാവ് പ്രവർത്തിക്കണമല്ലോ. മരണത്തിനും ഉത്ഥാനത്തിനുമൊക്കെ പരിശുദ്ധാത്മാവ് സഹായിക്കേണ്ടതുണ്ട്. ലൂക്കോ.1-ൽ 28 മുതൽ 35 വരെയുള്ള വചനങ്ങൾ കുറിയ്ക്കാം. "ദൂതൻ അവളുടെ അടുക്കൽ അകത്തു ചെന്നു. കൃപലഭിച്ചവളേ, നിനക്കു വന്ദനം. കർത്താവ് നിന്നോടുകൂടെ ഉണ്ട് എന്നു പറഞ്ഞു. അവൾ ആ വാക്ക് കേട്ട് ഭ്രമിച്ചു: ഇത് എന്തൊരു വന്ദനം എന്നു വിചാരിച്ചു. ദൂതൻ അവളോട്: മറിയമേ ഭയപ്പെടേണ്ട. നിനക്ക് ദൈവത്തിന്റെ കൃപ ലഭിച്ചു. നീ ഗർഭം ധരിച്ച് ഒരു മകനെ പ്രസവിക്കും. അവന് യേശു എന്ന് പേർ വിളിക്കണം. അവൻ വലിയവനാകും. അത്യുന്നതന്റെ പുത്രൻ എന്ന് വിളിക്കപ്പെടും. കർത്താവായ ദൈവം അവന്റെ പിതാവായ ദാവീദിന്റെ സിംഹാസനം അവന് കൊടുക്കും. അവൻ യാക്കോബ് ഗൃഹത്തിന് എന്നേയ്ക്കും രാജാവായിരിക്കും; അവന്റെ രാജ്യത്തിന് അവസാനം ഉണ്ടാവുകയില്ല. മറിയ ദൂതനോട്: ഞാൻ പുരുഷനെ അറിയായ്കയാൽ ഇത് എങ്ങനെ സംഭവിക്കും എന്ന് പറഞ്ഞു." ദൈവശക്തിയുടെ നിർവ്വചിക്കാനാവാത്ത വ്യാപാരം മറിയത്തിൽ നടന്നു. അവൾ പരിശുദ്ധാത്മാവാൽ ദൈവീകമായി ഗർഭം ധരിച്ചു, യേശു ജനിക്കുകയായിരുന്നു. അബ്രഹാം മുതൽ യേശു വരെയുള്ള തലമുറകളെ തിരുവചനത്തിൽ രേഖപ്പെടുത്തുമ്പോൾ 39 തലമുറകളെ 'ജനിപ്പിച്ചു' എന്ന് എഴുതുമ്പോൾ യേശു 'ജനിക്കുകയായിരുന്നു' എന്നാണെഴുതിയത്. "അവളിൽ നിന്ന് ക്രിസ്തു എന്നു പേരുള്ള യേശു ജനിച്ചു" എന്ന് (മത്താ.1:16) ബൈബിൾ പറയുന്നു.

**യേശുവിന്റെ സ്നാനം**

യേശുവിന്റെ ശുശ്രൂഷ ആരംഭിക്കുന്നത് ജലസ്നാനത്തോടുകൂടിയാണ്. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും ത്രീയേകദൈവ സംഗമം അവിടെ

നടക്കുകയുണ്ടായി. മത്താ.3:15-17-ലും മർക്കോ.1:9-11-ലും ലൂക്കോ.3:21,22-ലും ഈ വർണ്ണന നമുക്ക് കാണാം. യോഹന്നാൻ സ്നാപകനോട് ദൈവം പറഞ്ഞ അടയാളവും ആരുടെമേൽ ആത്മാവിറങ്ങുന്നതും വസിക്കുന്നതും നീ കാണുന്നുവോ അവൻ തന്നെ പരിശുദ്ധാത്മാവിൽ സ്നാനം കഴിപ്പിക്കുന്നവൻ (യോഹ.1:33,34). യേശു ജോർദ്ദാൻ വിട്ട് മടങ്ങുമ്പോൾ പരിശുദ്ധാത്മാവ് നിറഞ്ഞവനായി കാണപ്പെട്ടു. (ലൂക്കോ.4:1) യേശുവിന്റെ ശുശ്രൂഷയിലെല്ലാം പരിശുദ്ധാത്മാവിന്റെ നിറവും കവിഞ്ഞൊഴുക്കും കാണാം.

**യേശു ഭൂതങ്ങളെ പുറത്താക്കിയതും രോഗികളെ സുഖപ്പെടുത്തിയതും ദൈവാത്മാവിനാലായിരുന്നു**

മത്താ.12:28-ൽ "ദൈവാത്മാവിനാൽ ഞാൻ ഭൂതങ്ങളെ പുറത്താക്കുന്നുവെങ്കിലോ ദൈവരാജ്യം നിങ്ങളുടെയടുക്കൽ വന്നെത്തിയിരിക്കുന്നു.'' യേശു ദുരാത്മാക്കളെ പുറത്താക്കിയതും രോഗികളെ സുഖപ്പെടുത്തിയതുമെല്ലാം ദൈവാത്മാവിനാലായിരുന്നു. യെശ.42:1-7 വരെയുള്ള വചനങ്ങളിൽ "ഇതാ ഞാൻ താങ്ങുന്ന എന്റെ ദാസൻ. എന്റെ ഉള്ളം പ്രസാദിക്കുന്ന എന്റെ വൃതൻ. ഞാൻ എന്റെ ആത്മാവിനെ അവന്റെമേൽ വെച്ചിരിക്കുന്നു. അവൻ ജാതികളോട് ന്യായം പ്രസ്താവിക്കും. അവൻ നിലവിളിക്കുകയില്ല. ഒച്ചയുണ്ടാക്കുകയില്ല. തെരുവീഥിയിൽ തന്റെ ശബ്ദം കേൾപ്പിക്കയുമില്ല. അവൻ സത്യത്തോടെ ന്യായം പ്രസ്താവിക്കും. ഭൂമിയിൽ ന്യായം സ്ഥാപിക്കുംവരെ അവൻ തളരുകയില്ല.'' യെശ.61:1,2,3 - ''എളിയവരോട് സദ്വർത്തമാനം ഘോഷിപ്പാൻ യഹോവ എന്നെ അഭിഷേകം ചെയ്തിരിക്കകൊണ്ട് യഹോവയായ കർത്താവിന്റെ ആത്മാവ് എന്റെ മേലിരിക്കുന്നു. ഹൃദയം തകർന്നവരെ മുറികെട്ടുവാനും തടവുകാർക്ക് വിടുതലും ബദ്ധന്മാർക്ക് സ്വാതന്ത്ര്യവും അറിയിപ്പാനും യഹോവയുടെ പ്രസാദവർഷവും നമ്മുടെ ദൈവത്തിന്റെ പ്രതികാരദിവസവും പ്രസിദ്ധമാക്കുവാനും ദു:ഖിതന്മാരെയൊക്കെയും ആശ്വസിപ്പാനും സീയോനിലെ ദു:ഖിതന്മാർക്ക് വെണ്ണീറിനു പകരം അലങ്കാരമാലയും ദു:ഖത്തിനു പകരം ആനന്ദതൈലവും വിഷണ്ഡമനസ്സിനുപകരം സ്തുതി എന്ന മേലാടയും കൊടുപ്പാനും അവൻ എന്നെഅയച്ചിരിക്കുന്നു.'' ഈ തിരുവെഴുത്തുകളിൽ നാം കാണുന്നത് പ്രവചനങ്ങളായിത്തന്നെ യേശുവിന് ദൈവത്താൽ നിയോഗം ലഭിച്ചിരുന്നു എന്നാണ്. പരിശുദ്ധാത്മാവിനെക്കുറിച്ചും യേശു വളരെ കാര്യങ്ങൾ പഠിപ്പിക്കുകയുണ്ടായി.

യേശുവിനെക്കുറിച്ച് പറയുമ്പോൾ, അവൻ മനുഷ്യനായിരുന്നതുകൊണ്ട് പരിശുദ്ധാത്മാവിന്റെ ശക്തിയും



# PNEUMATOLOGY
# പരിശുദ്ധാത്മശാസ്ത്രം
## PART 1

അഭിഷേകവും ആവശ്യമായിരുന്നു, എന്നതുപോലെ, അവൻ ദൈവമായതുകൊണ്ട് പരിശുദ്ധാത്മാവിനാൽ നമ്മെ സ്നാനപ്പെടുത്തുകയും ചെയ്യുന്നു (യോഹ.1:33, മത്താ.3:11). ഒരേ സമത്ത് യേശു ആത്മദാതാവും ആണ്, ആത്മാവുമാണ്. ലൂക്കോ.11:13 ആണ് യേശുവിന്റെ പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള ഒരു പ്രബോധനം. "അങ്ങനെ ദോഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾക്ക് നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നുവെങ്കിൽ സ്വർഗ്ഗസ്ഥനായ പിതാവ് തന്നോട് യാചിക്കുന്നവർക്ക് പരിശുദ്ധാത്മാവിനെ എത്രയധികം കൊടുക്കും?"

**രണ്ടാമത്തെ പ്രധാന പ്രബോധനം** "മനുഷ്യരോട് സകല പാപങ്ങളും അവർ ദുഷിച്ചു പറയുന്ന സകല ദൂഷണവും ക്ഷമിക്കും; പരിശുദ്ധാത്മാവിന്റെ നേരെ ദൂഷണം പറയുന്നവനോ ഒരു നാളും ക്ഷമ കിട്ടാതെ നിത്യശിക്ഷക്ക് യോഗ്യനാകും."

**മൂന്നാമത്തെ പ്രധാന പ്രബോധനം** തന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്ന് ജീവജലത്തിന്റെ നദികൾ ഒഴുകുമെന്ന് (യോഹ.7:37).

**നാലാമത്തെ പ്രധാന പ്രബോധനം** പരിശുദ്ധാത്മാവ് വന്ന് പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തിന് ബോധ്യം വരുത്തും (യോഹ.16:8).

**അഞ്ചാമത്തെ പ്രബോധനം**

ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കരുത്, അവനാനല്ലോ നിങ്ങൾക്ക് വീണ്ടെടുപ്പു നാളിനായി മുദ്രയിട്ടിരിക്കുന്നത് (എഫേ:4:30)

**ആറാമത്തെ പ്രബോധനം**

ഞാൻ നിങ്ങളോട് സംസാരിച്ച വചനങ്ങൾ ആത്മാവും ജീവനുമാണെന്ന് (യോഹ : 6 : 63)

**ഏഴാമത്തെ പ്രബോധനം**

ശിഷ്യ ഗണത്തിന്മേൽ പരിശുദ്ധാത്മാവ് വരുമ്പോൾ അവർക്ക് ശക്തി ലഭിച്ചിട്ട് അവർ യെരുശലേമിലും യഹൂദ്യയിലും ശമര്യയിലും ഭൂമിയുടെ അറ്റത്തോളം എന്റെ സാക്ഷികളാകും (അപ്പൊ.1:8).

(തുടരും)




## 1700 വർഷം പഴക്കമുള്ള ഹീബ്രുബൈബിൾ ഗവേഷകർ വായനായോഗ്യമാക്കി

കെന്റക്കി: 40 വർഷം മുമ്പ് കണ്ടെത്തിയ, അഗ്നിയെ അതിജീവിച്ച പുരാതന ഹീബ്രുബൈബിൾ ശാസ്ത്രജ്ഞർ ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ സഹായത്താൽ വായനായോഗ്യമാക്കിയത് അത്ഭുതമുളവാക്കുന്നു.

ഇസ്രായേലിൽ ചാവുകടലിനു സമീപമുള്ള, ബൈബിളിൽ പരാമർശിക്കപ്പെട്ടിട്ടുള്ള ചരിത്രസ്ഥലമായ എൻ ഗെദിയിൽ നിന്നും 1970–ൽ പുരാവസ്തുഗവേഷകർ കണ്ടെടുത്ത ഹീബ്രുബൈബിളിന്റെ ചുരുളാണ് നീണ്ട 40 വർഷത്തെ കഠിനാദ്ധ്വാനത്തിന്റെ ഫലമായി കംപ്യൂട്ടർ ശാസ്ത്രജ്ഞർ വായിച്ചെടുക്കാൻ പറ്റുന്ന അവസ്ഥയിലാക്കിയത്.

അമേരിക്കയിലെ കെൻക്കി സർവ്വകലാശാലയിലെ ഒരുകൂട്ടം കംപ്യൂട്ടർ ശാസ്ത്രജ്ഞരാണ് ആധുനിക എക്സ്റേ ബേസ്സ് മൈക്രോ സി.റ്റി സ്കാനിംഗിലൂടെ ഇത് വായിച്ചെടുത്തത്. ഇത് ലേവ്യാ പുസ്തകത്തിന്റെ പകർപ്പാണെന്ന് പഠനത്തിന് നേതൃത്വം നൽകിയ പ്രൊഫസർ ബ്രന്റ് സീലസ് പറഞ്ഞു. ഈ ചുരുൾ A.D 600–ൽ ആരോ തീവച്ചു നശിപ്പിക്കാൻ ശ്രമിച്ചതായിരുന്നു. എൻ ഗെദി എന്നത് യഹൂദന്മാരുടെ വാസസ്ഥലമായിരുന്നു. ഈ ബൈബിളിൻ കാലപ്പഴക്കം 1700 വർഷമാണെന്ന് ഗവേഷകർ കണ്ടെത്തി.

കടപ്പാട് : Disciples news

## STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT MONTHLYMAGAZINE ATHMABHISHEKAM

1. Place of Publication : Kamballur
2. Periodicity of the Publication : Monthly
3. Printer's Name : Devasia Mullakkara
   Whether Citizen of India : Indian
   (If foreigner,
   State Country of origin) : NA
   Address : Kamballur P.O.,
   Cherupuzha 670511
4. Publisher's Name : Devasia Mullakkara
   Whether Citizen of India : Indian
   (If foreigner,
   State Country of origin) : NA
   Address : Kamballur P.O
   Cherupuzha 670511
5. Editor's Name : Devasia Mullakkara
   Whether Citizen of India : Indian
   (If foreigner,
   State Country of origin) : NA
   Address : Kamballur P.O.,
   Cherupuzha
   670511

I Devasia Mullakkara hereby declare that the particulars given above are true to the best of my knowledge and belief.

Sd/
Devasia Mullakkara

# ആത്മാഭിഷേകം ടീമിന്റെ ശുശ്രൂഷകൾ

| | |
|---|---|
| **ഒക്ടോബർ 17-22** | **ഏറ്റുമാനൂർ** സോണൽ കൺവെൻഷൻ. വ്യാപാരഭവൻ. പേരൂർ കവലക്ക് സമീപം Ph:9947260420 10 am-3 pm |
| **ഒക്ടോബർ 24-27** | **അടിമാലി**. സോണൽ കൺവൻഷൻ. വിക്ടറി ഓഡിറ്റോറിയം Ph:9495876219, 9744741907 10 am-2 pm, 6 pm-9 pm |
| **ഒക്ടോബർ 28** | **പാലക്കാട്**. ഏകദിന കൺവെൻഷൻ. തൃപ്തി ഹാൾ. ജില്ലാ മുനിസിപ്പാലിറ്റിക്ക് സമീപം. Ph:9447695624, 9446707624 10 am-3 pm |
| **ഒക്ടോബർ 29,30,31** | **മുംബൈ,**ഭവനസന്ദർശനവും കൺവെൻഷനും |
| **നവംബർ 20** | കൺവെൻഷൻ. കോഴിക്കോട് വ്യാപാരഭവൻ. കുരിശുപള്ളിക്ക് സമീപം. ബാങ്ക്റോഡ്. Ph:9961854203. 10 am-3 pm |

എല്ലാ രണ്ടാം ശനിയാഴ്ചകളിലും **തിരുവല്ല** കൺവെൻഷൻ. ആത്മാഭിഷേകം ന്യൂ ചർച്ച് ഹാൾ മഞ്ഞാടി. Ph:9446745148

എല്ലാ രണ്ടാംശനിയും കഴിഞ്ഞുവരുന്ന ഞായറാഴ്ചകളിൽ **തിരുവനന്തപുരം,** പാറശ്ശാല കൺവെൻഷൻ Ph:9744569559, 9446718242

എല്ലാ മൂന്നാം ഞായറാഴ്ചകളിലും **കോഴിക്കോട്** കൺവെൻഷൻ, വ്യാപാരഭവൻ (കുരിശുപള്ളിക്ക് സമീപം) Ph:9961854203



ATHMABHISHEKAM MONTHLY
2016 OCTOBER
RNI NO. KER - MAL/2003/12060 - KL/KNR/41/2016-18

Rs.20.00

Licence to post without pre payment
NO.KL/PMG/NR/WPP/1-2/KNR/2016-2018
Published on 17th OCTOBER 2016



**Pr. Deepu, servant of God at Church of Eternity Ernakulam is migrating to Australia during the month of December.**

**Church of Eternity wishes you all the very best in your future endeavours for glorifying the Kingdom of God.**

**The newly appointed ministers of Church of Eternity foreign fellowship Pr.Praveen and Providence in Dallas, Texas, USA.**



Printed, Edited and Published by Sri. Devasia Mullakara, On behalf of Athmabhishekam.
Printed at Geethanjali Prints Kozhikode and Published from Kamballur, Cherupuzha (via) Pin - 670 511, Kasaragod (Dt).